# കളിപ്പാട്ടം

**അനുബന്ധം**

---

## കളിത്തോണി (4+)

പ്രവർത്തന കാർഡുകളുടെ വിനിമയസഹായി

---

കേരളസർക്കാർ

വിദ്യാഭ്യാസവകുപ്പ്

*തയാറാക്കിയത്*

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി** (SCERT)

വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

Phone: 0471 - 2341883, 2340323, e-mail: scertkerala@gmail.com

*Prepared by:*
State Council of Educational Research & Training (SCERT)
Poojappura, Thiruvananthapuram -12, Kerala. E-mail:scertkerala@gmail.com

*Type setting by:*
SCERT Computer Lab.

©
Government of Kerala
Education Department
2018

## അധ്യാപകരോട്

കളികളിലൂടെയും മൂർത്തവും പരിചിതവുമായ വസ്തുക്കളെയും സംഭവങ്ങളെയും അടിസ്ഥാനമാക്കി ലഭിക്കുന്ന അനുഭവങ്ങളിലൂടെയും ശേഷികളും മൂല്യങ്ങളും വികസിപ്പിക്കുന്നതിനാണ് പ്രീസ്കൂളിൽ ഊന്നൽ നൽകേണ്ടത്.

കുട്ടികളിലെ വ്യക്തിവ്യത്യാസം, സാമൂഹിക സംസ്കാരിക ചുറ്റുപാടുകളിലെ അന്തരം, സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ടാണ് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി പ്രീസ്കൂൾ പാഠ്യപദ്ധതിയും പ്രീസ്കൂൾ അധ്യാപകസഹായി 'കളിപ്പാട്ട'വും തയ്യാറാക്കിയിട്ടുള്ളത്.

ശാരീരിക ചാലകവികാസം, ഭാഷാവികാസം, വൈജ്ഞാനികവികാസം, സാമൂഹിക വൈകാരികവികാസം, സർഗാത്മക-സൗന്ദര്യാത്മകവികാസം തുടങ്ങിയ അഞ്ച് വികാസമേഖലകളിലായി 86 ശേഷികൾ നാലുവയസ്സു കഴിയുമ്പോഴേക്കും കുട്ടി നേടിയിരിക്കണം എന്ന ലക്ഷ്യത്തോടെയാണ് പ്രീസ്കൂൾ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. ശേഷികൾ വളർത്തുന്നതിനായി കുട്ടിയുടെ പരിചിത പരിസരവുമായി ബന്ധപ്പെട്ട 30 തീമുകളെ അടിസ്ഥാനമാക്കി പ്രവർത്തനാനുഭവങ്ങൾ അധ്യാപിക ഒരുക്കേണ്ടതുണ്ട്. ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുള്ള സഹായകസാമഗ്രിയായിട്ടാണ് 'കളിപ്പാട്ടം' എന്ന പ്രീസ്കൂൾ അധ്യാപകസഹായി തയ്യാറാക്കിയിട്ടുള്ളത്.

പ്രീസ്കൂൾ പാഠ്യപദ്ധതിയുടെയും അധ്യാപകസഹായി 'കളിപ്പാട്ട'ത്തിന്റെയും അടിസ്ഥാനത്തിൽ പ്രീസ്കൂൾ കുട്ടികൾക്കായി ($3^+$, $4^+$) തയാറാക്കിയിട്ടുള്ളതാണ് 'കളിത്തോണി' എന്ന പേരിലുള്ള പ്രവർത്തനകാർഡുകൾ. ക്ലാസ്മുറിയിൽ ഈ കാർഡുകൾ വിനിമയം ചെയ്യുന്നതിനുള്ള സഹായക സാമിഗ്രിയാണ് ഈ കൈപുസ്തകം. സ്വയം പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രവർത്തനകാർഡുകൾ വികസിപ്പിക്കുന്നതിനും അധ്യാപികയ്ക്ക് സ്വാതന്ത്ര്യമുണ്ട്. ഈ കൈപുസ്തകം ഫലപ്രദമായി പ്രയോജനപ്പെടുത്തുമല്ലോ.

ആശംസകളോടെ,

**ഡോ.ജെ.പ്രസാദ്**
ഡയറക്ടർ

# കളിത്തോണി
# (വർക്ക്ഷീറ്റ്) ഉപയോഗിക്കുമ്പോൾ

തീമുകളിലെ ആശയങ്ങളുടെ വിനിമയത്തിന്റെ പ്രാരംഭമായോ, കുട്ടിയുടെ ചിന്താശേഷി, സർഗാത്മകത എന്നിവയെ ഉണർത്തുന്നവയായോ, തീമുകളുടെ വിനിമയശേഷമുള്ള കുട്ടിയുടെ ധാരണ പ്രകടിപ്പിക്കുന്നതിനായോ വർക്ക് ഷീറ്റുകൾ ഉപയോഗിക്കാവുന്നതാണ്. വിവിധ തീമുകളുമായി ബന്ധപ്പെടുത്തി നിശ്ചിതശേഷികളുടെ വികാസത്തിനായി നൽകുന്ന അനുഭവ പ്രവർത്തനങ്ങളുടെ തുടർച്ചയായോ, പൂർത്തീകരണമായോ, വിലയിരുത്തലായോ ഉപയോഗിക്കാവുന്നവയുമാണ് വർക്ക് ഷീറ്റുകൾ. ചില സാധ്യതകൾ ചുവടെ നൽകുന്നു.

* **തീം പ്രവർത്തനങ്ങൾ → വർക്ക്ഷീറ്റ് → തീം പ്രവർത്തനങ്ങൾ**

തീമുമായി ബന്ധിപ്പിച്ച് അനുഭവങ്ങൾ നൽകുന്നതിന്റെ തുടർച്ചയായി സ്വാഭാവികതയോടെ വർക്ക് ഷീറ്റുകൾ നൽകി തുടർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാം.

* **വർക്ക് ഷീറ്റ് + തീം പ്രവർത്തനങ്ങൾ → തീം പ്രവർത്തനങ്ങൾ → വർക്ക് ഷീറ്റ് → തീം പ്രവർത്തനങ്ങൾ**

വർക്ക് ഷീറ്റ് പ്രവർത്തനമായി തന്നെ നൽകുകയും അതുമായി സ്വാഭാവികമായി കണ്ണിചേർത്ത് മറ്റ് പ്രവർത്തനങ്ങൾ നൽകുകയും ചെയ്യാം.

- ഒരു അനുഭവസാമഗ്രിയായി വർക്ക് ഷീറ്റുകൾ പ്രയോജനപ്പെടുത്തുകയാവാം.
- കുട്ടിയുടെ വർക്ക്ഷീറ്റുകളെ പരസ്പരം ബന്ധപ്പെടുത്തി വിശകലനം ചെയ്യാനും വികാസമേഖലയിലുള്ള വളർച്ച തിരിച്ചറിയാനും കഴിയുന്നവിധത്തിൽ വർക്ക്ഷീറ്റുകൾ പ്രയോജനപ്പെടുത്താം. ഒരു കുട്ടിയുടെ തന്നെ തുടർച്ചയായ പ്രവർത്തനങ്ങളിലുള്ള മാറ്റമാണ് വിലയിരുത്തേണ്ടത്.
- കുട്ടി ഏർപ്പെടുന്ന പ്രവർത്തനങ്ങളിലെ പ്രക്രിയ അധ്യാപിക നിരീക്ഷിച്ചുകൊണ്ടിരിക്കേണ്ടതാണ്.
- വ്യത്യസ്ത കുട്ടികളുടെ വർക്ക്ഷീറ്റുകൾ തമ്മിൽ താരതമ്യപ്പെടുത്താൻ പാടില്ല.
- ഓരോ കുട്ടിയുടെയും വികാസഘട്ടങ്ങളിലുള്ള വേഗത വ്യത്യസ്തമാണ്. അതിനാൽ കുട്ടികളുടെ പ്രകടനങ്ങളെ തമ്മിൽ താരതമ്യപ്പെടുത്താൻ പാടില്ല.
- ലഭ്യമായിരിക്കുന്ന വർക്ക്ഷീറ്റുകളുടെ തുടർച്ചയായോ അതിന്റെ അനുബന്ധമായോ പുതിയ വർക്ക്ഷീറ്റുകൾ വികസിപ്പിക്കുന്നതിന് അധ്യാപികയ്ക്ക് സ്വാതന്ത്ര്യമുണ്ട്.
- കുട്ടി വർക്ക്ഷീറ്റുകൾ ചെയ്തു കഴിഞ്ഞാൽ അതിന്റെ സൂക്ഷിപ്പ്, പുനരുപയോഗം എന്നിവയെപ്പറ്റി വ്യക്തമായ ധാരണ അധ്യാപികയ്ക്ക് ഉണ്ടായിരിക്കണം. പൂർത്തിയാക്കപ്പെട്ട വർക്ക്ഷീറ്റുകൾ പോർട്ട് ഫോളിയോയിൽ സൂക്ഷിക്കേണ്ടതാണ്.

വർക്ക് ഷീറ്റിനെ ഔപചാരികപഠനത്തിന്റെ രീതിയിൽ സമീപിക്കരുത്.

## വർക്ക് ഷീറ്റുകൾ – പ്രവർത്തനങ്ങൾ

**വിവിധ വികാസമേഖലകൾക്ക് പ്രാധാന്യം നൽകുന്ന വർക്ക് ഷീറ്റുകളാണ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ നൽകുന്നു.**

### 1. ശാരീരിക ചാലക വികാസം

സൂക്ഷ്മപേശീവികാസത്തിനുവേണ്ടി മിക്കവാറും എല്ലാ വർക്ക്ഷീറ്റുകളിലും സാധ്യതകൾ ഒരുക്കിയിട്ടുണ്ട്. ചിത്രം വര, നിറം നൽകൽ, നിർമാണം എന്നിവ ഈ വികാസ മേഖലകൾക്ക് ഊന്നൽ നൽകുന്നവയാണ്. വരച്ചുയോജിപ്പിക്കൽ, വട്ടമിടൽ, പ്രാഗ്ലേഖന പ്രവർത്തനങ്ങൾ എന്നിവ ചെയ്യുമ്പോഴും പേശീവഴക്കം ഉണ്ടാവുന്നുണ്ട്. കീറൽ, മുറിക്കൽ, ഒട്ടിക്കൽ തുടങ്ങിയ അനുഭവങ്ങളിലൂടെയും സൂക്ഷ്മപേശികളുടെ വികാസം സാധ്യമാവുന്നു.

3+ പ്രായത്തിലുള്ള കുട്ടികൾക്ക് സൂക്ഷ്മപേശികളുടെ വഴക്കം കുറവായിരിക്കും. അതിനാൽ അവർക്ക് ചെയ്യാൻ കഴിയുന്ന കുഞ്ഞു കുഞ്ഞു പ്രവർത്തനങ്ങളാണ് 'കളിത്തോണി' യിൽ നിർദേശിച്ചിട്ടുള്ളത്. ഇതു കൂടാതെ സ്ഥൂലപേശീവികാസത്തിനായി ഓട്ടം, ചാട്ടം, പടികൾ കയറിയിറങ്ങൽ, ഇഴയൽ തുടങ്ങി ഒട്ടേറെ അനുഭവപ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ ഒരുക്കേണ്ടതുണ്ട്.

4+ കുട്ടികൾക്ക് കുറച്ചുകൂടി സൂക്ഷ്മത ആവശ്യമുള്ള പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ഉദാഹരണമായി കത്രിക ഉപയോഗിച്ചു കൃത്യമായി മുറിച്ചെടുക്കാനുള്ള പരിശീലനം. ഇതിനായി ശിശു സുരക്ഷിതമായ (Child Safe) കത്രികകൾ ഉപയോഗിക്കുന്നതാണ് നല്ലത്. കുത്തുകളിലൂടെ വരച്ച് ചിത്രം പൂർത്തിയാക്കൽ മറ്റൊരു പ്രവർത്തനമാണ്. ഒന്നാം തരത്തിൽ കുട്ടിക്ക് അക്ഷരങ്ങളും പദങ്ങളും വാക്യങ്ങളുമെല്ലാം എഴുതേണ്ടതുണ്ട്. അതിനാൽ 4+ ൽ വെച്ച് പ്രാഗ്ലേഖന പ്രവർത്തനങ്ങൾ ധാരാളമായി നൽകണം.

### 2. ഭാഷാവികാസം

ഭാഷണത്തിനാണ് പ്രീസ്കൂൾ കാലഘട്ടത്തിൽ ഏറെ പ്രാധാന്യമുള്ളത്. സങ്കോചവും ഭയവുമില്ലാതെ സംസാരിക്കാൻ കഴിയുന്നതിന് കുട്ടികളെ പ്രാപ്തരാക്കാനാണ് നാം ശ്രമിക്കേണ്ടത്. ഇതിന് എല്ലാ വർക്ക്ഷീറ്റുകളിലും അവസരമുണ്ട്.

ചിത്രവായന, പ്രകൃതിനടത്തം, പാവകളി, റോൾപ്ലേ, കളികൾ, മറ്റ് അനുഭവപ്രവർത്തനങ്ങൾ എന്നിവയിലെല്ലാം ഓരോ കുട്ടിക്കും സംസാരിക്കുവാൻ അവസരം ഒരുക്കേണ്ടതുണ്ട്. ചിത്രങ്ങളിൽ കാണുന്ന കാര്യങ്ങളെക്കുറിച്ചു പറയൽ, വരച്ചതോ നിറം കൊടുത്തതോ ആയ ചിത്രങ്ങളെക്കുറിച്ച് പറയൽ, മറ്റുള്ളവരുടെ ചിത്രങ്ങളെക്കുറിച്ച് അഭിപ്രായങ്ങൾ പറയൽ, ചെയ്ത കാര്യങ്ങളുടെ യുക്തിയും ന്യായീകരണങ്ങളും അവതരിപ്പിക്കൽ തുടങ്ങിയ ഭാഷണത്തിനുള്ള ഒട്ടറെ സാധ്യതകൾ വർക്ക് ഷീറ്റ് പ്രവർത്തനവുമായി ബന്ധപ്പെട്ടിട്ടുണ്ട്.

3+ പ്രായത്തിൽ സ്വന്തം ഗൃഹഭാഷയിലാണ് കുട്ടികൾ ആശയവിനിമയം നടത്തുക. ഈ സന്ദർഭത്തിൽ കളിയാക്കൽ, തടസ്സപ്പെടുത്തൽ, അവഗണിക്കൽ എന്നിവ അധ്യാപികയുടെ ഭാഗത്ത് നിന്നും ഉണ്ടാവരുത്. അത് കുട്ടിയുടെ ആത്മവിശ്വാസം തകർക്കും. സംസാരിക്കാനുള്ള പ്രോത്സാഹനമാണ് ആവശ്യം.

4+ ആകുമ്പോഴേക്കും ഗൃഹഭാഷയിൽ നിന്നും മാനകഭാഷയിലേക്ക് വളരാനാവശ്യമായ മാതൃകകളും അനുഭവങ്ങളും നൽകേണ്ടതുണ്ട്. അത്തരം സാധ്യതകൾ വർക്ക് ഷീറ്റുകൾ അവതരിപ്പിക്കുന്ന ഘട്ടത്തിൽ ബോധപൂർവം പ്രയോജനപ്പെടുത്താൻ നമുക്കാവണം. ഈ ഘട്ടത്തിൽ പ്രാഗ്ലേഖന പ്രവർത്തനങ്ങളും ഒരുക്കുന്ന തരത്തിലാണ് 'കളിത്തോണി'യിലെ വർക്ക്ഷീറ്റുകൾ ക്രമീകരിച്ചിട്ടുള്ളത്.

## 3. വൈജ്ഞാനിക വികാസ മേഖല

ശാസ്ത്ര, ഗണിതശാസ്ത്ര മേഖലയിലുള്ള അനുഭവപ്രവർത്തനങ്ങളാണ് ഈ മേഖലയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വലുത്/ചെറുത്, കൂടുതൽ/കുറവ്, അടുത്ത്/അകലെ, നീളം കൂടിയത്/കുറഞ്ഞത്, ഉയരം കൂടിയത്/കുറഞ്ഞത് തുടങ്ങിയ പ്രാഗ് - ഗണിതാശയങ്ങൾ, വസ്തുക്കൾ എണ്ണൽ, പൊരുത്തപ്പെടുത്തൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ലാസ് മുറിയിൽ ധാരാളം നേരനുഭവങ്ങൾ നൽകിയ ശേഷമാണ് വർക്ക്ഷീറ്റുകൾ ഉപയോഗപ്പെടുത്തേണ്ടത്.

നിരീക്ഷണം, താരതമ്യം ചെയ്യൽ, സാമ്യവ്യത്യാസങ്ങൾ കണ്ടെത്തൽ, തരംതിരിക്കൽ (വർഗീകരണം), കണ്ടെത്തലുകൾ അവതരിപ്പിക്കൽ തുടങ്ങിയ പ്രക്രിയാശേഷികളുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങൾ 'കളിത്തോണി'യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചിത്രനിരീക്ഷണങ്ങൾ മാത്രമേ വർക്ക്ഷീറ്റുകളിലൂടെ സാധ്യമാവുകയുള്ളൂ. അതിനാൽ കണ്ടറിയൽ, കേട്ടറിയൽ, മണത്തറിയൽ, രുചിച്ചറിയൽ, തൊട്ടറിയൽ എന്നിവയിലൂടെയെല്ലാമുള്ള നിരീക്ഷണങ്ങൾക്ക് കൂടി അവസരം കിട്ടുന്നതരത്തിൽ പഠനാനുഭവങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. യുക്തിചിന്ത, കാര്യകാരണബന്ധങ്ങൾ കണ്ടെത്തിപ്പറയൽ, പാറ്റേണുകൾ രൂപീകരിക്കൽ, വിവിധതരം നിർമാണപ്രവർത്തനങ്ങളിൽ ഏർപ്പെടൽ, ഓർത്തുപറയൽ തുടങ്ങിയ അനുഭവങ്ങൾ കുട്ടിക്ക് ലഭിക്കേണ്ടതാണ്.

മൂന്നു വയസ്സുകാർക്ക് ലളിതമായ പ്രാഗ് ഗണിതാശയങ്ങൾ, നിറങ്ങൾ തിരിച്ചറിയൽ, വ്യത്യാസം കണ്ടെത്തൽ, ചിത്രങ്ങൾ കണ്ട് അവയിലെ കാര്യങ്ങൾ പറയൽ, ഒരേ പോലെയുള്ളവ കണ്ടെത്തൽ, കൂട്ടത്തിൽ പെടാത്തവ കണ്ടെത്തി അതിന്റെ കാരണം പറയൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് നൽകിയിട്ടുള്ളത്.

നാല് വയസ്സുകാർക്ക് ഇവയുടെ ഉയർന്ന നിലവാരത്തിലുള്ള പ്രവർത്തനങ്ങളോടൊപ്പം 1 മുതൽ 5 വരെയുള്ള സംഖ്യാബോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഭിന്നനിലവാരമുള്ള കുട്ടികൾക്ക് വേണ്ടി വർക്ക്ഷീറ്റുകളിൽ അനുരൂപീകരണം നടത്തി പ്രയോജനപ്പെടുത്താവുന്നതാണ്.

## 4. സർഗാത്മക – സൗന്ദര്യാത്മക വികാസം

ചിത്രംവര, നിറം നൽകൽ, നിർമാണം എന്നീ പ്രവർത്തനങ്ങളാണ് മുഖ്യമായും ഈ മേഖലയുമായി ബന്ധപ്പെട്ട് കളിത്തോണിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഭാഷാപരമായ സർഗാത്മകതയും പരിഗണിച്ചിട്ടുണ്ട്.

ചിത്രവര (സ്വതന്ത്രവും നിയന്ത്രിതവും), നിറം നൽകൽ എന്നിവയെക്കുറിച്ച് മുമ്പ് പരാമർശിച്ചിട്ടുണ്ടല്ലോ. വിവിധതരത്തിലുള്ള നിർമാണങ്ങളുടെ സാധ്യതകൾ ഉൾപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. മണൽച്ചിത്രങ്ങൾ, വിരൽച്ചിത്രങ്ങൾ, ഇലമൃഗശാല നിർമാണം, പൂക്കൾ നിർമിക്കൽ, ബാഡ്ജ് നിർമാണം, പതാകനിർമാണം, തോരണങ്ങൾ തയാറാക്കൽ തുടങ്ങി കൈവിരൽ പതിപ്പിച്ചുള്ള ചിത്രനിർമാണം, ഇല പ്രിന്റിംഗ്, പഞ്ഞി, പെൻസിൽ സ്ക്രാപ്പ് തുടങ്ങിയവ ഒട്ടിച്ച് ചിത്രങ്ങൾ പൂർത്തിയാക്കൽ എന്നിങ്ങനെ വൈവിധ്യമാർന്ന നിർമാണസാധ്യതകൾ 'കളിത്തോണി' യിലുണ്ട്.

3+ പ്രായത്തിലുള്ളവർക്ക് താരതമ്യേന ലളിതമായ നിർമാണങ്ങളാണ് നൽകിയിട്ടുള്ളത്. ഈ പ്രവർത്തനങ്ങൾ നൽകുമ്പോൾ സർഗാത്മകവും സൗന്ദര്യാത്മകവുമായ വികാസത്തിനോടൊപ്പം സൂക്ഷ്മ-സ്ഥൂല പേശികളുടെ വഴക്കവും സാധ്യമാവുമല്ലോ. കൂടാതെ സാമൂഹിക വൈകാരിക വികാസത്തിനും ഇവ പ്രയോജനപ്പെടുന്നു. സഹകരണ മനോഭാവവും നേതൃത്വപരമായ പങ്കുവഹിക്കലുമെല്ലാം നേടാൻ കഴിയും വിധം സംഘപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.

4+ പ്രായത്തിലുള്ള കുഞ്ഞുങ്ങൾക്ക് കറുച്ചുകൂടി ഉയർന്ന നിലവാരത്തിലുള്ള പ്രവർത്തനഷീറ്റുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കത്രിക ഉപയോഗിച്ചു മുറിച്ചെടുക്കാനും ഒട്ടിക്കാനും കടലാസുപയോഗിച്ച് പൂക്കൾ, ഒറിഗാമി രൂപങ്ങൾ എന്നിവ നിർമിക്കാനും അവസരം നൽകിയിട്ടുണ്ട്. പ്രകൃതിയിൽ നിന്ന് കിട്ടുന്ന വസ്തുക്കൾ, പാഴ് വസ്തുക്കൾ എന്നിവ ഉപയോഗിച്ചുള്ള നിർമാണപ്രവർത്തനങ്ങൾ എന്നിവയും ചെയ്യിക്കണം. എങ്കിലേ കുട്ടിയുടെ സമഗ്രമായ വികാസം സാധ്യമാവുകയുള്ളൂ.

## 5. സാമൂഹിക വൈകാരിക വികാസം

'കളിത്തോണി'യിലെ പ്രവർത്തനങ്ങൾ മിക്കതും വ്യക്തിഗതമായി പൂർത്തീകരിക്കേണ്ടവയാണ്. സാധ്യമായ സന്ദർഭങ്ങളിൽ പരസ്പര സഹായത്തിനുള്ള അവസരങ്ങൾ ഒരുക്കാൻ കഴിയും. നിറം നൽകാനുള്ള ക്രയോണുകൾ കൈമാറാനും നിർമാണപ്രവർത്തനങ്ങളിൽ സംഘം ചേർന്നു പ്രവർത്തിക്കാനും ഒക്കെ അവസരങ്ങളുണ്ടാകുമല്ലോ. ചില പ്രവർത്തനങ്ങളിൽ നിശ്ചിത നിറമുള്ള ക്രയോൺ തന്നെ ആവശ്യമായി വരും. ഉദാ: ഇലകൾക്ക് പച്ചനിറം നൽകൽ. ഒരാൾ നിറം കൊടുത്തു തീരുന്നതുവരെ ഊഴം കാത്തു നിൽക്കാൻ കുട്ടിയെ പ്രേരിപ്പിക്കുവാൻ അധ്യാപികയ്ക്കു കഴിയും. കത്രിക കൊണ്ടു മുറിക്കുന്ന സന്ദർഭങ്ങളിലും ഇങ്ങനെ കാത്തു നിൽക്കേണ്ടി വരാം.

കഥകളിലെ വൈകാരിക മുഹൂർത്തങ്ങളുമായി സ്വന്തം വൈകാരിക അവസ്ഥകളെ പൊരുത്തപ്പെടുത്തുന്നതിലൂടെ സാമൂഹിക വൈകാരിക വികാസം സാധ്യമാക്കാനാവും. വർക്ക് ഷീറ്റ് അവതരണ സന്ദർഭങ്ങളിലെ ആഖ്യാനങ്ങൾ, ക്ലാസിൽ അവതരിപ്പിക്കുന്ന കഥകൾ, കവിതകൾ, കഥാഗാനങ്ങൾ, പാവനാടകങ്ങൾ, റോൾപ്ലേ എന്നിവ സാമൂഹിക വൈകാരിക വികാസത്തിന് കൂടി പ്രയോജനപ്പെടുത്തുന്നിടത്താണ് അധ്യാപിക വിജയിക്കുന്നത്.

## വിലയിരുത്തൽ

ഓരോ വികാസമേഖലയിലും ഓരോ കുട്ടിയും എവിടെ നിൽക്കുന്നു എന്ന് അധ്യാപികയ്ക്ക് തിരിച്ചറിയാനാവണം. കുട്ടിയുടെ വ്യക്തിപരമായ സവിശേഷതകൾ തിരിച്ചറിഞ്ഞ് ആവശ്യമായ കൈത്താങ്ങ് നൽകാൻ ഇത് അധ്യാപികയെ സഹായിക്കും. കൂടാതെ തന്റെ ആസൂത്രണത്തിലെ പരിമിതികൾ തിരിച്ചറിഞ്ഞ് മെച്ചപ്പെടുത്താനും വിലയിരുത്തൽ പ്രവർത്തനങ്ങളിലൂടെ സാധിക്കും. രക്ഷിതാക്കളുടെ ഭാഗത്ത് നിന്ന് കുട്ടിക്ക് ലഭിക്കേണ്ട സഹായങ്ങൾ എന്തൊക്കെയെന്ന് കൃത്യമായി നിർദേശിക്കാനും അധ്യാപികയെ സഹായിക്കുന്നത് നിരന്തര വിലയിരുത്തലിലൂടെ ലഭിക്കുന്ന സൂചനകൾ തന്നെയാണ്.

ഓരോ വർക്ക്ഷീറ്റിലൂടെയും എന്തൊക്കെയാണ് വിലയിരുത്തേണ്ടത് എന്ന് കൈപ്പുസ്തകത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രവർത്തനം നടക്കുമ്പോൾ അധ്യാപിക നടത്തുന്ന നിരീക്ഷണവും വർക്ക്ഷീറ്റ് എന്ന ഉല്പന്നത്തെ വിലയിരുത്തലും വഴിയാണ് നിരന്തരവിലയിരുത്തൽ നടത്തേണ്ടത്. രക്ഷിതാക്കളുമായുള്ള ആശയവിനിമയത്തിലൂടെയും ചില വിലപ്പെട്ട നിരീക്ഷണങ്ങൾ നമുക്ക് ലഭിക്കും.

ഓരോ വർക്ക്ഷീറ്റും ചെയ്തു കഴിഞ്ഞാൽ പ്രദർശനത്തിന് ശേഷം ഓരോ കുട്ടിയുടെയും പോർട്ട് ഫോളിയോ ബാഗിലേക്ക് മാറ്റണം. അവ വിശകലനം ചെയ്യുമ്പോൾ വികാസമേഖലകളിൽ കുട്ടിക്കുണ്ടായ ക്രമാനുഗതമായ വളർച്ച ടീച്ചർക്കും രക്ഷിതാവിനും ബോധ്യപ്പെടാനാവും. വർഷാവസാനം ഇവ ക്രോഡീകരിച്ച് കുട്ടിയെ സംബന്ധിച്ച കൃത്യമായ വിലയിരുത്തൽ തയ്യാറാക്കാനാവില്ലേ?

കുട്ടിക്കും രക്ഷിതാവിനും ആവശ്യമായ ഫീഡ്ബാക്കുകൾ നൽകി മെച്ചപ്പെടുത്താൻ ഇതുവഴി അധ്യാപികയ്ക്ക് സാധിക്കും.

# തീം 1 കുടുംബം

കളിപ്പാട്ടം പ്രവർത്തനപുസ്തകത്തിൽ ഓരോ തീമുമായി ബന്ധപ്പെട്ട വികാസമേഖലകൾ പരിഗണിച്ച് നൽകിയിട്ടുള്ള പ്രവർത്തന സാധ്യതകളുടെ അവതരണ ക്രമം നിശ്ചയിച്ച് അനുയോജ്യമായ സ്ഥാനത്ത് വർക്ക്ഷീറ്റുകൾ പ്രയോജനപ്പെടുത്തണം. ആഖ്യാനം, പാട്ട്, കളി, നിർമാണം, പാവനാടകം തുടങ്ങിയ സങ്കേതങ്ങളിലൂടെ അവതരണം നടത്തിയശേഷമോ/അവതരണത്തിന്റെ ഭാഗമായോ വർക്ക് ഷീറ്റ് ഉപയോഗിക്കണം. ആഖ്യാനാവതരണം ഭാവന, ജിജ്ഞാസ എന്നിവ ഉണർത്തുന്ന വിധമാവണം സംഭവം പറയൽ ആഖ്യാനമല്ല. ആഖ്യാനത്തിന് പൂർണതയുണ്ടാകണം. ഭാവനാംശം വേണം. മനോചിത്രരൂപീകരണസാധ്യതയും ആവശ്യമാണ്. കുടുംബവുമായി ബന്ധപ്പെട്ട പ്രവർത്തനക്രമം താഴെ കൊടുക്കുന്നു. ആവശ്യമെങ്കിൽ ഭേദഗതികൾ വരുത്താവുന്നതാണ്.

## പ്രവർത്തന ക്രമം

1. കുടുംബവുമായി ബന്ധപ്പെട്ട പാട്ടുകൾ/കഥകൾ കേൾക്കൽ, പാടൽ/പറയൽ
↓
2. കുടുംബവുമായി ബന്ധപ്പെട്ട ചിത്രം വിശദീകരിക്കൽ
↓
3. വർക്ക്ഷീറ്റ് 1.1 “നിങ്ങളുടെ വീട്ടിൽ ആരൊക്കെ?” നൽകൽ.
↓
4. കഥയിലെ സംഭവങ്ങൾ അഭിനയിച്ച് കാണിക്കൽ
↓
5. കുടുംബവുമായി ബന്ധപ്പെട്ട പാട്ടു പാടൽ. (സ്വന്തം പേരു പറയൽ, അമ്മയുടെ പേരു പറയൽ)
↓
6. ജീവികളുമായി ബന്ധപ്പെട്ട പാട്ടുകൾ പാടൽ
↓
7. ആഖ്യാനാവതരണം, വർക്ക്ഷീറ്റ് 1.2 “അമ്മയുടെ അടുത്തെത്തിക്കാമോ?” നൽകൽ.
↓
8. പേരുപറയൽ കളി, അച്ഛനമ്മമാർ, ചേട്ടൻ, ചേച്ചി പേരു പറയൽ
↓
9. ആഖ്യാനവതരണം, വർക്ക്ഷീറ്റ് 1.3 “വ്യത്യാസം കണ്ടെത്താം പറയാം” നൽകൽ.
↓
10. കുടുംബവുമായി ബന്ധപ്പെട്ട പാട്ടു പാടൽ
↓
11. വലിയ കുടുംബം,ചെറിയ കുടുംബം -പറയൽ
↓
12. ആഖ്യാനാവതരണം വർക്ക്ഷീറ്റ് 1.4 “എന്റെ വീട്ടിലുള്ളവർ” നൽകൽ.
↓
13. കുടുംബവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരിച്ച് ഒട്ടിക്കൽ.
↓
14. ഓടി-ചാടി കളി, വർക്ക്ഷീറ്റ് 1.5 “വലിയ കുടുംബം” നൽകൽ.
↓
15. റോൾപ്ലേ-ചോറും കറിയും കളി.

## വർക്ക്ഷീറ്റ് - 1.1 നിങ്ങളുടെ വീട്ടിൽ ആരൊക്കെ?

**വികാസ മേഖലകൾ** :
- ഭാഷാവികാസം
- ശാരീരികചാലക വികാസം

**ശേഷികൾ** :
1. സ്വതന്ത്രമായി ചിത്രങ്ങൾ വരച്ച് നിറം നൽകാൻ കഴിയുന്നു (5).
2. ചിത്രങ്ങൾ നിരീക്ഷിച്ച് വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു (21).

**ആശയം** : അച്ഛനും അമ്മയും മക്കളും ചേരുന്നതാണ് കുടുംബം. (മുന്നറിവിന്റെ പുനരനുഭവം)

**സാമഗ്രികൾ** : പാട്ടുകൾ, കഥകൾ, കട്ടൗട്ടുകൾ, ബിഗ്സ്ക്രീൻ, വർക്ക്ഷീറ്റ്, ക്രയോൺസ്, ചായങ്ങൾ.

**സന്ദർഭം** : കുടുംബവുമായി ബന്ധപ്പെട്ട പാട്ടുകൾ, കഥകൾ-കേൾക്കൽ, പറയൽ, കുട്ടിയുടെ കുടുംബത്തെക്കുറിച്ചുള്ള സൗഹൃദ സംഭാഷണങ്ങൾ തുടങ്ങിയവ പ്രവേശകമായി ഉപയോഗിക്കാം.

**പ്രക്രിയ**

- *ആഖ്യനം* : കൊക്കരകോ കോ...കൊക്കരകോ കോ.....

നേരം വെളുത്തു. നല്ല തണുപ്പ്! അപ്പു പുതപ്പു വലിച്ചു ചുരുണ്ടു കൂടി കിടന്നു.

''തന്റെ കവിളിൽ ആരോ തൊട്ടല്ലോ''. ആരായിരിക്കും? (സ്വതന്ത്ര പ്രതികരണം) അമ്മൂമ്മയുടെ മണം. അപ്പു പതുക്കെ കണ്ണു തുറന്നു നോക്കി.

"അപ്പൂ, എഴുന്നേൽക്കൂ".....അമ്മൂമ്മ അപ്പുവിന്റെ കവിളിലൊരുമ്മ കൊടുത്തു.

അവനെ കട്ടിലിൽനിന്ന് താഴെ ഇറക്കി.

പീ..പ്പീ...പ്പീ അവൻ ശബ്ദമുണ്ടാക്കിക്കൊണ്ട് ഉമ്മറത്തേയ്ക്കോടി.

അപ്പൂപ്പാ....ഞാനും വെള്ളം ഒഴിക്കട്ടേ.

അപ്പു അപ്പൂപ്പനെ സഹായിച്ചു. ചെടികൾ നനയ്ക്കാനവനിഷ്ടമാണ്.

അപ്പൂവേ.....അപ്പൂ; വിളികേട്ട പാടേ അവൻ ചേച്ചിയുടെ അടുക്കലേയ്ക്കു ഓടി.

"അപ്പുവേ, നിനക്ക് മച്ചിങ്ങാവണ്ടി വേണോ?"

ചേച്ചിയും അപ്പുവും മച്ചിങ്ങാവണ്ടി ഉരുട്ടിക്കളിച്ചു. 'എനിക്ക് വിശന്നു വയ്യ, ചേച്ചീ. നമുക്ക് കളി നിർത്താം.

അമ്മ ദോശ ചുടുന്നുണ്ട്.' നല്ല മണം!

രണ്ടുപേരും പല്ലു തേച്ചു. അവൾ അടുക്കളയിലേക്ക് ചെന്നു. അമ്മ ദോശ ചുടുകയാണ്. മാവ് കോരി ദോശക്കല്ലിൽ ഒഴിച്ചു. പരത്തി. തിരിച്ചിട്ടു. ചട്ടുകം കൊണ്ട് കോരി പാത്രത്തിലിട്ടു. (ഇവ അഭിനയിക്കണം) ദോശമാവ് ഒഴിക്കുമ്പോൾ ശൂ.. എന്ന് ശബ്ദം വെയ്ക്കണം. വീട്ടിലുള്ള എല്ലാവരും ഒരുമിച്ച് ഭക്ഷണം കഴിച്ചു.

**ബിഗ്സ്ക്രീൻ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ**

* അപ്പു, അപ്പൂപ്പൻ എന്നിവരുടെ കട്ടൗട്ടുകൾ ബിഗ് സ്ക്രീനിൽ ടീച്ചർ വെക്കുന്നു.
* "വീട്ടിൽ മറ്റാരൊക്കെയുണ്ട്?" കുട്ടികൾ പറയുന്നതനുസരിച്ച് കട്ടൗട്ടുകൾ പിൻചെയ്യുന്നു?
* "ഇനി ആരെങ്കിലും ഉണ്ടാവുമോ?" നമുക്ക് നോക്കാം.

- വർക്ക്ഷീറ്റ്-1.1 "നിങ്ങളുടെ വീട്ടിൽ ആരൊക്കെ?" നൽകുന്നു

- ചിത്രവായന
    * ചിത്രത്തിൽ ആരൊക്കെ?
    * നിങ്ങളുടെ വീട്ടിൽ ആരൊക്കെയുണ്ട്?
    * അവരുടെ പേരുകൾ പറയാമോ?
    * അപ്പുവിന്റെ വീടിന് നിറം നൽകാം.
    - സ്വന്തം വീടിന്റെ ചിത്രം വരച്ച് നിറം നൽകുന്നതിനുള്ള പ്രവർത്തനം തുടർന്ന് നൽകണം.

## വിലയിരുത്തൽ

- കുടുംബാംഗങ്ങളെ കണ്ടെത്തി പറയാൻ കഴിയുന്നുണ്ട്.
- വ്യത്യസ്ത നിറങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.
- നിറം നൽകിയതിൽ സൂക്ഷ്മത പാലിച്ചിട്ടുണ്ട്.
- കുടുംബാംഗങ്ങളെക്കുറിച്ച് (പേരുകൾ, ബന്ധങ്ങൾ) കൂടുതൽ കാര്യങ്ങൾ പറയാൻ കഴിയുന്നുണ്ട്.

## വർക്ക്ഷീറ്റ് -1.2 അമ്മയുടെ അടുത്തെത്തിക്കാമോ?

**വികാസ മേഖലകൾ** :
- വൈജ്ഞാനിക വികാസം
- സർഗ്ഗാത്മക വികാസം

**ശേഷികൾ** :
1. കേട്ട പാട്ടുകൾ താളാത്മകമായി പാടാൻ കഴിയുന്നു (64).
2. പുതിയ വരികൾ കൂട്ടിച്ചേർത്ത് പാടാൻ കഴിയുന്നു (65).
3. കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അനുഭവത്തിന്റെ പിൻബലത്തിൽ നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിയുന്നു (31).

**ആശയം** : കുടുംബത്തിൽ പരസ്പര സഹകരണത്തോടും സ്നേഹത്തോടും ബഹുമാനത്തോടും ഓരോ അംഗവും പ്രവർത്തിക്കുന്നു.

**സാമഗ്രികൾ** : വർക്ക് ഷീറ്റ്, ക്രയോൺസ്, പാട്ടുകൾ

**സന്ദർഭം** : കുടുംബവുമായി ബന്ധപ്പെട്ട ലഘുചർച്ചയ്ക്കുശേഷം അവതരിപ്പിക്കാം.

**പ്രക്രിയ**

- സൗഹൃദസംഭാഷണം
    - നിങ്ങളുടെ വീട്ടിൽ ജീവികളെ വളർത്തുന്നുണ്ടോ? (സ്വതന്ത്രപ്രതികരണം)
    - അപ്പുവിന്റെ വീട്ടിൽ ജീവികളെ വളർത്തുന്നുണ്ടാവുമോ?
    - അപ്പുവിന്റെ വീട്ടിൽ ഏതൊക്കെ ജീവികളെയാവും വളർത്തുന്നുണ്ടാവുക?
- പാട്ട്

''നമുക്ക് ഒരു പാട്ട് പാടിയാലോ?'-ടീച്ചറും കുട്ടികളും ചേർന്നു പാടുന്നു.

"വീട്ടിലൊരു നായ
വീരനായ നായ
അങ്ങെ പാത്താൽ ബൗ ബൗ
ഇങ്ങെ പാത്താൽ ബൗ ബൗ
വീട്ടിലൊരു പൂച്ച
വെളുവെളുത്ത പൂച്ച
അങ്ങെ പാത്താൽ മ്യാവൂ മ്യാവൂ
ഇങ്ങെ പാത്താൽ മ്യാവൂ മ്യാവൂ

വീട്ടിലൊരു കോഴി
....................................
....................................

വരികൾ കൂട്ടിച്ചേർത്ത് പാടുന്നു.

• ആഖ്യാനം : ഭക്ഷണം കഴിച്ച് അപ്പുവും ചേച്ചിയും കളിക്കുകയായിരുന്നു.

അവരോടൊപ്പം കളിക്കാൻ വേറെയും ചിലരുണ്ടായിരുന്നു.

ആരാണെന്ന് പറയാമോ? (സ്വതന്ത്രപ്രതികരണം.)

പൂച്ചക്കുട്ടി, കോഴിക്കുഞ്ഞ്, നായക്കുട്ടി.

കളിച്ചുകൊണ്ടിരുന്നപ്പോൾ ഒരു ശബ്ദം ഡും... ഡും... കുഞ്ഞുങ്ങൾ പേടിച്ചുകരഞ്ഞു (ശബ്ദാനുകരണം- പൂച്ചക്കുഞ്ഞു കരയുന്നത്, പട്ടിക്കുട്ടി കരയുന്നത്. കോഴിക്കുഞ്ഞ് കരയുന്നത്) "ഇടി വെട്ടിയതാ, മക്കളേ വേഗം വരൂ...മഴ പെയ്യാൻ തുടങ്ങി.."

അപ്പുവും അമ്മുവും വീടിനകത്തേക്കോടി. അമ്മപ്പട്ടി കുഞ്ഞുങ്ങളെയും കൊണ്ട് ഓടിയകത്തു കയറി. തള്ളപ്പൂച്ച കുഞ്ഞുങ്ങളെ കടിച്ചെടുത്തു പുരയിലെത്തിച്ചു. അതാ തളളക്കോഴി മാത്രം നനയുന്നു. കുഞ്ഞുങ്ങളെ കാണാനില്ല. എവിടെപ്പോയി? അപ്പുവും അമ്മുവും നോക്കി. കാണാനില്ല. മഴ തോർന്നു. കോഴിക്കുഞ്ഞുങ്ങൾ അമ്മയുടെ ചിറകിനടയിലായിരുന്നു. അവർ തല പുറത്തേക്ക് നീട്ടി. എല്ലാവരെയും നോക്കി ചിരിച്ചു. കുട്ടികൾ വീണ്ടും കളി തുടങ്ങി. അപ്പോൾ വീണ്ടും ഡും...ഡും... കുട്ടികൾ അമ്മമാരുടെ അടുത്തേക്കോടി.

• വർക്ക്ഷീറ്റ്-1.2 "അമ്മയുടെ അടുത്തെത്തിക്കാമോ? നൽകുന്നു.
  - കുട്ടികളെ അവരുടെ അമ്മമാരുടെ അടുത്തെത്തിക്കൂ.
  - വരച്ച് യോജിപ്പിക്കുന്നു.
  - നിറം നൽകുന്നു
  - പരസ്പരം വിലയിരുത്തുന്നു.

• പാട്ട്

അപ്പുവിന്റെ വീടിനെക്കുറിച്ച് വരികൾ ചേർത്ത് പാടുന്നു.

അപ്പുവിന്റെ വീട്
ഭംഗിയുള്ള വീട്
അമ്മൂമ്മയുണ്ട് വീട്ടിൽ
.........................................
.........................................

വ്യക്തിഗതമായി സ്വന്തം പേര് ചേർത്ത് പാടുന്നു.

വീട് നല്ല വീട്
എന്തു നല്ല വീട്
...................................
...................................

• ആഖ്യാനം (തുടർച്ച) മഴ നനഞ്ഞോ രണ്ടുപേരും? പനി പിടിക്കില്ലേ? വരൂ മക്കളേ, അമ്മ അവരുടെ തല തുവർത്തി. ദേഹം തണുത്തിരിക്കുന്നു. അമ്മ സ്നേഹത്തോടെ അവരെ ചേർത്തു പിടിച്ചു. അമ്മമാരുടെ സ്നേഹത്തെക്കുറിച്ച് ചർച്ച. അമ്മയോടുള്ള സ്നേഹവും ചർച്ച ചെയ്യണം.

## വിലയിരുത്തൽ

- ശരിയായവ തമ്മിൽ വരച്ചുചേർത്തിട്ടുണ്ട്.
- കുട്ടിയുടേതായ രീതിയിൽ നിഗമനങ്ങൾ പറയാൻ കഴിയുന്നുണ്ട്.
- ആകർഷകമായ രീതിയിൽ നിറം നൽകിയിട്ടുണ്ട്.

## വർക്ക്ഷീറ്റ്-1.3 വ്യത്യാസം കണ്ടെത്താം പറയാം

**വികാസമേഖലകൾ :**
- വൈജ്ഞാനിക വികാസം
- ഭാഷാവികാസം

**ശേഷികൾ :**
1. ചിത്രങ്ങൾ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്താനും വാചികമായി അവതരിപ്പിക്കാനും കഴിയുന്നു (*30*).
2. ചിത്രങ്ങൾ നിരീക്ഷിച്ച് വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു (*21*).

**ആശയം :** വീട്ടിലെ എല്ലാ അംഗങ്ങൾക്കും അവരവരുടേതായ ഉത്തരവാദിത്തങ്ങളും കടമകളുമുണ്ട്.

**സാമഗ്രികൾ :** വർക്ക് ഷീറ്റ്, പാട്ടുകൾ, വിസിൽ, പന്ത്.

**സന്ദർഭം :** വീട്ടുജോലികളിൽ കുട്ടികൾ സഹായിക്കുന്ന സന്ദർഭങ്ങളെക്കുറിച്ച് ചർച്ച ചെയ്തശേഷം അവതരിപ്പിക്കാം.

പ്രക്രിയ

- **പേരുപറയൽകളി:** കുട്ടികൾ വട്ടത്തിൽ നിൽക്കുന്നു. ടീച്ചർ വിസിലടിക്കുമ്പോൾ പന്ത് കൈമാറുന്നു. അടുത്ത വിസിലടിക്കുമ്പോൾ ആരുടെ കൈയിലാണോ പന്ത് അവർ സ്വന്തം പേരും അമ്മയുടെ പേരും പറയുന്നു.
- **പാട്ട് :** കളിക്കുശേഷം അമ്മയെക്കുറിച്ചൊരു പാട്ട്

  "അമ്മ നല്ല അമ്മ
  വീട്ടിലുണ്ടൊരമ്മ
  അമ്മ നല്ല അമ്മ
  ഉമ്മ തരും അമ്മ"
- **സ്വതന്ത്രഭാഷണം :** "മോളെ ഇന്ന് കുളിപ്പിച്ചതാരാണ്?" "പൊട്ടിടിച്ചതോ?" "ഉടുപ്പിടീച്ചു തന്നതാരാ?'' (സ്വതന്ത്രപ്രതികരണം.) "വീട്ടിലെ എല്ലാ ജോലികളും ചെയ്യുന്നത് അമ്മയാണോ?" (സ്വതന്ത്രപ്രതികരണം) "അപ്പുവിന്റെ വീട്ടിലോ?"
- വർക്ക്ഷീറ്റ്-1.3 "വ്യത്യാസം കണ്ടെത്താം, പറയാം" നൽകുന്നു.

ചിത്രവായന (താരതമ്യം ചെയ്യൽ) :
- ഇടതും വലതുമുള്ള ചിത്രങ്ങൾ നോക്കൂ. രണ്ടും ഒരുപോലെയാണോ എനിക്കൊരു സംശയം. എന്തെങ്കിലും വ്യത്യാസം ഉണ്ടോ? ആരാണ് ആദ്യം കണ്ടെത്തുക? സൂക്ഷ്മമായി കുട്ടികൾ ചിത്രം നിരീക്ഷിക്കുന്നു.
- ആവശ്യമെങ്കിൽ സൂചനകൾ നൽകാം.
  - ഒന്നാമത്തെ ചിത്രത്തിലുള്ള ആരോ രണ്ടാമത്തെ ചിത്രത്തിലില്ല.
  - വാതിലും ജനാലയുമൊക്കെ നോക്കി കിളി പറന്നു വന്നു. പറന്നു പോയി.

– ഒന്നാം ചിത്രത്തിൽ നിന്നും മാഞ്ഞു പോയത് എന്തെല്ലാം? എന്നിങ്ങനെ.

**ചർച്ച** : തുടർന്ന് ചിത്രത്തെ ആസ്പദമാക്കി ചർച്ച.

**മൈമിംഗ്** : വീട്ടിലെ ജോലികൾ കുട്ടികൾ ഓരോരുത്തരായി വന്ന് മൈം ചെയ്യുന്നു.

## വിലയിരുത്തൽ

- ചിത്രവായനയിലെ മികവ്.
- നിരീക്ഷണങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നതിലെ മികവ്.
- നാലു വ്യത്യാസങ്ങളും കണ്ടെത്തിയിട്ടുണ്ട്.
- അഭിനയ മികവ്.

## വർക്ക്ഷീറ്റ്-1.4 എന്റെ വീട്ടിലുള്ളവർ

**വികാസ മേഖലകൾ** :
- ശാരീരിക ചാലക വികാസം
- സർഗ്ഗാത്മക-സൗന്ദര്യാത്മക വികാസം

**ശേഷി** : സ്വതന്ത്രമായി ചിത്രങ്ങൾ വരച്ച് നിറം നൽകാൻ കഴിയുന്നു (5).

**ആശയം** : കുടുംബത്തിൽ പരസ്പര സഹകരണത്തോടും സ്നേഹത്തോടും ബഹുമാനത്തോടും ഓരോ അംഗങ്ങളും പ്രവർത്തിക്കുന്നു.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ചിത്രങ്ങൾ, നിറങ്ങൾ, ബിഗ് സ്ക്രീൻ

**സന്ദർഭം** : കുടുംബാംഗങ്ങളുമായി ബന്ധപ്പെട്ട കഥകൾ കേൾക്കൽ (മുതിർന്നവരെ ബഹുമാനിക്കൽ എന്ന ആശയമുള്ളത്) എന്ന പ്രവർത്തനത്തിന് ശേഷം.

**പ്രക്രിയ**

- **ആഖ്യാനം**

രാത്രിയിൽ അച്ഛൻ ഒരു സമ്മാനപൊതിയുമായാണ് വന്നത്. പൊതിയിൽ എന്തായിരിക്കും? (സ്വതന്ത്ര പ്രതികരണം) ''അച്ഛാ.... അച്ഛാ.... പൊതിയിൽ എന്താ?'' അച്ഛൻ സമ്മാനപ്പൊതി അപ്പുവിന് നൽകി.
അപ്പു സമ്മാനപ്പൊതി അഴിച്ചു നോക്കി.
“ഹായ്! പെൻസിൽ” അപ്പു തുള്ളിച്ചാടി.
വേഗം മുറിയിലേക്ക് ഓടി.
പുസ്തകമെടുത്തു.“എന്താ ചെയ്ക?” “ഒരു ചിത്രം വരച്ചാലോ?” അവൻ ആലോചിച്ചു.
എന്തു വരയ്ക്കും? എങ്ങനെ വരയ്ക്കും?
അപ്പുവിന് സങ്കടം.
“ഹേയ്! കൂട്ടുകാരാ, എന്താ വിഷമിച്ചിരിക്കുന്നത്?”
“എനിക്ക് അമ്മയുടെ ചിത്രം വരയ്ക്കണം.”
''ഞാൻ സഹായിക്കാം'' പെൻസിൽ പറഞ്ഞു.

പെൻസിൽ ഒരു വലിയ വട്ടം വരച്ചു.
രണ്ടു കണ്ണുകൾ മൂക്ക്, വായ് ..
ഹായ്! അമ്മയുടെ ചിത്രം.
''എനിക്കും വരയ്ക്കണം''. ''ഇതുപോലെ വട്ടം വരച്ച് ഞാൻ വരയ്ക്കും''.
അപ്പു പറഞ്ഞു. എന്നാൽ വരച്ചോളൂ.

- നിങ്ങൾക്കും അമ്മയെ വരയ്ക്കണ്ടേ? വരച്ചാലോ!

- വർക്ക്ഷീറ്റ്-1.4 “എന്റെ വീട്ടിലുള്ളവർ” വിതരണം ചെയ്യുന്നു.
  - ആവശ്യമായ നിർദ്ദേശങ്ങൾ അധ്യാപിക നൽകുന്നു.

- ഓരോരുത്തരും അവരവരുടെ വീട്ടിലെ അംഗങ്ങളുടെ ചിത്രം വരയ്ക്കുന്നു,
- നിറം നൽകുന്നു.
- വരച്ച ചിത്രം പ്രദർശിപ്പിച്ച് സംസാരിക്കുന്നു.
- പൊതുവായി പ്രദർശിപ്പിക്കുന്നു.
- സ്വയം/പരസ്പരം വിലയിരുത്തി അഭിപ്രായങ്ങൾ പറയുന്നു.

**ചെറിയ കുടുംബം, വലിയ കുടുംബം**

- കുട്ടികൾ വരച്ച കുടുംബചിത്രം ഗ്രൂപ്പിൽ പ്രദർശിപ്പിക്കുന്നു.ടീച്ചർ ചോദ്യങ്ങൾ ചോദിക്കുന്നു.
- ആരുടെ വീട്ടിലാണ് കൂടുതൽ പേർ?
- വലിയ കുടുംബം, ചെറിയ കുടുംബം ഗ്രൂപ്പിൽ കണ്ടെത്തുന്നു.
- ഗ്രൂപ്പുകൾ വലിയ കൂട്ടം, ചെറിയ കൂട്ടം പൊതുവായി ബിഗ് സ്ക്രീനിൽ പ്രദർശിപ്പിക്കുന്നു.
- കുടുംബവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരിച്ച് ഒട്ടിക്കുന്നു.

## വിലയിരുത്തൽ :

- ചിത്രം വരയ്ക്കാൻ കഴിയുന്നു.
- പ്രകൃതി വസ്തുക്കൾ ഉപയോഗിച്ച് നിറം നൽകുന്നു.
- വരച്ച ചിത്രത്തെക്കുറിച്ച് സങ്കോചമില്ലാതെ സംസാരിക്കാൻ കഴിയുന്നു.

## വർക്ക്ഷീറ്റ്- 1.5 വലിയ കുടുംബം

**വികാസ മേഖല** : വൈജ്ഞാനിക വികാസം

**ശേഷി** : വസ്തുക്കളെ/ചിത്രങ്ങളെ താരതമ്യം ചെയ്യുന്നതിന് ഗണിതഭാഷ ഉപയോഗിക്കാൻ കഴിയുന്നു (39)

**ആശയം** : കുടുംബത്തിലെ അംഗങ്ങൾ ഒരുമിച്ച് ഒരേ വീട്ടിൽ കഴിയുന്നു. (മുന്നറിവിന്റെ പുനരനുഭവം)

**സാമഗ്രികൾ** : ചിത്രങ്ങൾ, പാട്ടുകൾ

**സന്ദർഭം** : വസ്തുക്കൾ ചെറുതും വലുതും എന്ന രീതിയിൽ ക്രമീകരിക്കൽ പ്രവർത്തനത്തെ തുടർന്ന്

**പ്രക്രിയ**

- കളി

**"ഓടി ....ചാടി"**

കുട്ടികൾ വട്ടത്തിൽ നിൽക്കുന്നു.വട്ടത്തിനകത്ത് മൂന്ന് വ്യത്യസ്ത വട്ടങ്ങൾ വരക്കുന്നു.

"ഓടുക ഓടുക കുട്ട്യോളെ
വട്ടത്തിലോടുക കുട്ട്യോളെ
ചാടുക ചാടുക കുട്ട്യോളെ
കുഴിയിൽ ചാടുക കുട്ട്യോളെ"

- ഏതു കുഴിയിലാണ് കൂടുതൽ കുട്ടികൾ?
- ഏത് കുഴിയിലാണ് കുറച്ച് കുട്ടികൾ?വീണ്ടും കളി ആവർത്തിക്കുന്നു. വലിയ കൂട്ടം ഏത്? ചെറിയ കൂട്ടം ഏത്?

- ആഖ്യാനം : അപ്പുവിന്റെ വീട്ടുകാരും ചിന്നുവിന്റെ വീട്ടുകാരും ഫോട്ടോ എടുക്കാൻ തീരുമാനിച്ചു. ഫോട്ടോ എടുക്കുന്നതെങ്ങ

നെയാ? (മൊബൈൽ ഫോൺ ഉപയോഗിച്ച് കുട്ടികളുടെ ഫോട്ടോ എടുക്കുന്നു. കുട്ടികളെ കസേരയിലിരുത്തി വേണം എടുക്കാൻ. ഫോട്ടോ അവരെ കാണിക്കണം.) വീട്ടുകാർക്കായി ഫോട്ടോഗ്രാഫർ ആറു കസേര കൊണ്ടു വന്നിട്ടു. (ടീച്ചർ ആറു കസേര ക്രമീകരിക്കുന്നു) ആരെല്ലാമായിരിക്കും ആ വീട്ടിലുള്ളത്?

ഒന്നാം കസേരയിൽ അമ്മ, രണ്ടാം കസേരയിൽ അച്ഛൻ, മൂന്നാം കസേരയിൽ......... എന്നിങ്ങനെ അപ്പൂപ്പൻ, അമ്മൂമ്മ വരെ പറയിക്കണം

- പൊതുവായി പ്രദർശിപ്പിച്ച കുടുംബാംഗങ്ങളുടെ ചിത്രം വീണ്ടും കാണിക്കുന്നു. വലിയ കുടുംബം, ചെറിയ കുടുംബം കണ്ടെത്തുന്നു.

വർക്ക്ഷീറ്റ്-1.5 വലിയ കുടുംബം വിതരണം ചെയ്യുന്നു.

- ഒന്ന് ചിന്നുവിന്റെ കുടുംബം മറ്റേത് അപ്പുവിന്റെ കുടുംബം.
- ഏത് കുടുംബത്തിലാണ് കൂടുതൽ ആളുകളുള്ളത്?

(ഒറ്റ നോട്ടത്തിൽ തിരിച്ചറിയാൻ കഴിയാത്തവർ ഉണ്ടെങ്കിൽ ചിത്രങ്ങൾ ഒന്നിനൊന്ന് പൊരുത്തപ്പെടുത്തി വരച്ച് അധികം വരുന്നവരെ കണ്ടെത്താനുള്ള പ്രക്രിയ അവലംബിക്കണം.)

- അംഗങ്ങൾ കൂടുതലുള്ളതാണ് വലിയ കുടുംബം അതിനു ചുറ്റും വട്ടം വരയ്ക്കട്ടെ.
- ചിത്രങ്ങൾ പരസ്പരം കൈമാറി വിലയിരുത്തുന്നു.

## വിലയിരുത്തൽ :

വലിയ കുടുംബത്തെ കണ്ടെത്തി അടയാളപ്പെടുത്താൻ കഴിയുന്നുണ്ട്.

# തീം 2 വീടും പരിസരവും

വർക്ക് ഷീറ്റുകൾ നൽകുമ്പോൾ ശേഷികളും രൂപീകരിക്കേണ്ട ആശയങ്ങളും മനസിൽ കൃത്യതപ്പെടുത്തണം. ആ ആശയങ്ങൾ കുട്ടികളുടെ അനുഭവത്തിൽ നിന്നും ഉരുത്തിരിയിച്ചെടുക്കുകയാണ് വേണ്ടത്. നേരിട്ട് പറഞ്ഞുകൊടുക്കലല്ല. അത്തരം അനുഭവങ്ങൾ ശേഷികൾ വികസിപ്പിക്കുന്നതിനും ഉപകരിക്കും. ഒരു വർക്ക്ഷീറ്റിൽ ഒന്നോ രണ്ടോ ശേഷികളും ഏതാനും ആശയങ്ങളുമായിരിക്കും ലക്ഷ്യമിടുക. തീമുമായി ബന്ധപ്പെട്ട മറ്റു പ്രവർത്തനങ്ങളിൽകൂടി കടന്നു പോകുമ്പോഴാണ് കുട്ടിക്ക് സമഗ്രമായ ചിത്രം മനസിൽ രൂപപ്പെടുക.

## പ്രവർത്തനക്രമം

1. എന്റെ വീട് (കളിപ്പാട്ടം പേജ് 199) പാട്ടു പാടൽ

↓

2. ആഖ്യാനാവതരണം-വർക്ക്ഷീറ്റ് 2.1 "ചിത്രം നോക്കി പറയൂ! നിറം നൽകൂ" നൽകൽ!
3. കുഞ്ഞുകളിപ്പാട്ടങ്ങൾ നിർമ്മിക്കൽ (മച്ചിങ്ങാവണ്ടി, തീപ്പെട്ടി തീവണ്ടി തുടങ്ങിയവ).

↓

4. ആഖ്യാനാവതരണം വർക്ക്ഷീറ്റ് 2.2 "മണൽച്ചിത്രം തയാറാക്കൂ" നൽകൽ.

↓

5. പ്രകൃതി നടത്തത്തിൽ കണ്ട വീടുകളെക്കുറിച്ച് അധ്യാപികയോടും കൂട്ടുകാരോടുംപറയൽ.

↓

6. വീടുകൾ തമ്മിലുള്ള വ്യത്യാസം കണ്ടെത്തി പറയൽ.

↓

7. പേപ്പർ, കളിമണ്ണ്, ഇല, കമ്പുകൾ മുതലായവ ഉപയോഗിച്ച് വീടിന്റെ രൂപം നിർമിക്കൽ.

↓

8 വീട് നിരീക്ഷിച്ച് വീടുകളുടെ മേൽക്കൂര, ഓട്, ഓല, കോൺക്രീറ്റ്, വൈക്കോൽ എന്നിങ്ങനെ പറയൽ.

↓

9. വിവിധ മുറികൾ, ഉപകരണങ്ങൾ എന്നിവയുടെ ഉപയോഗം പറയൽ.

↓

10. ജയ്, ജയ്, കളി

↓

11. "എനിക്ക് നല്ലൊരു വീടുണ്ടേ" പാട്ട്.

↓

12. ആഖ്യാനം വർക്ക്ഷീറ്റ്-2.3 വരച്ചു ചേർക്കൂ" നൽകൽ.

↓

13. ചിത്രങ്ങൾ വരച്ച് ക്രയോൺ, പെൻസിൽ, വാട്ടർകളർ എന്നിവ ഉപയോഗിച്ച് നിറം നൽകൽ. (വീടും പരിസരവും)

↓

14. വീട്ടിലുള്ള ജീവികളെക്കുറിച്ച് പാട്ടുകൾ പാടൽ.

↓

15. വർക്ക്ഷീറ്റ് 2.4 "പൂവ് വരയ്ക്കാം നിറം നൽകാം" നൽകൽ

↓

16. പൂവിനെക്കുറിച്ച് വരികൾ കൂട്ടിച്ചേർത്ത് പാടൽ.

↓

17. പക്ഷികളുടെയും മൃഗങ്ങളുടെയും ചലനങ്ങൾ (തവളച്ചാട്ടം, മുയൽ)

↓

18. കളിമണ്ണ്/മൈദ/പ്ലാസ്റ്റിസിൻ തുടങ്ങിയവ കുഴച്ച് വീടും പരിസരവും ഉണ്ടാക്കൽ (ഗ്രൂപ്പ് പ്രവർത്തനം)

↓

19. ചിത്രപസിലുകൾ ചെയ്യൽ.

## വർക്ക്ഷീറ്റ് - 2.1 ചിത്രം നോക്കി പറയൂ...നിറം നൽകൂ

**വികാസ മേഖലകൾ** :
- ഭാഷാവികാസം
- ശാരീരികചാലക വികാസം

**ശേഷികൾ** :
1. കണ്ടും കേട്ടും മനസ്സിലാക്കിയ സംഭവങ്ങൾ,അനുഭവങ്ങൾ എന്നിവ ആശയച്ചോർച്ച ഇല്ലാതെ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കഴിയുന്നു (16).
2. ചിത്രങ്ങൾക്ക് നിറം നൽകാൻ കഴിയുന്നു (5).
3. വസ്തുക്കളെ താരതമ്യം ചെയ്യുന്നതിന് ഗണിതഭാഷ ഉപയോഗിക്കാൻ കഴിയുന്നു. (കൂടുതൽ, കുറവ്) (39)
4. വസ്തുക്കൾ (പ്രകൃതിയിൽ നിന്നും ലഭിക്കുന്നവ/പാഴ് വസ്തുക്കൾ) ഉപയോഗിച്ച് കളിപ്പാട്ടങ്ങൾ നിർമിക്കുന്നു (83)

**ആശയം** : അമ്മ, അച്ഛൻ, മുത്തശ്ശൻ, മുത്തശ്ശി, ചേട്ടൻ/ചേച്ചി, അനുജൻ/അനുജത്തി എന്നിവർ കുടുംബത്തിലെ അംഗങ്ങളാണ്. അവർ വിവിധ ജോലികൾ ചെയ്യുന്നുണ്ട്.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്, മച്ചിങ്ങ, ഈർക്കിൽ, നൂൽ

**സന്ദർഭം** : കുടുംബാംഗങ്ങളുടെ വിശേഷങ്ങൾ ചോദിച്ച ശേഷം പ്രവർത്തനം അവതരിപ്പിക്കുന്നു.

**പ്രക്രിയ**

- ആഖ്യാനം

ചക്കിപ്പൂച്ച ഉണർന്നു. ദേഹം നക്കിത്തുടച്ചു. ങ്യാവൂ...ങ്യാവൂ അവൾ കിടപ്പുമുറിയിൽ ചെന്ന് കട്ടിലിൽ ചാടിക്കയറി. ങേ..ചിന്നുവും മിന്നുവും എവിടെ? അവർ നേരത്തെ ഉണർന്നോ? ചക്കിപ്പൂച്ച വരാന്തയിലേക്ക് ഓടിച്ചെന്നു. വരാന്തയിലെത്തിയ ചക്കി എന്തെല്ലാമാണ് കണ്ടത്?

- വർക്ക്ഷീറ്റ്-2.1 "ചിത്രം നോക്കി പറയൂ! നിറം നൽകൂ" നൽകുന്നു.
- ചിത്രവായന
  - ചിത്രത്തിൽ ആരൊക്കെ?
  - ചിന്നു ചക്കിയോട് എന്താണ് ചോദിച്ചത്?

- ചക്കി എന്തു പറഞ്ഞു കാണും?
- അപ്പൂപ്പൻ എന്തു ചെയ്യുന്നു? അച്ഛൻ എന്തു ചെയ്യുന്നു? അമ്മൂമ്മയോ?
- നിങ്ങളുടെ വീട്ടിൽ ഓരോരുത്തരും എന്തൊക്കെയാ ചെയ്യുക?

**ആഖ്യാനം** (തുടർച്ച)

അച്ഛൻ ചെടിക്ക് വെള്ളം ഒഴിക്കുകയായിരുന്നു. ചിന്നു പറഞ്ഞു "ദേ, അച്ഛാ പൂച്ച അച്ഛനെ സഹായിക്കാമെന്നു പറയുന്നു". അച്ഛൻ തിരിഞ്ഞു അപ്പോൾ ഹോസ് പൂച്ചയുടെ നേരെയായി. ഹോസിൽ നിന്നും വെള്ളം ചീറ്റി. പൂച്ച നനഞ്ഞു. ങ്യാവൂ.. അതോടി. അച്ഛൻ ചിരിച്ചു. അപ്പോൾ ഹോസ് അമ്മയുടെ നേരയായി. അമ്മ നനഞ്ഞു. ഓ, ഈ അച്ഛൻ. ചിന്നു പൈപ്പ് വാങ്ങി. അപ്പോൾ അറിയാതെ ഹോസ് അച്ഛനു നേരെയായി. അച്ഛൻ നനഞ്ഞു. അതു കണ്ട് അപ്പൂപ്പനും അമ്മൂമ്മയും പൊട്ടിച്ചിരിച്ചു. മിന്നു സോപ്പുമായി വന്നു. ഇനി കുളിച്ചോ. അതു കേട്ട് എല്ലാവരും ചിരിയോടു ചിരി. (ഈ കഥയിൽ ഒരാളുടെ കാര്യം മാത്രം പറഞ്ഞില്ല. ആരാണതെന്നു പറയാമോ?)

- വീട്ടിലെ അംഗങ്ങൾക്കു മാത്രം നിറം നൽകൂ.
- ഇനി ചിത്രത്തിലുള്ളവയ്ക്ക് നിറം നൽകൂ

**ടീച്ചർക്ക്** :

- കുടുംബാംഗങ്ങളുടെ ബന്ധങ്ങൾ പറയുമ്പോൾ പ്രാദേശിക ഭേദങ്ങൾ പരിഗണിക്കേണ്ടതുണ്ട്. (ഉദാ: അമ്മ, ഉമ്മ, വല്ല്യമ്മ, അച്ചമ്മ, അമ്മമ്മ, മുത്തശ്ശി, ഉമ്മുമ്മ, ചാച്ചൻ തുടങ്ങിയവർ)

***മച്ചിങ്ങാവണ്ടി ഉണ്ടാക്കാം***

ചിന്നുവും മിന്നുവും മച്ചിങ്ങകളുമായി അമ്മൂമ്മയുടെ അടുത്ത് ചെന്നു. അമ്മൂമ്മേ, മച്ചിങ്ങാ വണ്ടി ഉണ്ടാക്കിത്തരുമോ? അമ്മൂമ്മ രണ്ടു പേർക്കും മച്ചിങ്ങാവണ്ടി ഉണ്ടാക്കി കൊടുത്തു. ചിന്നുവും മിന്നുവും വണ്ടിയുരുട്ടി കളിച്ചു. നിങ്ങൾക്കും കളിക്കേണ്ടേ.

മച്ചിങ്ങകൾ 3 കൂട്ടമായി ഇടുന്നു. ഏത് കൂട്ടത്തിലാണ് കൂടുതൽ/കുറവ്? ഗണിത സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

ടീച്ചറുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് കുട്ടികൾ വണ്ടി ഉണ്ടാക്കുന്നു.

## വിലയിരുത്തൽ :

- ചിത്രത്തിലെ ആശയങ്ങൾ സങ്കോചമില്ലാതെ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കഴിയുന്നുണ്ട്.
- നിർദേശങ്ങൾക്കനുസരിച്ച് ചിത്രത്തിൽ നിറം നൽകാൻ കഴിയുന്നു.
- നിർദേശക്രമമനുസരിച്ച് കളിപ്പാട്ടം ഉണ്ടാക്കുന്നു.

## വർക്ക്ഷീറ്റ് - 2.2 മണൽച്ചിത്രം തയാറാക്കൂ.

**വികാസ മേഖലകൾ** : • ശാരീരികചാലക വികാസം
• സർഗാത്മക സൗന്ദര്യാത്മക വികാസം

**ശേഷി** : പ്രകൃതി വസ്തുക്കൾ (മണൽ, അറക്ക പ്പൊടി) ഉപയോഗിച്ച് കൊളാഷ് നിർമിക്കുന്നു (83)

**ആശയം** : പലതരം സസ്യങ്ങൾ വീടിനു ചുറ്റും വളർത്താറുണ്ട്.

**സാമഗ്രികൾ** : വർക്ക് ഷീറ്റ്, നിറമുള്ള മണൽ/പൊടി, പശ

**സന്ദർഭം** : വീടിനു ചുറ്റുമുള്ള സസ്യങ്ങളെയും പൂക്കളെയും കുറിച്ച് ചോദിച്ച ശേഷം വർക്ക്ഷീറ്റ് അവതരിപ്പിക്കുന്നു.

**പ്രക്രിയ**

• ആഖ്യാനം : മിന്നുവും ചിന്നുവും പൂന്തോട്ടത്തിൽ എത്തി. "ഹേയ്, മിന്നൂ...ചക്കീ... ഇതു കണ്ടോ നമ്മുടെ ചെടിയിൽ പൂവ് വിരിഞ്ഞു." "ചേച്ചീ....ഞാൻ മണത്തു നോക്കട്ടെ..." "ഹായ്! നല്ല മണം" ചക്കി ചെടിയിലുരുമ്മി. "ചേച്ചീ ഈ പൂവ് ഞാൻ പറിച്ചോട്ടെ?" "അയ്യോ! പൂവ് പറിക്കരുത്."
"വാ... മിന്നൂ... നിനക്ക് ഞാൻ പൂവുണ്ടാക്കി തരാം."
ചിന്നു പേപ്പറിൽ പൂവ് വരച്ചു. പൂവിൽ ഒരു പൂമ്പാറ്റ വന്നിരുന്നു. പൂമ്പാറ്റ അവരെ നോക്കി. "നല്ല പൂവ്! ശരിക്കും പൂവാണെന്നാ ഞാൻ വിചാരിച്ചത്." പൂമ്പാറ്റ പറന്നു പോയി. നിങ്ങൾക്കും കാണണ്ടേ ചിന്നു വരച്ച പൂവ്.

വർക്ക്ഷീറ്റ്-2.2 "മണൽച്ചിത്രം തയാറാക്കൂ!" നൽകുന്നു.

• വർക്ക്ഷീറ്റിൽ നൽകിയ ചിത്രത്തിനകത്ത് പശ പുരട്ടുന്നു.
• പശ തേച്ച ഭാഗത്ത് കുട്ടി നിറമുള്ള മണൽ വിതറുന്നു.
• ഉണങ്ങിയ ശേഷം പ്രദർശിപ്പിക്കുന്നു.

**ടീച്ചർക്ക്** : വ്യത്യസ്ത നിറം നൽകിയ മണൽ ഉപയോഗിക്കാവുന്നതാണ്. (നിറമുള്ള പൊടികളും ഉപയോഗിക്കാം)

## വിലയിരുത്തൽ :

- മണൽച്ചിത്രം പൂർത്തീകരിച്ചിട്ടുണ്ട്.
- ചിത്രത്തിന്റെ ആകർഷണീയത.

## വർക്ക്ഷീറ്റ് -2.3 വരച്ചു ചേർക്കൂ.

**വികാസ മേഖല** : വൈജ്ഞാനിക വികാസം

**ശേഷി** : വസ്തുക്കൾ/ചിത്രങ്ങൾ നിരീക്ഷിച്ച് കൂട്ടത്തിൽ പെടാത്തവ വേർതിരിച്ച് കാരണം പറയുവാൻ കഴിയുന്നു. (*33*)

**ആശയം** : കട്ടിൽ, മേശ, കസേര, പാത്രങ്ങൾ തുടങ്ങിയ ഉപകരണങ്ങൾ വീട്ടിൽ ഉണ്ട്.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, പാട്ടുകൾ

**സന്ദർഭം** : വീട്ടിൽ കയറാം കളി, വീട്ടുപകരണങ്ങളുടെ ഉപയോഗം എന്നീ പ്രവർത്തനങ്ങളുടെ തുടർച്ചയായി വർക്ക്ഷീറ്റ് നൽകാം.

**പ്രക്രിയ**

• കളി : **ജയ് ജയ് കളി**

* തറയിൽ അടുക്കള, സ്വീകരണമുറി, കിടപ്പുമുറി, കുളിമുറി, എന്നിവ ചോക്കുകൊണ്ട് വരയ്ക്കുന്നു. ഓരോ മുറിയും കുട്ടിക്ക് മനസ്സിലാകുവാൻ ഓരോ ഉപകരണവും വരയ്ക്കുന്നു. (അടുക്കള-കലം, സ്വീകരണമുറി-ടി.വി, കിടപ്പുമുറി-കട്ടിൽ, കുളിമുറി-ബക്കറ്റ്)

• പാട്ട്

* ടീച്ചർ പാടുന്നു:
  മുറിയിൽ കയറാം കൂട്ടരേ (2)
  ഓടി ഓടി മുറിയിൽ കയറാം (3)
  (കുട്ടികൾ വട്ടത്തിൽ ഓടുന്നു)
* ടീച്ചർ പാട്ടു നിർത്തുമ്പോൾ കുട്ടികൾ ഓടി അവർക്കിഷ്ടമുള്ള മുറിയിൽ കയറുന്നു.
* കയറിയ ഉടനെ മുറിയിലുള്ള ഏതെങ്കിലും ഒരു ഉപകരണത്തിന്റെ പേര് ഓരോരുത്തരും പറയണം
* പേരു പറഞ്ഞില്ലെങ്കിൽ കളിയിൽ നിന്ന് ഔട്ടാകും.
* ഉപകരണത്തിന്റെ പേരു പറഞ്ഞു കഴിഞ്ഞാൽ അവർ ജയ് വിളിക്കും -അടുക്കള കീ ജയ്.

  തുടർന്ന് കുട്ടികളും ടീച്ചറും ചേർന്ന് പാടുന്നു.

“എനിക്ക് നല്ലൊരു വീടുണ്ടേ
വീട്ടിൽ മുറികളുപലതുണ്ടേ
കിടന്നുറങ്ങാൻ കിടപ്പുമുറി
പാകം ചെയ്യാൻ അടുക്കളയും
കുളിക്കാൻ നല്ലൊരു കുളിമുറിയും
....................................(വരികൾ കൂട്ടിച്ചേർത്ത് പാടുന്നു.)

• ആഖ്യാനം: ഉണ്ണിക്കുട്ടാ വാ, നമുക്ക് ഒളിച്ചു കളിക്കാം. ചിന്നുവും മിന്നുവും ഉണ്ണിക്കുട്ടനും ചക്കിപ്പൂച്ചയും ഒളിച്ചു കളിക്കാൻ തുടങ്ങി. ‘ഞാൻ എണ്ണാം’ ചിന്നു പറഞ്ഞു. ‘ഒന്ന്, രണ്ട്, മൂന്ന് ........’ എല്ലാവരും ഒളിച്ചോ....കൂയ്...

എല്ലാവരും പോയി ഒളിച്ചു. ചിന്നു പതുങ്ങി പതുങ്ങിച്ചെന്നു നോക്കി. ഓരോരുത്തരും ഓരോരോ മുറിയിലാണ് ഒളിച്ചത്. കിടപ്പുമുറിയിലേക്ക് ചിന്നു കയറി. കട്ടിലിൽ ആരോ മൂടിപ്പുതച്ചു കിടക്കുന്നു. ഉണ്ണിക്കുട്ടനാകും. അവൾ പുതപ്പ് വലിച്ചെടുത്തു. രണ്ടു തലയിണകൾ നെടുകെ വെച്ചിരിക്കുകയായിരുന്നു. കട്ടിലിനടിയിൽ ഒരു അനക്കം. അവൾ കണ്ടേ കണ്ടേ..പറഞ്ഞു കുനിഞ്ഞു നോക്കി. അത് പട്ടിക്കുട്ടിയായിരുന്നു. ഉണ്ണിക്കുട്ടനെ കാണാനില്ല. എവിടെയൊളിച്ചു?

പോം...പോം...പോം...എന്താ ശബ്ദം. ചിന്നു ഗേറ്റിനടുത്തേയ്ക്ക് ഓടി. ഒരു ‘ടെമ്പോ’. ചിന്നു ഓടിച്ചെന്ന് ഗേറ്റ് തുറന്നു. അപ്പോൾ ഉണ്ണിക്കുട്ടനോടി വന്ന് തൊട്ടു. “ചിന്നു തോറ്റേ.” അവൻ വിളിച്ചു പറഞ്ഞു. “ദേ ഉണ്ണിക്കുട്ടാ ടെമ്പോയിൽ എന്തൊക്കെയാ കൊണ്ടുവന്നിരിക്കുന്നതെന്ന് നോക്കൂ!” എന്തൊക്കെയായിരിക്കും? കുട്ടികൾ ഊഹിച്ചു പറയുന്നു. ശരി നമുക്ക് നോക്കാം

• വർക്ക്ഷീറ്റ്-2.3 “വരച്ച് ചേർക്കൂ!”നൽകുന്നു.

• ചിത്രവായന
  - ടെമ്പോയിൽ കണ്ടുവന്ന സാധനങ്ങൾ ഏതൊക്കെ?
  - ചിത്രം നിരീക്ഷിച്ച് പറയൽ.
  - ഏതൊക്കെ മുറികളാണിവ?
  - മുറിയിൽ എന്തൊക്കെയുണ്ട്?
  - ഇവ ഓരോന്നും ഏതൊക്കെ മുറികളിലാണ് വേണ്ടത്?

- ലഘു ചർച്ചക്കു ശേഷം കുട്ടികൾ വസ്തുക്കളെ അനുയോജ്യമായ മുറികളിലേക്ക് വരച്ച് യോജിപ്പിക്കുന്നു.

## വിലയിരുത്തൽ :

- വസ്തുക്കളെ അനുയോജ്യമായ മുറികളിലേക്ക് വരച്ച് ചേർത്തിട്ടുണ്ട്.
- വരച്ചുയോജിപ്പിച്ചതിന്റെ യുക്തി പറയാൻ കഴിയുന്നുണ്ട്.

## വർക്ക്ഷീറ്റ് -2.4 പൂവ് വരയ്ക്കാം, നിറം നൽകാം.

**വികാസ മേഖലകൾ** :
- സർഗാത്മക-സൗന്ദര്യാത്മക വികാസം
- ശാരീരിക ചാലകവികാസം
- ഭാഷാവികാസം

**ശേഷി** : പ്രകൃതിയെ ആസ്വദിക്കാനും ചിത്രത്തിലൂടെ പ്രകടിപ്പിക്കാനും നിറം നൽകാനും കഴിയുന്നു. (80)

**ആശയം** : പലതരം സസ്യങ്ങൾ വീടിനുചുറ്റും നട്ടു വളർത്തുന്നുണ്ട്.

**സന്ദർഭം** : പൂന്തോട്ടത്തിലേക്ക് പ്രകൃതിയാത്ര നടത്തിയതിന് ശേഷം.

**പ്രക്രിയ**

- അനുഭവം പങ്കിടൽ – പൂന്തോട്ടത്തിൽ എന്തെല്ലാം കണ്ടു? (ലഘു ചോദ്യങ്ങളിലൂടെ കുട്ടികൾ കണ്ട കാഴ്ചകൾ അവരിപ്പിക്കാൻ അവസരം നൽകണം)
- ആഖ്യാനം (തുടർച്ച) – മിന്നുമോൾ രാവിലെ ഉണർന്നു. വായും മുഖവും കഴുകി അവൾ പൂന്തോട്ടത്തിലേക്ക് ഓടി. ഹായ്! ചെടിയിൽ ഇന്നലെ കണ്ട മൊട്ട് വിരിഞ്ഞിരിക്കുന്നു. മനോഹരമായ പൂവ്! നല്ല നിറം! മണവുമുണ്ട്. നല്ല മിനുസമുള്ള ഇതളുകൾ. മിന്നുവിന് പൂന്തോട്ടത്തിലെ പൂവ് വരയ്ക്കാൻ കൊതിയായി. തന്റെ കൂട്ടുകാർക്ക് കാണിച്ചു കൊടുക്കണം. മിന്നു വിചാരിച്ചു. മിന്നു വരച്ച ചെടിയുടെ ചിത്രം നോക്കൂ!
- വർക്ക്ഷീറ്റ്-2.4 "പൂവ് വരയ്ക്കാം നിറം നൽകാം" നൽകുന്നു.
  - മിന്നു വരച്ച ചെടിയിൽ പൂവ് വരച്ച് നിറം നൽകാമോ?
  - ചെടിയിൽ പൂവ് വരച്ച് നിറം നൽകുന്നു.
- ആഖ്യാനം (തുടർച്ച) : "എവിടുന്നാണീ മണം?" പിങ്കു തേനീച്ച പുതുതായി വിരിഞ്ഞ പൂവ് അന്വേഷിച്ച് പറന്നു.
  പിങ്കു വന്ന വഴി വരയ്ക്കാമോ?
  തേനീച്ചയെ പൂവിനടുത്തേക്ക് എത്തിക്കാം.
  വരച്ചു പൂർത്തിയാക്കുന്നു.
  (പ്രാഗ്ലേഖന പ്രവർത്തനം)

## വിലയിരുത്തൽ :

- പൂവ് വരച്ച് നിറം നൽകാൻ കഴിയുന്നുണ്ട്.
- നിറം നൽകിയതിലെ മികവ്
- വഴി വരയ്ക്കാൻ കഴിയുന്നുണ്ട്.

**തുടർപ്രവർത്തനം** :

കൊക്കുള്ള കാക്ക
കാ കാ കാക്ക
കറു കറുത്ത കാക്ക
ഹായ് ഹായ് കാക്ക

**ഞാൻ ചക്കിപ്പൂച്ചയെക്കുറിച്ച് ഒരു പാട്ടു പാടാം. അമ്മൂമ്മ പറഞ്ഞു.**

1) മീശയുള്ള പൂച്ച
മ്യാവ് മ്യാവ് പൂച്ച
വെളു വെളുത്ത പൂച്ച
ഹായ് ഹായ് പൂച്ച
(എല്ലാവരും ഏറ്റു പാടി)

2) വാലുള്ള പട്ടി
ബൗ ബൗ പട്ടി
കറു കറുത്ത പട്ടി
ഹായ് ഹായ് പട്ടി

3) ചിന്നു വരച്ച ചിത്രത്തെ കുറിച്ച് പാടാം
മണമുള്ള പൂവ്
............... പൂവ്
...........................
ഹായ് ഹായ് പൂവ്

# തീം 3 ഞാനും എന്റെ ശരീരവും

ഓരോ പുതിയ തീമും അവതരിപ്പിക്കുമ്പോൾ നേരത്തെ അവതരിപ്പിച്ച തീമുകളിലെ ആശയങ്ങൾ വീണ്ടും കടന്നു വരാം. വീട്, കുടുംബം എന്നിവയിലെ ചില ആശയങ്ങൾ ഞാനും എന്റെ ശരീരവും എന്ന പ്രമേയത്തിലും വരാം. ആരോഗ്യം അവതരിപ്പിക്കുമ്പോഴും വരാം. ചാക്രികമായ രീതിയിലുള്ള അനുഭവങ്ങളാണവ എന്ന ധാരണ വേണം. വർക്ക് ഷീറ്റിലും സമാനമായ ആശയപരിസരം വരാം. അത്തരം പുനരനുഭവസന്ദർഭങ്ങളിൽ കൂടുതൽ വിശദാംശങ്ങളിലേക്ക് ചർച്ചയും സംഭാഷണവും പോകണം.

## പ്രവർത്തനക്രമം

1. ശരീരാവയവങ്ങൾ പ്രമേയമായി വരുന്ന പാട്ടുകൾ, ആംഗ്യപ്പാട്ടുകൾ

↓

2. ശുചീകരണപ്രവർത്തനങ്ങൾ

↓

3. സ്വതന്ത്രഭാഷണം ( വ്യക്തിശുചിത്വം)

↓

4. വർക്ക്ഷീറ്റ് 3.1 "ഏറ്റു പാടൂ ചുറ്റും വരയ്ക്കൂ" നൽകൽ

↓

5. പാവകളി/കഥ ടോയ്‌ലറ്റ് ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യം.

↓

6. ആഖ്യാനം-വർക്ക്ഷീറ്റ് 3.2 "അടുക്കി വയ്ക്കൂ വൃത്തിയാക്കൂ" നൽകണം

↓

7. അഭിനയക്കളികൾ (പല്ല് തേപ്പ്, കുളി, സോപ്പു തേക്കൽ).

↓

8. വർക്ക്ഷീറ്റ് 3.3 "ഞാനുപയോഗിക്കുന്നവ" നൽകൽ

↓

9. നിറം നൽകൽ

↓

10. കൂട്ടിച്ചേർത്ത് പാടൽ

↓

11. ക്ലാസ് ശുചീകരണം

↓

12. തൂവാല കഴുകിയുണക്കൽ

↓

13. കൈയിൽ അഴുക്കു പുരണ്ടാൽ
പാട്ട് വീണ്ടും പാടുന്നു. (നിത്യം കുളിക്കണം,പല്ലു തേച്ചീടണം ഊന്നൽ വരികൾ) ഇതിന് വേണ്ട സാമഗ്രികൾ /ഉപകരണങ്ങൾ ചർച്ച.

↓

14. മച്ചിങ്ങ മനുഷ്യൻ നിർമാണം

↓

15. മേനിപറച്ചിൽ

↓

16. കടങ്കഥ

↓

17. റോൾപ്ലേ

## വർക്ക്ഷീറ്റ് -3.1 ഏറ്റുപാടൂ, ചുറ്റും വരയ്ക്കൂ.

**വികാസ മേഖലകൾ** :
- ഭാഷാവികാസം
- വൈജ്ഞാനിക വികാസം

**ശേഷികൾ** :
1. കഥാഗാനങ്ങളിലെ വരികളെ ചിത്രങ്ങളുമായി ബന്ധിപ്പിച്ച് പറയാൻ കഴിയുന്നു (20).
2. ആരോഗ്യ ശീലങ്ങൾ, ശുചിത്വ ശീലങ്ങൾ എന്നിവയെക്കുറിച്ച് അറിയുന്നു (36).

**ആശയം** : ശരീരം വൃത്തിയായി സൂക്ഷിക്കണം. (കുളിക്കണം, പല്ലുതേക്കണം, നഖം മുറിക്കണം, വൃത്തിയുള്ള വസ്ത്രം ധരിക്കണം).

**സാമഗ്രികൾ** : മണ്ണ് കുഴച്ചത്, ബക്കറ്റ്, വെള്ളം, പത്രക്കടലാസ്, തുണിക്കഷണങ്ങൾ, ക്രയോൺസ്/ പെൻസിൽ

**സന്ദർഭം** : 'കളിപ്പാട്ടം' പേജ് 200-ലെ 'കൈയും വായും' എന്ന പാട്ട് അവതരിപ്പിക്കുന്ന സന്ദർഭം.

**പ്രക്രിയ**

- പാവനാടകം : ചുവടെ കൊടുത്തിരിക്കുന്ന കഥ പാവനാടകമായി അവതരിപ്പിക്കുന്നു. (സ്ക്രിപ്റ്റ് തയ്യാറാക്കണം)

മീനുവും ജോജിയും മണ്ണപ്പം ചുട്ടു. മണ്ണ് കുഴച്ച് ചിരട്ടയിൽ നിറച്ചു. മീനു മൂന്നെണ്ണമുണ്ടാക്കി. "ജോജീ, നീ എത്ര അപ്പം ചുട്ടു?" "നീ തന്നെ എണ്ണി നോക്കൂ." ഒന്ന്, രണ്ട്, മൂന്ന്, നാല്. നാലെണ്ണമാണ് ചുട്ടത്. അപ്പോഴാണ് അമ്മ ആഹാരം കഴിക്കാൻ വിളിച്ചത്. അവർ ആഹാരം കഴിക്കാൻ പോയി. അമ്മ അപ്പം വിളമ്പി കടലക്കറിയും ഒഴിച്ചു. രണ്ടു പേരും കഴിക്കാൻ തുടങ്ങി. കഴിക്കാൻ വരട്ടെ. "അതെന്താ അമ്മേ?" "രണ്ടുപേരും കൈ കാണിക്കൂ."

"കൈയ്ക്ക് വൃത്തിയുണ്ടോ?"

"ഞാൻ കൈ നന്നായി കഴുകിയതാ." മീനു പറഞ്ഞു.

ഞാൻ നന്നായി തുടച്ചതാ അഴുക്കൊന്നുമില്ല ജോജി പറഞ്ഞു. മീനു നോക്കി. ശരിയാണ്. ജോജിയുടെ കൈയിൽ അഴുക്കില്ല. ആരുടെ കൈയായിരിക്കും വൃത്തിയുള്ളത് (സ്വതന്ത്ര പ്രതികരണം) "ജോജീ, കൈകൾ കമഴ്ത്തി വെക്കൂ.'' ജോജി കൈകൾ കമഴ്ത്തി വെച്ചു. "ദേ കണ്ടോ?" മൂവരും നോക്കി. നഖങ്ങൾക്കിടയിൽ കറുത്ത എന്തോ ഉണ്ട്. മണ്ണ്! "അമ്മേ ഞാൻ കൈ കഴുകി വരാം. മീനുനിന്റെ കൈ കാണിക്ക്." മീനു കൈകൾ കമഴ്ത്തി വച്ചു. "അതാ നഖങ്ങൾക്കിടയിൽ മണ്ണ്." "ഞാൻ കൈകഴുകിയതാണ്." മീനു പറഞ്ഞു. "വെള്ളമൊഴിച്ചാൽ കൈകഴുകലാവില്ല. മോള് മണ്ണിൽ കളിച്ചതല്ലേ. നന്നായി കഴുകണം. നഖവും വെട്ടണം."

അമ്മ രണ്ടു പേർക്കും ഒരു പാട്ടു പാടികൊടുക്കുന്നു.

'കയ്യിൽ അഴുക്കു പുരണ്ടെന്നാൽ....'

'കളിത്തോണി'യിലെ പാട്ട് ടീച്ചറും കുട്ടികളും ചേർന്ന് പാടുന്നു.

• വർക്ക്ഷീറ്റ്-3.1 "ഏറ്റ് പാട്ട് പാടൂ, ചുറ്റും വരയ്ക്കൂ" നൽകുന്നു.

• അഭിനയം
  • പാട്ടിലെ രംഗങ്ങൾ പറയുന്നതനുസരിച്ച് അഭിനയിക്കൽ/ആംഗ്യം കാണിക്കൽ.
  • ചിത്രം നോക്കി മീനുവും ജോജിയും ചെയ്യുന്ന പ്രവൃത്തികൾ കുട്ടികൾ പറയുന്നു.

• വട്ടം വരയ്ക്കൽ
  • ടീച്ചർ രണ്ടു വരി പാടുമ്പോൾ ആശയത്തിന് അനുയോജ്യമായ ചിത്രത്തിനു ചുറ്റും വരയ്ക്കണം.

• നിർമാണം
  • ടീച്ചർ എല്ലാവർക്കും കുഴച്ച മണ്ണ് നൽകുന്നു. (ചെറിയ ഉണ്ടകൾ)
    * കൈപ്പത്തികളിൽ വച്ച് പരത്തി അപ്പമുണ്ടാക്കുന്നു.
    * പത്രക്കടലാസിൽ 4 വീതമുള്ള കൂട്ടങ്ങളാക്കി പ്രദർശിപ്പിക്കുന്നു. (ഗണിതപരമായ സാധ്യതകൾ പ്രയോജനപ്പെടുത്താം)
    * തുണിക്കഷണം ഉപയോഗിച്ച് കൈവൃത്തിയാക്കുന്നു.
    * തുടർന്ന് ഓരോരുത്തരും ഓരോ കപ്പ് വെള്ളത്തിൽ കൈമുക്കി കഴുകുന്നു. (ഒരാൾ കൈ കഴുകിയതിനു ശേഷം വെറെ വെള്ളത്തിലാണ് മറ്റൊരാൾ കഴുകേണ്ടത്)
    * വൃത്തിയാക്കിയ കൈകളിലും അഴുക്കുണ്ടെന്ന് ബോധ്യപ്പെടുന്നു

**വിലയിരുത്തൽ** - പാട്ടിലെ ആശയങ്ങളെ ചിത്രങ്ങളുമായി ബന്ധിപ്പിക്കാൻ കഴിയുന്നു.
- ആരോഗ്യ ശീലങ്ങൾ/ശുചിത്വ ശീലങ്ങൾ തിരിച്ചറിഞ്ഞ് പറയാൻ സാധിക്കുന്നു.

## വർക്ക്ഷീറ്റ് -3.2 അടുക്കിവെയ്ക്കൂ, വൃത്തിയാക്കൂ.

**വികാസ മേഖലകൾ** :
- ഭാഷാവികാസം
- സാമൂഹിക വൈകാരിക വികാസം

**ശേഷികൾ** :
1. ആരോഗ്യ ശുചിത്വ ശീലങ്ങളെക്കുറിച്ച് അറിയുന്നു (47).
2. വസ്തുക്കളുടെയും സംഭവങ്ങളുടെയും ചിത്രങ്ങൾ നിരീക്ഷിച്ച് വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്ന ു (21).

**ആശയം** : വീടും ചുറ്റുപാടും ക്ലാസ്സും വൃത്തിയായി സൂക്ഷിക്കണം.

**സാമഗ്രികൾ** : ക്ലാസ് മുറി ശുചീകരിക്കുന്നതിനുള്ള ഉപകരണങ്ങൾ

**സന്ദർഭം** : ശുചീകരണ പ്രവർത്തനങ്ങൾ എന്ന പ്രവർത്തനത്തെ തുടർന്ന്.

**പ്രക്രിയ**

• ആഖ്യാനം : ക്ലാസിൽ കുട്ടികൾ ഓടിച്ചാടി കളിക്കുന്നത് കണ്ടപ്പോൾ മേശയ്ക്കും കസേരയ്ക്കുമെല്ലാം കളിക്കാൻ കൊതിയായി. മേശ നീങ്ങി നീങ്ങിച്ചെന്ന് മൂലക്കിരുന്നു. കസേരകൾ "തൊട്ടേ, പിടിച്ചേ"

കളിച്ചു. ഡസ്റ്റർ തവളച്ചാട്ടം നടത്തി. കലണ്ടർ "കാറ്റിൽപ്പറന്നു വട്ടം ചുറ്റി". കുടകൾ "ഞൊണ്ടിക്കളിച്ചു". ആകെ ബഹളം. ടീച്ചർ വരുന്നു. കുട്ടികൾ വരുന്നു. എന്തു ചെയ്യും? അവർ അനങ്ങാതെ അവിടെത്തന്നെ നിന്നു. എല്ലാവരും ക്ലാസിൽ കയറിനോക്കിയപ്പോൾ ആകെ അലങ്കോലപ്പെട്ടു കിടക്കുന്നു. ആരാ ഈ പണി കാണിച്ചത്? ഓരോന്നിനേയും അതാതിന്റെ സ്ഥാനത്തിരുത്താമോ?

- വർക്ക്ഷീറ്റ്-3.2 "അടുക്കിവയ്ക്കൂ! വൃത്തിയാക്കൂ!" നൽകുന്നു.

* ഓരോ വസ്തുവും അതതിന്റെ സ്ഥാനം കണ്ടെത്തി സ്വതന്ത്രമായി വരച്ചു യോജിപ്പിക്കുന്നു.
* എല്ലാവരും വരച്ചത് ഒരുപോലെയാണോ?
* വ രച്ചു ചേർത്തതിന്റെ യുക്തി വിശദീകരിക്കുവാൻ അവസരം നൽകുന്നു.

**ശുചീകരണം**

* എങ്കിൽ നമുക്ക് നമ്മുടെ ക്ലാസ് വൃത്തിയാക്കിയാലോ?
* ക്ലാസ്മുറിയിലെ വസ്തുക്കൾ അടുക്കി വെക്കുന്നു.

**പാട്ട്**

അപ്പോൾ ഒരു പാട്ട് കേട്ടു. കസേരയും മേശയും ഒക്കെ പാടു കയാണ്.

"തൊട്ടേ പിടിച്ചേ കളിക്കാം
കാറ്റിൽ പാറി നടക്കാം
തവളച്ചാട്ടം ചാടാം
ഞൊണ്ടിക്കളിച്ചു രസിക്കാം"

മേശയും കസേരയും കുടയും കലണ്ടറും കൂട്ടമായി പാടിത്തുടങ്ങി.
കുഞ്ഞുകസേരകൾ തമ്മിൽ കൈകൊട്ടിപ്പാടി രസിച്ചു.
കുട്ടികൾ താളം പിടിച്ചു രസിച്ചു.

## വിലയിരുത്തൽ :

- ശരിയായ സ്ഥാനത്തേക്ക് വരച്ച് ചേർത്തിട്ടുണ്ട്.
- ക്ലാസ്സ്മുറി വൃത്തിയാക്കുന്നതിലെ പങ്കാളിത്തം.
- വരച്ചു ചേർത്തതിന്റെ കാരണം വിശദീകരിക്കുന്നുണ്ട്

## വർക്ക്ഷീറ്റ് -3.3 ഞാനുപയോഗിക്കുന്നവ.

| | | |
|---|---|---|
| **വികാസ മേഖല** | : | ഭാഷാവികാസം. |
| **ശേഷി** | : | ചിത്രങ്ങൾ, വസ്തുക്കൾ, പ്രകൃതി എന്നിവ കണ്ട് ആശയങ്ങൾ പറയാൻ കഴിയുന്നു (14). |
| **ആശയം** | : | ശരീരം വൃത്തിയായി സൂക്ഷിക്കണം. |
| **സാമഗ്രികൾ** | : | സോപ്പ് പെട്ടി/കവർ/റാപ്പർ, ടൂത്ത് പേസ്റ്റ് കവറുകൾ<br>കത്രികകൾ, പശ |
| **സന്ദർഭം** | : | ശുചിത്വശീലങ്ങളുമായി ബന്ധപ്പെട്ട ചർച്ച, കളിപ്പാട്ടം പേജ്-90 ലെ ശരീരശുചിത്വം പാലിക്കാൻ എന്ന പ്രവർത്തനത്തിലെ ചർച്ച. |

**പ്രക്രിയ**

- പേരുപറയൽ – ശരീരശുചിത്വത്തിന് ഉപയോഗിക്കുന്ന വസ്തുക്കളുടെ (സോപ്പ്, പേസ്റ്റ്, ബ്രഷ്, ചെരുപ്പ്) കവറു

കൾ, ലേബലുകൾ, റാപ്പറുകൾ മുൻകൂട്ടി ശേഖരിച്ചവ ടീച്ചർ പ്രദർശിപ്പിക്കുന്നു.

- ഓരോന്നിന്റെയും പേരുകൾ ടീച്ചറും കുട്ടികളും ചേർന്ന് വായിക്കുന്നു.

വർക്ക്ഷീറ്റ് 3.3 "ഞാനുപയോഗിക്കുന്നവ" നൽകുന്നു.

- ചിത്രവായന
  - ചിത്രത്തിൽ കുട്ടികൾ എന്താണ് ചെയ്യുന്നത്?
  - കുളിക്കുന്ന കുട്ടിക്ക് ആവശ്യമുള്ള വസ്തുവിന്റെ റാപ്പർ/കവർ എല്ലാവരും എടുക്കുന്നു.
  - താഴെയുള്ള കുട്ടി എന്താണ് ചെയ്യുന്നത്? അവർക്കു വേണ്ട വസ്തുവിന്റെ കവർ ഏതാണ്?
- ഒട്ടിക്കൽ
  - കുട്ടികൾ ശേഖരിച്ചുകൊണ്ടുവന്ന ലേബലുകൾ, കവറുകൾ ആവശ്യമുള്ള വലിപ്പത്തിൽ മുറിച്ചെടുത്ത് വർക്ക്ഷീറ്റിൽ യോജിച്ച കളത്തിൽ ഒട്ടിക്കുന്നു.
  - സ്വയവും പരസ്പരവും കൈമാറി ലേബൽ ഊഹിച്ച് പറയുന്നു.

## വിലയിരുത്തൽ :

- കവറുകളും റാപ്പറുകളും ശേഖരിച്ചിട്ടുണ്ട്.
- പ്രാഗ് വായനയിൽ ഏർപ്പെടാൻ സാധിച്ചിട്ടുണ്ട്.
- ചിത്രത്തിന് അനുയോജ്യമായവ തന്നെയാണ് ഒട്ടിച്ചത്.

## വർക്ക്ഷീറ്റ് -3.4 ഏതുവഴി പോകണം ?

**വികാസ മേഖല** : വൈജ്ഞാനിക വികാസം

**ശേഷി** : ആരോഗ്യ ശുചിത്വ ശീലങ്ങളെക്കുറിച്ച് അറിയുന്നു (36).

**ആശയങ്ങൾ** :
- ശരീരം വൃത്തിയായി സൂക്ഷിക്കണം.
- ശരീരം വൃത്തിയായി സൂക്ഷിച്ചില്ലെങ്കിൽ അസുഖം വരും.

**സന്ദർഭം** : തീമിലെ വിലയിരുത്തൽ പ്രവർത്തനമായി അവതരിപ്പിക്കാം.

**പ്രക്രിയ**

വർക്ക്ഷീറ്റ് 3.4 "ഏത് വഴി പോകണം?" നൽകുന്നു.

- ചിത്രവായന
  - ചിത്രത്തിൽ എന്തൊക്കെ?
  - ഓരോ കുട്ടിയും എന്തൊക്കെ കാര്യങ്ങൾ ചെയ്യുന്നു?
  - വർക്ക്ഷീറ്റിലെ വഴികൾ പരിചയപ്പെടുത്തുന്നു.
  - ഏതു വഴി പോകാനാണ് നിങ്ങൾക്കിഷ്ടം?
  - തിരഞ്ഞെടുത്ത വഴിക്ക് നിറം നൽകുന്നു.
  - നിറം കൊടുത്ത വഴി, എന്തുകൊണ്ട് തിരഞ്ഞെടുത്തു എന്ന് വിശദീകരിക്കുന്നു.

## വിലയിരുത്തൽ :

- ശരിയായ വഴി തെരഞ്ഞെടുത്തിട്ടുണ്ട്.
- എന്തുകൊണ്ടെന്ന് വിശദീകരിക്കാൻ കഴിയുന്നുണ്ട്.
- കൃത്യതയോടെ വഴിക്ക് നിറം നൽകാൻ സാധിച്ചിട്ടുണ്ട്.

# തീം 4 മഴയും കാലാവസ്ഥയും

നിർമാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വർക് ഷീറ്റുകൾ നൽകുമ്പോൾ കുട്ടികൾക്ക് കൂടുതൽ പിന്തുണ ആവശ്യമാണ്. അവരുടെ വേഗത കുറവായിരിക്കും. ഓരോ നിർദേശവും നൽകി അത് എല്ലാവരും പൂർത്തീകരിച്ചു എന്നുറപ്പാക്കിയിട്ടുവേണം അടുത്തതിലേക്ക് പോകേണ്ടത്. ചിലപ്പോൾ മാതൃക കാട്ടിക്കൊടുക്കണം. പ്രയാസം നേരിടുന്ന കുട്ടിക്ക് കൈത്താങ്ങ് നൽകുകയാണ് വേണ്ടത്. അല്ലാതെ ഉല്പന്നം അധ്യാപിക ഉണ്ടാക്കിക്കൊടുക്കലല്ല. ശേഷി വികസിക്കേണ്ടത് കുട്ടിയുടേതാണ് എന്ന കാര്യം വിസ്മരിക്കരുത്. ചില പുതിയ പ്രവർത്തനസൂചനകളും ഇവിടെ നൽകിയിട്ടുണ്ട്. എല്ലാ വികാസ മേഖലകൾക്കും പരിഗണന ലഭിക്കുന്നതിനായിട്ടാണ്. അനുയോജ്യമെന്നു തോന്നുന്നത് പ്രയോജനപ്പെടുത്തണം.

## പ്രവർത്തനക്രമം

1. വേനൽക്കാലം-കഥ
↓
2. വർക്ക് ഷീറ്റ് 4.1 "വഴികണ്ടെത്താം" നൽകൽ (അടുത്ത്/അകലെ)
↓
3. മഴപ്പാട്ട് - (1)
↓
4. കുടച്ചിത്രം വര (സ്റ്റെൻസിൽ) നിറം നൽകൽ.
↓
5. എത്രകുടകൾ? എണ്ണൽ, കൂട്ടങ്ങളാക്കൽ
↓
6. കുടയിൽ മഴവരയ്ക്കൽ
↓
7. കൊളാഷ് കുട, വർക്ക് ഷീറ്റ് 4.2 "വരയ്ക്കാം ഒട്ടിക്കാം" നൽകൽ
↓
8. കുടയിൽ കയറാം കളി
↓
9. മഴപ്പാട്ട് (2)
↓
10. മഴയാത്രാനുഭവം പറയൽ
↓
11. വർക്ക് ഷീറ്റ് 4.3 'കളിവള്ളം' നൽകൽ
↓
12. തോണി നിർമാണം (ഒറിഗാമി)
↓
13. തോണികൾ കൂട്ടങ്ങളാക്കൽ (3 വരെ) കൂടുതൽ/കുറവ് കണ്ടെത്തൽ
↓
14. ജിഗ്സോപസിലുകൾ (തോണി, കുട, മീൻ)
↓
15. തറയിൽ ചിത്രം വരയ്ക്കൽ (പുഴ, മീൻ, തോണി....)
↓
16. കഥ-മണ്ണാങ്കട്ടയും കരിയിലയും.
↓
17. ചൂടും തണുപ്പും തൊട്ടറിയാം.
(ഗ്ലാസിൽ നിറച്ച് ചൂടുവെള്ളം, പച്ച വെള്ളം, ഐസ് വെള്ളം)

↓

18. മഴക്കാലത്തെ കാഴ്ചകൾ, അനുഭവങ്ങൾ പറയൽ.
↓

19. വർക്ക്ഷീറ്റ് 4.4 “ഹായ്! മഴ” നൽകൽ
(ചിത്രവായന, നിറം നൽകൽ)
↓

20. മഴപ്പാട്ട് (3)
↓

21. മഴവെള്ളത്തിൽ വീണ ഉറുമ്പ്
കഥ കണ്ടെത്തൽ 4.5 “കഥ പറയാമോ?” നൽകൽ
↓

22. മഴനൃത്തം/എയറോബിക്സ് ചുവടുകൾ വെക്കൽ
(രക്ഷപ്പെട്ടവരും കൂട്ടുകാരും ചേർന്ന നൃത്തം)
↓

23. കുടയില്ലാത്തവർക്ക് കുട നൽകൽ-നിർമ്മാണം
(ഉരുളക്കിഴങ്ങ്/സവാള/കാരറ്റ് കുടയുടെ ആകൃതിയിൽ വെട്ടി ചായത്തിൽ പതിച്ച് പ്രിന്റ് ചെയ്യൽ)
↓

24. ചിത്രം (കുട) ഉപയോഗിച്ച് മുകളിൽ/താഴെ അവതരണം. കുട, തൊപ്പി, മഴക്കോട്ട് ഉപയോഗം പറയൽ
↓

25. മഴയിൽ/വെള്ളത്തിൽ/ചെളിയിൽ നടക്കുന്ന അനുഭവം അഭിനയിക്കൽ
↓

26. ചോദ്യോത്തരപ്പാട്ട്
↓

27. തോണി തുഴയൽ കളി
↓

28. കടങ്കഥകൾ പറഞ്ഞു കളിക്കാം (മീൻ, തവള, കുട...)
പ്രകൃതി നടത്തം (മഴക്കാല മാറ്റങ്ങൾ-സസ്യവളർച്ച, ജീവികൾ...)
↓

29. വർക്ക്ഷീറ്റ് 4.6 “മഴക്കാലവും വേനൽക്കാലവും” നൽകൽ
-വ്യത്യാസം കണ്ടെത്തൽ.
↓

30. ചിത്രവിവരണം (വർക്ക്ഷീറ്റ് 4.6)
↓

31. കൂട്ടപ്പാട്ട്- (മഴ/തോണിപ്പാട്ട്)
താളം കൊട്ടിപ്പാടൽ
↓

32. പേപ്പർ കുട നിർമാണം
(കറുത്ത പേപ്പറിൽ മുറിച്ചെടുത്ത കഷണങ്ങൾ ചേർത്ത് ഒട്ടിച്ച്
↓

33. കുട ആൽബം
(പലതരം കുടകളുടെ ചിത്രങ്ങൾ ശേഖരിക്കൽ/
കത്രിക കൊണ്ട് മുറിക്കൽ/ഒട്ടിക്കൽ.
↓

34. വർക്ക്ഷീറ്റ് 4.7 “കാറ്റിന്റെ കുസൃതി” നൽകൽ
എണ്ണൽ
കഥ പറഞ്ഞ് ബാക്കിപൂർത്തിയാക്കൽ
(കളിപ്പാട്ടം-വിഭവങ്ങൾ)

## വർക്ക്ഷീറ്റ് - 4.1 വഴി കണ്ടെത്താം.

**വികാസ മേഖലകൾ** :
- ശാരീരിക ചാലക വികാസം
- ഭാഷാവികാസം

**ശേഷികൾ** : 1. പ്രാഗ്ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാനാവുന്നു. (13)

2. വസ്തുക്കളുടെയും സംഭവങ്ങളുടെയും ചിത്രങ്ങൾ നിരീക്ഷിച്ച്
വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു. (21)

**ആശയം** : മഴയുള്ള കാലവും മഴയില്ലാത്ത കാലവും ഉണ്ട്.

**സാമഗ്രികൾ** : വർക്ക് ഷീറ്റ്, ക്രയോൺസ്

**പ്രക്രിയ**

- ആഖ്യാനം

വേനൽക്കാലം വന്നു. കടുത്ത ചൂട്. മരങ്ങളിലെ ഇലകൾകൊഴിഞ്ഞു. കുളം വറ്റി വരണ്ടു. ഇനി വെള്ളം കുറച്ചേയുള്ളൂ. മീനുകൾക്ക് സങ്കടമായി. മക്കളേ നമ്മൾ ചാകാൻ പോവുകയാണ്. എന്തു ചെയ്യും? മീനമ്മ പറഞ്ഞു. ആമ തന്റെ കൂട്ടുകാരായ മീനുകളുടെ പ്രയാസം കണ്ടു. വറ്റിവരണ്ട കുളത്തിൽ അവരെങ്ങനെ കഴിച്ചുകൂട്ടും? ആമ ഒരു വഴി കണ്ടുപിടിച്ചു. അകലെയുള്ള കുളത്തിലേക്ക് അവരെ കൂട്ടിക്കൊണ്ടുപോയി. മീനുകൾക്ക് സന്തോഷമായി.

മീനമ്മയെയും കുഞ്ഞുങ്ങളെയും കുളത്തിലെത്തിക്കൂ..

- വർക്ക്ഷീറ്റ് 4.1 "വഴി കണ്ടെത്താം" നൽകുന്നു
  - കഥയിലെ സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് സംസാരിക്കുന്നു. വർക്ക്ഷീറ്റിൽ കാണുന്നതു പറയുന്നു.
  - മീനുകൾ കുളത്തിലേക്കു പോയ വഴി വരച്ചു കാണിക്കുന്നു.
  - പരസ്പരം ചിത്രങ്ങൾ കാണുന്നു. സ്വതന്ത്രഭാഷണം നടത്തുന്നു.

## വിലയിരുത്തൽ :

- ശരിയായ വഴി കണ്ടെത്തുന്നതിന് സാധിച്ചിട്ടുണ്ട്.
- ചിത്രത്തിലെ കാര്യങ്ങൾ സ്വന്തം വാക്യങ്ങളിൽ പറയാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് - 4.2 വരയ്ക്കാം, ഒട്ടിക്കാം.

**വികാസ മേഖലകൾ** :
- സർഗ്ഗാത്മക-സൗന്ദര്യാത്മക വികാസം
- ശാരീരിക ചാലക വികാസം

**ശേഷി** : പാഴ് വസ്തുക്കൾ (കടലാസ്) ഉപയോഗിച്ച് കൊളാഷ് നിർമ്മിക്കാൻ കഴിയുന്നു (84).

**ആശയം** മഴയുള്ള കാലവും മഴയില്ലാത്ത കാലവും ഉണ്ട്

**സാമഗ്രികൾ** : പെൻസിൽ, വർണക്കടലാസ്കഷണങ്ങൾ, ക്രയോൺ, പശ.

**സന്ദർഭം** : കുടയിൽ മഴവരയ്ക്കൽ പ്രവർത്തനത്തിന് ശേഷം.

**പ്രക്രിയ**

- ആഖ്യാനം :

ഷഹ്‌ലയ്ക്ക് വാപ്പ ഒരു സമ്മാനവുമായാണ് വന്നത്.
ഒരു നീണ്ട പൊതിയാണ്.
അവൾ പൊതി അഴിച്ചു
സന്തോഷം കൊണ്ടവൾ തുള്ളിച്ചാടി.
"ഉമ്മാ, ഹായ്! കുട."
പല നിറങ്ങളുള്ള കുട.

വർക്ക്ഷീറ്റ് 4.2–"വരയ്ക്കാം ഒട്ടിക്കാം" നൽകുന്നു.

- ഷഹ്‌ലയുടെ കുടയിൽ വർണങ്ങൾ ഒട്ടിച്ച് ഭംഗിയാക്കൂ.
- നമുക്കും കുട അലങ്കരിക്കാം. ടീച്ചർ വർണ്ണക്കടലാസ് നൽകുന്നു.
- ടീച്ചറുടെ നിർദേശത്തിനനുസരിച്ച് കുട്ടികൾ കടലാസ് കുഞ്ഞു കുഞ്ഞു കഷണങ്ങളായി കീറുന്നു.
- കീറിയ കടലാസു കഷണങ്ങൾ കുടയിൽ ഒട്ടിക്കുന്നു.
- ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു.
- ആരുടേതാണ് ഏറ്റവും നല്ല കുട?

• ആഖ്യാനം തുടരുന്നു

"ഞാൻ മഴ നനയാനില്ല." "നിറം പോകും, ഭംഗിയും പോകും." വർണക്കുട പറഞ്ഞു. ഷഹ്‌ല കുടയുടെ ചന്തം പോകാതിരിക്കാൻ മഴക്കാലത്ത് കുട എടുത്തില്ല. വേനൽക്കാലം വന്നു. കുട പറഞ്ഞു. ''ഞാൻ വെയിലു കൊള്ളാൻ വരില്ല. നിറം മങ്ങും. ഭംഗിപോകും." ഷഹ്‌ല വേനൽക്കാലത്തും കുട എടുത്തില്ല. കുട ഒരു മൂലയിൽ ഭംഗിയായി ഇരുന്നു. ഒരു ദിവസം അവൾ കുട എടുത്തു നിവർത്തി. ആകെ തുള. എലിയും പാറ്റയയും തിന്നതാണ്. കുട നിലവിളിച്ചു. "മഴകൊള്ളാതെ, വെയിലുകൊള്ളാതെ, മടിപിടിച്ചിരുന്ന് തുള വീണുപോയേ....ങീ ങീ...

## വിലയിരുത്തൽ :

- കടലാസു കഷണങ്ങൾ സൂക്ഷ്മമായി കുടയുടെ ഔട്ട്‌ലൈനിനുള്ളിൽ ഭംഗിയായി ക്രമീകരിച്ച് കൊളാഷ് നിർമ്മിക്കാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് – 4.3 കളിവള്ളം

**വികാസ മേഖലകൾ** :
- വൈജ്ഞാനിക വികാസം
- സർഗാത്മക-സൗന്ദര്യാത്മക വികാസം.

**ശേഷികൾ** :
1. പ്രാണികൾ, ശലഭങ്ങൾ, മൃഗങ്ങൾ, പക്ഷികൾ എന്നിവയെ തിരിച്ചറിഞ്ഞ് പറയാൻ കഴിയുന്നു (34).
2. പ്രകൃതിയെ ആസ്വദിക്കാനും ചിത്രങ്ങൾക്ക് നിറം നൽകാനും കഴിയുന്നു (79).
3. വസ്തുക്കളും എണ്ണവും തമ്മിൽ ബന്ധിപ്പിക്കുന്നു. (44)

**ആശയം** : മഴക്കാലത്ത് ധാരാളം വെള്ളം ലഭിക്കുന്നു.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്

**സന്ദർഭം** : കുടയിൽ കയറാം കളി, മഴപ്പാട്ട്, മഴക്കാല അനുഭവങ്ങൾ, മഴക്കഥകൾ പറയൽ എന്നിവയ്ക്കുശേഷം.

**പ്രക്രിയ**

• ആഖ്യാനം

മഴ പെയ്തു. എല്ലായിടവും വെള്ളം. പുഴയും തോടും വയലും നിറഞ്ഞു. മുറ്റം നിറയെ വെള്ളം. ഷഹ്‌ലയും സോനുവും കളിവള്ളമുണ്ടാക്കി, വെള്ളത്തിൽ ഒഴുക്കി. കളി

വള്ളം ഒഴുകിയൊഴുകി പോയി. കാറ്റിൽ തോണി, കരയിലെത്തി. "ഹായ് തോണി ഞാനിതിൽ കയറട്ടെ."കുഞ്ഞനണ്ണാൻ പറഞ്ഞു. "ഞാനും വരുന്നു" കുഞ്ഞനുറുമ്പ് പറഞ്ഞു. കാറ്റടിച്ചു.തോണി വീണ്ടും നീങ്ങി. അവർ തുഴഞ്ഞു. കളിവള്ളം വലിയ പുഴയിലെത്തി. പുഴയിലൂടെ ഒരു യാത്ര. അവർ താഴെ വെള്ളത്തിലേക്ക് നോക്കി ആരെയൊക്കെ കണ്ടു?

- വർക്ക് ഷീറ്റ് 4.3 'കളിവെള്ളം' നൽകുന്നു.

**ചിത്രവായന**

- കൂടുതൽ ജീവികൾ തോണിയിലോ വെള്ളത്തിലോ? പ്രതികരണങ്ങൾ

**നിറം നൽകാം** - തോണിക്കും അതിൽ പോകുന്നവർക്കും നിറം നൽകട്ടെ.

**ആഖ്യാനം** ( തുടർച്ച) - വെള്ളത്തിലേക്ക് നോക്കിയ കുഞ്ഞനണ്ണാൻ പേടിച്ചു. ഒരു മുതല. മുതല തോണിയുടെ അടുത്തേക്ക് വരുന്നു. എന്തു ചെയ്യും? അവർ ആഞ്ഞു തുഴഞ്ഞു. മുതലയും ശക്തിയായി നീന്തി. അപ്പോൾ കുഞ്ഞനുറുമ്പ് കാറ്റിനെ വിളിച്ചു. കാറ്റു വന്നു. തോണി തോളിലേറ്റി പറന്നു. ദൂരെ കരയുടെ അടുത്തെത്തിച്ചു. മീനുകൾ വന്ന് തോണി തള്ളി കരയിലെത്തിച്ചു.

## വിലയിരുത്തൽ

- ചിത്രത്തിലെ ജീവികളെ തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്.
- ചിത്രങ്ങൾക്ക് നിറം നൽകിയതിലെ മികവ്.
- കൂടുതൽ/കുറവ് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

## വർക്ക്ഷീറ്റ് - 4.4ഹായ് ! മഴ.

**വികാസ മേഖലകൾ** :
- ഭാഷാവികാസം
- സർഗാത്മക-സൗന്ദര്യാത്മക വികാസം

**ശേഷികൾ** :
1. ചുറ്റുമുള്ള വസ്തുക്കൾ, സംഭവങ്ങൾ, തന്റെ അനുഭവങ്ങൾ, അവസ്ഥകൾ എന്നിവയുടെ സവിശേഷതകൾ സ്വാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പരസ്പരം ബന്ധിപ്പിച്ചു പറയാൻ കഴിയുന്നു (22).
2. പ്രകൃതിയെ ആസ്വദിക്കാനും ചിത്രത്തിന് നിറം നൽകാനും കഴിയുന്നു (80).

**ആശയങ്ങൾ** :
- മഴയുള്ള കാലവും മഴയില്ലാത്ത കാലവുമുണ്ട്.
- മഴക്കാലത്ത് ചെടികൾ വളരുന്നു. തളിർക്കുന്നു.

**സാമഗ്രികൾ** : ക്രയോൺസ്, ചായം, ഇയർബഡ്സ്.

**സന്ദർഭം** : മഴക്കാലത്ത് കാണുന്ന മാറ്റങ്ങൾ, അനുഭവങ്ങൾ പറയൽ എന്ന പ്രവർത്തനത്തോടനുബന്ധിച്ച്.

**പ്രക്രിയ**

- **ആഖ്യാനം** : സോനുവും ഷഹ്‌ലയും തോട്ടിൻകരയിലെത്തി. 'ഇന്നലത്തെക്കാൾ വെള്ളം കൂടിയിട്ടുണ്ടല്ലോ' - സോനു പറഞ്ഞു.
'ഹായ് മഴവില്ല്' - ആകാശത്ത് കണ്ടോ...
തോട്ടിലും കരയിലും ഏതെല്ലാം ജീവികൾ? ചെടികൾ? നല്ല കാഴ്ച.
സോനും ഷഹ്‌ലയും കണ്ട കാഴ്ച നോക്കൂ.

- വർക്ക്ഷീറ്റ് 4.4 "ഹായ് മഴ!" നൽകുന്നു.

| | | |
|---|---|---|
| • ചിത്രവായന, കളി | | ചിത്രത്തിലെ വിശദാംശങ്ങൾ ശ്രദ്ധയിൽ പെടുത്തുന്ന വിധം കളിയിലൂടെ തുടങ്ങാം. |
| | – | ഉദാ: ഞാനുണ്ടൊന്ന് കാണുന്നു. അതിന്റെ ആദ്യത്തെ അക്ഷരം 'ത' |
| | – | തുടർന്ന് കുട്ടികൾ ഇത്തരം ചോദ്യങ്ങൾ പരസ്പരം ചോദിക്കുന്നു. |
| • നിറം നൽകൽ | – | തുടർന്ന് ചിത്രത്തിന് നിറം നൽകി മനോഹരമാക്കട്ടെ. ക്രയോൺ, ചായം, ഇയർ ബഡ്സ് എന്നിവ നൽകുന്നു. |
| • അനുഭവം പറയൽ | – | ചിത്രത്തിലെ കാഴ്ചകളുമായി ബന്ധപ്പെട്ട അനുഭവങ്ങൾ പറയാൻ അവസരം നൽകുന്നു. (ഉദാ : വെള്ളത്തിൽ മീനുകളെ കണ്ടത്, തവളകളുമായി ബന്ധപ്പെട്ട അനുഭവങ്ങൾ, മഴവില്ല് കണ്ടത്....) |
| **ടീച്ചർക്ക്** | : | കുട്ടികളെക്കൊണ്ട് പരമാവധി കാര്യങ്ങൾ പറയിപ്പിക്കാൻ ആവശ്യമായ ചോദ്യങ്ങൾ ചോദിക്കണം. |

## വിലയിരുത്തൽ :

- ചിത്രത്തിലെ കാര്യങ്ങൾ കണ്ടെത്തി പറയാൻ കഴിയുന്നു.
- സ്വന്തം അനുഭവങ്ങളുമായി ബന്ധിപ്പിച്ച് സംസാരിക്കാൻ കഴിയുന്നു.
- ആകർഷകമായി നിറം നൽകാൻ കഴിഞ്ഞു.

## വർക്ക്ഷീറ്റ് - 4.5 കഥ പറയാമോ?

| | | |
|---|---|---|
| **വികാസ മേഖല** | : | ഭാഷാവികാസം |
| **ശേഷികൾ** | : | 1. ചിത്രകഥകൾ നിരീക്ഷിച്ച് കഥ ഊഹിച്ചു പറയാൻ കഴിയുന്നു (18).<br>2. തന്റെ ചിന്തകൾ, വികാരങ്ങൾ, ഭാവനകൾ എന്നിവ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കഴിയുന്നു (26). |
| **ആശയങ്ങൾ** | : | • മഴ പെയ്യുമ്പോൾ ധാരാളം വെള്ളം ലഭിക്കുന്നു.<br>• മഴയോടൊപ്പം കാറ്റ്, ഇടി, മിന്നൽ എന്നിവ യുണ്ടാകാറുണ്ട്. |
| **സാമഗ്രികൾ** | : | മഴപ്പാട്ടുകൾ |
| **സന്ദർഭം** | : | മഴയനുഭവങ്ങൾ പറയൽ/മഴപ്പാട്ടു പാടൽ എന്നിവയുടെ അവതരണത്തിനുശേഷം. |

**പ്രക്രിയ**

| | | |
|---|---|---|
| • **ആഖ്യാനം** | : | മഴപ്പാട്ടും പാടി, മഴക്കാഴ്ചകളും കണ്ട് വീരനുറുമ്പ് മരക്കൊമ്പിലിരുന്നു.<br>തോട്ടിൽ നിറയെ വെള്ളം... കീരൻ തവള, വെള്ളത്തിൽ മുങ്ങിയും പൊങ്ങിയും രസിക്കുന്നു.<br>പെട്ടെന്ന് കാറ്റ് വീശി. മരക്കൊമ്പുകളാടി. വീരൻ പിടിവിട്ട് തോട്ടിലേക്ക്...<br>അയ്യോ രക്ഷിക്കണേ...വീരൻ നിലവിളിച്ചു |

- വർക്ക്ഷീറ്റ് 4.5 'കഥ പറയാമോ?' നൽകുന്നു.

| | | |
|---|---|---|
| • ചിത്രവായന | – | ചിത്രത്തിൽ എന്തൊക്കെ കാണുന്നു? |
| | – | വെള്ളത്തിൽ വീണാൽ ഉറുമ്പിന് എന്തു സംഭവിക്കും? |

- കഥയുണ്ടാക്കൽ – ഉറുമ്പിനെ ആരാണ് രക്ഷിച്ചത്? എങ്ങനെ?
  – ചിത്രം നോക്കി കഥ ഊഹിച്ചു പറയട്ടെ.
- വരച്ചുയോജിപ്പിക്കൽ – കഥയിൽ ആദ്യം നടന്നത് ഏതായിരിക്കും? പിന്നീട് എന്താണ് സംഭവിച്ചത്? ക്രമമനുസരിച്ച് ചിത്രങ്ങൾ വരച്ച് യോജിപ്പിക്കൂ.

## വിലയിരുത്തൽ :

– കഥ ക്രമമായി പറയാൻ കഴിയുന്നുണ്ട്.
– ക്രമമനുസരിച്ച് കഥാചിത്രങ്ങളെ വരച്ചു യോജിപ്പിച്ചിട്ടുണ്ട്.

## വർക്ക്ഷീറ്റ് – 4.6 മഴക്കാലവും വേനൽക്കാലവും

**വികാസ മേഖല** : വൈജ്ഞാനിക വികാസം

**ശേഷി** : ചിത്രങ്ങൾ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്താനും, വാചികമായി അവതരിപ്പിക്കാനും കഴിയുന്നു (30).

**ആശയം** : മഴയുള്ള കാലവും മഴയില്ലാത്ത കാലവും ഉണ്ട്.

**സാമഗ്രികൾ** : ക്രയോൺസ്

**സന്ദർഭം** : പ്രകൃതി നടത്തം എന്ന പ്രവർത്തനവും ചർച്ചയും നടന്ന ശേഷം വർക്ക്ഷീറ്റ് അവതരിപ്പിക്കാം.

**പ്രക്രിയ**

- ആഖ്യാനം : ആമച്ചേട്ടൻ, മീൻ കുഞ്ഞുങ്ങൾക്ക് കഥ പറഞ്ഞു കൊടുക്കുകയായിരുന്നു. പണ്ട് ഒരിക്കൽ ഒരു വേനൽക്കാലത്ത് കുളമായ കുളമൊക്കെ വറ്റി. എന്താ വെയില്. എന്താ ചൂട്. വെള്ളത്തിലെ ജീവികളെല്ലാം പിടഞ്ഞു ചത്തു. പക്ഷികളും വെള്ളം കിട്ടാതെ ചത്തുപോയി. മരങ്ങൾ ഉണങ്ങിക്കരിഞ്ഞു. സൂര്യപ്രകാശത്തിന് തീച്ചൂട്. ഞാനും മക്കളും മണ്ണിൽ മാളങ്ങളുണ്ടാക്കി. മാളങ്ങളിൽ ഒളിച്ചു. മഴവന്നു. ഞങ്ങൾ പുറത്തിറങ്ങി. ഹായ്! എല്ലാം പച്ചപ്പ്. എല്ലാം മാറിയിരിക്കുന്നു. വ്യത്യാസം കണ്ടു തുടങ്ങി. നിങ്ങൾക്ക് മഴക്കാലത്തെ മാറ്റങ്ങളെക്കുറിച്ച് എന്തെല്ലാം അറിയാം? പറയൂ.
- വർക്ക്ഷീറ്റ്–4.6 'മഴക്കാലവും വേനൽക്കാലവും' നൽകുന്നു.
- ചിത്രവായന
  - ചിത്രങ്ങൾ നിരീക്ഷിക്കുന്നു.
  - ഒന്നാമത്തെ ചിത്രം ഏത് കാലത്തെ സൂചിപ്പിക്കുന്നു.
  - രണ്ടാമത്തേതോ?
  - ചിത്രങ്ങൾ നോക്കി വ്യത്യാസം പറയുന്നു.
  - കുട്ടികളുടെ അനുഭവത്തിലുള്ള മഴക്കാലവും വേനൽക്കാലവും പറയുന്നു.
  - ചിത്രത്തിന് നിറം നൽകുന്നു.

## വിലയിരുത്തൽ :

– മഴക്കാലം, വേനൽക്കാലം എന്നിവയിലുണ്ടാകുന്ന പ്രത്യേകതകൾ പറയാൻ കഴിയുന്നുണ്ട്.
– ചിത്രങ്ങൾക്ക് അനുയോജ്യമായ നിറം നൽകുന്നു.

## വർക്ക്ഷീറ്റ് – 4.7 കാറ്റിന്റെ കുസൃതി

**വികാസ മേഖലകൾ** :
- വൈജ്ഞാനിക വികാസം
- ശാരീരിക ചാലക വികാസം

**ശേഷികൾ** : 1. സംഖ്യകൾ എണ്ണാനും വസ്തുക്കളും എണ്ണവും തമ്മിൽ ബന്ധിപ്പിക്കാനും കഴിയുന്നു (44).
2. പ്രകൃതിയെ ആസ്വദിക്കാനും ചിത്രങ്ങൾക്ക് നിറം നൽകാനും കഴിയുന്നു (79).

**ആശയം** : മഴയോടൊപ്പം കാറ്റ്, ഇടി, മിന്നൽ എന്നിവ ഉണ്ടാകാറുണ്ട്.

**സാമഗ്രികൾ** : ക്രയോൺസ്

**പ്രക്രിയ**

- ആഖ്യാനം : മഴ വന്നു. കനത്ത മഴ... മഴയ്ക്കൊപ്പം കാറ്റ് ആഞ്ഞുവീശി. മുറ്റത്തെ ചക്കരമാവ് ആടിയുലഞ്ഞു....

  കാറ്റിൽ മാവിൽനിന്നും മാങ്ങകൾ വീണു. മഴ മാറിയപ്പോൾ സോനു മാഞ്ചുവട്ടിൽ ഓടിയെത്തി. "ഹായ്! പഴുത്ത മാങ്ങകൾ. പഞ്ചാര മാമ്പഴങ്ങൾക്ക് നല്ല മധുരമായിരിക്കും. എത്ര മാമ്പഴങ്ങൾ?" ഷഹ്‌ലക്കും കൊടുക്കണം. ഓരോരുത്തർക്കും എത്ര കിട്ടും? സോനുവിന് പറഞ്ഞു കൊടുക്കാമോ?

- വർക്ക് ഷീറ്റ് 4.7 'കാറ്റിന്റെ കുസൃതി' നൽകുന്നു.

  (പകുതിഭാഗം ആദ്യം തുറക്കണം)
  - കാറ്റ് പിന്നെയും വീശി...മാങ്ങകൾ പിന്നെയും വീണു.
    (അടുത്ത പകുതി ഭാഗം തുറക്കുക) ഇപ്പോൾ എത്ര മാങ്ങകൾ?
  - താഴെവീണ മാങ്ങകൾക്ക് നിറം നൽകൂ.
  - സോനുവിനും ഷഹ്‌ലക്കും എത്ര വീതം കൊടുക്കാം?

**ടീച്ചർക്ക്** : - വർക്ക്ഷീറ്റിനെ മൂന്ന് ഭാഗങ്ങളാക്കിയിട്ടുണ്ട്. നടുവിലുള്ള മാവിനെ കാണാത്തവിധം ഇരുവശങ്ങളിലുമുള്ള മാവിന്റെ പകുതിഭാഗങ്ങൾ മടക്കിവേണം വർക്ക്ഷീറ്റ് കുട്ടികൾക്ക് നൽകാൻ...

## വിലയിരുത്തൽ :

- നിറം നൽകിയതിലെ കൃത്യത
- മാമ്പഴങ്ങൾ എണ്ണൽ, വീതിക്കാൻ എന്നിവ കഴിയുന്നു.

# തീം 5 സസ്യങ്ങൾ പഴങ്ങൾ

കളിപ്പാട്ടങ്ങൾ അതത് പ്രദേശത്തെ പ്രകൃതി തന്നെ കുട്ടികൾക്ക് നൽകും. കുട്ടികളുടെ കളിയിടമാണ് പ്രകൃതി. പ്ലാസ്റ്റിക്ക് കളിപ്പാട്ടങ്ങൾ ചെറുപ്പത്തിലേ പരിചയപ്പെടുത്തിയ ശേഷം വളരുമ്പോൾ പ്ലാസ്റ്റിക്ക് ഉപേക്ഷിക്കാൻ പറയുന്നതിനേക്കാൾ നല്ലത് പ്രകൃതിസൗഹൃദപരമായ കളിപ്പാട്ടങ്ങളിലൂടെ പ്രകൃതിയെ അനുഭവിക്കലാണ്. പ്രകൃതിയിലേക്കു മുഴുകുന്നതിനുള്ള ജാലകമായി വേണം വർക്ക് ഷീറ്റുകളെ ഉപയോഗിക്കേണ്ടത്.

## പ്രവർത്തനക്രമം

1. സ്കൂൾ കാമ്പസിലെ നട്ടുവളർത്തിയ ചെടികൾ നിരീക്ഷിക്കൽ (പേര്, സസ്യഭാഗങ്ങൾ, ചെറുത്, വലുത്, ഇലയുടെയും പൂവിന്റെയും മണം...)

↓

2. വീട്ടിൽ നട്ടുവളർത്തുന്ന ചെടികളെക്കുറിച്ച് ചർച്ച.

↓

3. മണം തിരിച്ചറിയൽ കളി (ഇല, പൂവ്)

↓

4. സസ്യങ്ങളെക്കുറിച്ചുള്ള പാട്ടുകൾ

↓

5. ഇലകൾ വരയ്ക്കാം നിറം കൊടുക്കാം.

↓

6. വർക്ക്ഷീറ്റ് 5.1 'ഇലപ്രിന്റ്' നൽകൽ

↓

7. ഇലക്കളിപ്പാട്ടങ്ങൾ നിർമ്മാണം.

↓

8. വർക്ക്ഷീറ്റ് 5.2 'ഇലമൃഗശാല' നൽകൽ

↓

9. പലതരം പഴങ്ങൾ നേരിട്ട് നിരീക്ഷണം. സവിശേഷതകൾ പറയൽ.

↓

10. ഇഷ്ടപ്പെട്ട പഴമേത്? ഇഷ്ടപ്പെട്ട പഴം തിന്നൽ (അഭിനയം).

↓

11. പഴം കഴിച്ച അനുഭവം പങ്കിടൽ.

↓

12. പഴങ്ങളെക്കുറിച്ചുള്ള പാട്ടുകൾ.

↓

13. ഫലം എണ്ണി പറയാം (നേരനുഭവം).

↓

14. വർക്ക്ഷീറ്റ് 5.3 'എണ്ണിപ്പറയൂ നിറം നൽകൂ' നൽകുന്നു.

↓

15. ഫലങ്ങൾ കൂട്ടങ്ങളാക്കാം (നേരനുഭവം 2-ന്റെ, 3-ന്റെ, 4-ന്റെ കൂട്ടങ്ങളാക്കൽ).

↓

16. വർക്ക്ഷീറ്റ് 5.4 'ഒറ്റയാനെ കണ്ടെത്തൂ' നൽകൽ

↓

17. പഴമാസ്ക് ഉപയോഗിച്ച് അഭിനയം.

↓

18. വർക്ക്ഷീറ്റ് 5.5 'വരച്ചു യോജിപ്പിക്കാം' നൽകൽ.

↓

19. പൂന്തോട്ട നിർമാണവും പരിപാലനവും.

↓

20. പ്രകൃതിനടത്തം.

↓

21. വർക്ക്ഷീറ്റ് 5.6 'ഒരേ എണ്ണം വരുന്നവ കൂട്ടി യോജിപ്പിക്കാം' നൽകൽ

↓

22. മാതൃക നോക്കി ഗണിതപാറ്റേൺ ക്രമീകരിക്കൽ (വെജിറ്റബിൾ പ്രിന്റിംഗ്).

## വർക്ക്ഷീറ്റ് - 5.1 ഇല പ്രിന്റ്

**വികാസ മേഖല** : സൗന്ദര്യാത്മക-സർഗ്ഗാത്മക വികാസം

**ശേഷി** : പല വസ്തുക്കൾ ഉപയോഗിച്ച് പ്രിന്റിങ്ങ്, സ്പ്രേവർക്ക് ചെയ്യാൻ കഴിയുന്നു (81).

**ആശയം** : വീടിന്റെ പരിസരത്ത് പലതരം ചെടികൾ/ സസ്യങ്ങൾ നട്ടുവളർത്താറുണ്ട്.

**സാമഗ്രികൾ** : വർക്ക് ഷീറ്റ്, ഇലകൾ, ക്രയോൺസ്, ഈർക്കിൽ

**സന്ദർഭം** : പൂവ്, ഇല എന്നിവയുടെ സവിശേഷതകൾ, വിവിധതരം ഇലകൾ തിരിച്ചറിയുന്ന പ്രവർത്തനങ്ങൾക്ക് ശേഷം.

**പ്രക്രിയ**

- ആഖ്യാനം : ശിവാനിയും ആമിനയും കൂട്ടുകാരാണ്. ഒരു ദിവസം ശിവാനി, ആമിനയുടെ വീട്ടിൽ പോയി 'ഹായ്!' എത്ര എത്ര ചെടികൾ!' "ദേ പൂക്കൾ". "എന്തു ഭംഗി!" ഏതൊക്കെ ചെടികളാകും ആമിനയുടെ വീട്ടിലുള്ളത്? (ഊഹിച്ചു പറയൽ) പൂക്കളോ?
  അവർ ചുറ്റിക്കറങ്ങി ചെടികളും പൂക്കളുമൊക്കെ കണ്ടു. ശിവാനിയും ആമിനയും ഇലപ്പേരു പറഞ്ഞു കളിച്ചു.
  നമുക്കും കളിച്ചാലോ?
  ശിവാനിയുടെ വീട്ടിൽ നിന്നും കൊണ്ടുവന്ന ഇലകൾ കാണണ്ടേ?
  കുട്ടികൾക്ക് പരിചയമുള്ള ഇലകൾ കാണിക്കുന്നു. കുട്ടികൾ പേരു പറയുന്നു. മാവിലയും പ്ലാവിലയും കാണിക്കുന്നു. ഇവർ തമ്മിൽ കണ്ടാൽ എന്തൊക്കെ പറയും?
  പറഞ്ഞു നോക്കിയാലോ? കുട്ടികൾ പറയുന്നു. ഇനി ചേമ്പിലയും വാഴയിലയും കണ്ടാലോ? എന്തൊക്കെ പറയും? കുട്ടികൾ പറയുന്നു. ശിവാനിയുടെ വീട്ടിലെ ചെടികളുടെ ഇലകൾ വരച്ചാലോ?
- ഇല വരയ്ക്കൽ : കുട്ടികളെ ചെറുഗ്രൂപ്പുകളാക്കി വട്ടത്തിൽ ഇരുത്തുന്നു. മദ്ധ്യത്ത് ഇലകൾ. പേപ്പറിൽ കുട്ടികൾ ഇഷ്ടപ്പെട്ട ഇല വരയ്ക്കുന്നു. നിറവും കൊടുക്കാം. വരച്ച് നിറം നൽകിയ ഇലകൾ പ്രദർശിപ്പിക്കുന്നു. ഇനി ഇല പേപ്പറിൽ ഒപ്പി എടുത്താലോ?
- വർക്ക്ഷീറ്റ് 5.1 'ഇല പ്രിന്റ്' നൽകുന്നു.
  - ഇല, ക്രയോൺസ് എന്നിവ എല്ലാവരും എടുക്കുന്നു.
  - വർക്ക് ഷീറ്റിന്റെ താഴെയുള്ള ഒഴിഞ്ഞ കളത്തിനടിയിൽ പ്രിന്റെടുക്കേണ്ട ഇല കമിഴ്ത്തി വയ്ക്കുന്നു.
  - കടലാസ്സിന്റെ മുകളിൽ ക്രയോൺസ് ഉരസി പ്രിന്റെടുക്കുന്നു. (ടീച്ചർ മാതൃക ചെയ്ത് കാണിക്കണം)

- ‘ഹായ്’ ഇലപ്രിന്റുകൾ’ നമുക്ക് പ്രദർശിപ്പിച്ചാലോ? ഇലപ്രിന്റ് ചിത്രപ്രദർശനം. “ഹായ് എന്തു രസം”

- നിർമ്മാണം : ശിവാനിയും ആമിനയും പ്ലാവിലയും ഈർക്കിലും കൊണ്ട് തൊപ്പിയും മാലയും വളയുമൊക്കെ ഉണ്ടാക്കി കളിച്ചു. നമുക്കും കളിച്ചാലോ? പ്ലാവില, ഈർക്കിൽ ഉപയോഗിച്ച് തൊപ്പി, മാല, വള ഉണ്ടാക്കുന്നു. പ്രദർശിപ്പിക്കുന്നു.

## വിലയിരുത്തൽ :

- ചിത്രത്തിന്റെ ആകർഷണീയത
- ഇലയുടെ ആകൃതി പതിയുന്ന രീതിയിൽ പ്രിന്റ് ചെയ്തിട്ടുണ്ട്.

## വർക്ക്ഷീറ്റ് - 5.2 ഇല മൃഗശാല

**വികാസ മേഖല** : സർഗ്ഗാത്മക -സൗന്ദര്യാത്മക വികാസം

**ശേഷി** : പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന പലതരം വസ്തുക്കൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു (83).

**ആശയം** : വീടിന്റെ പരിസരത്ത് പലതരത്തിലുള്ള സസ്യങ്ങളുണ്ട്.

**സാമഗ്രികൾ** : ഇലകൾ, പശ

**സന്ദർഭം** : പ്രകൃതി നടത്തത്തിന് ശേഷം

**പ്രക്രിയ**

- ആഖ്യാനം : ആനയും അണ്ണാനും കൂട്ടുകാരായിരുന്നു. ഇവരിൽ ആരാണ് വലിയവൻ? അണ്ണാനോ? ആനയോ? ആന എങ്ങനെയാ നടക്കുന്നേ? അണ്ണാനോ? (അഭിനയം) ആന എന്നും നടക്കാൻ പോകും. അണ്ണാനും കൂടെ പോകും.
വർക്ക്ഷീറ്റിലെ ആനയെയും അണ്ണാനെയും കാണിക്കുന്നു. (മറ്റ് കഥാപാത്രങ്ങളെ മറച്ചു കൊണ്ട്)
ആന അണ്ണാനെ നടത്തി കൊണ്ടു പോകില്ല. പിന്നെങ്ങനെയാകും കൊണ്ടുപോവുക? (സ്വതന്ത്രപ്രതികരണം) ആനപ്പുറത്തിരുന്ന് അണ്ണാൻ എന്തൊക്കെ ചെയ്യുന്നുണ്ടാവും? ഒരു ദിവസം അണ്ണാൻ ആനപ്പുറത്തിരുന്ന് രസിച്ചു കളിച്ചു പോവുകയായിരുന്നു. ‘ഹായ്! മാമ്പഴം’ ‘പഴുത്ത മാമ്പഴം’ അണ്ണാൻ വിളിച്ചു കൂവി. ‘കൂട്ടുകാരാ മാവിന്റെ ചുവട്ടിലേക്ക് നടക്കൂ.” ആന അണ്ണാനെയും കൊണ്ട് മാവിന്റെ ചുവട്ടിലെത്തി. തുമ്പിക്കൈ ഉയർത്തി.
അണ്ണാൻ എന്തു ചെയ്തുകാണും? പറയാമോ? തുമ്പിക്കൈ വഴി അണ്ണാൻ മുകളിലെത്തി. അങ്ങനെ അണ്ണാൻ മാങ്ങകൾ പറിച്ചു താഴേക്കിട്ടു. പിന്നെ തറയിൽ ഇറങ്ങാൻ നോക്കി. “എങ്ങനെയാകും തറയിലിറങ്ങിയത്?”
‘അയ്യോ മാങ്ങകൾ കാണുന്നില്ല’ അണ്ണാൻ അമ്പരന്നു. ചുറ്റും നോക്കി. അതാ ഒരു എലിക്കുട്ടൻ മാങ്ങയും കൊണ്ട് മാളത്തിലേക്ക് ഓടുന്നു. “പിടിയവനെ” ആന വിളിച്ചു പറഞ്ഞു. എലി ചെടികൾക്കിടയിലൂടെ മാങ്ങയും കൊണ്ടോടി. ചേമ്പുകൾ വകഞ്ഞ്, ചീരവകഞ്ഞ് , തകര വകഞ്ഞ്, പെരുവലം വകഞ്ഞ്, കയ്യോന്നി വകഞ്ഞ്, തുളസി വകഞ്ഞ് എലി ഓടി. ആന പേര മറിച്ച്, ചാമ്പ

മറിച്ച്, കാപ്പിച്ചെടി മറിച്ച്, മുരിങ്ങ മറിച്ച് പിറകേ. അണ്ണാൻ ചെമ്പരത്തിയിൽ ചാടി, മുല്ലയിൽ ചാടി, കൊന്നയിൽ ചാടി പിറകേ... ഇതു കണ്ട് കുരങ്ങൻ പറഞ്ഞു. എന്തിനാ ഓടുന്നത് . ഞാൻ നിങ്ങൾക്ക് മാങ്ങ പറിച്ചുതരാം. എല്ലാവരും ഓട്ടം നിറുത്തി. കരുങ്ങൻ മാങ്ങകൾ പറിച്ചുകൊടുത്തു.

- വർക്ക്ഷീറ്റ് 5.2 'ഇല മൃഗശാല' നൽകുന്നു.

ഇതെല്ലാം കണ്ട് മറ്റൊരാൾ അവിടെ നില്പുണ്ടായിരുന്നു. ആരാ ആ കൂട്ടുകാരൻ? (സ്വതന്ത്ര പ്രതികരണം)

- ഇവരുടെ രൂപം എങ്ങനെയാണ് ഉണ്ടാക്കിയിരിക്കുന്നത്?
- ഇതുപോലെ നിങ്ങൾക്കും ഉണ്ടാക്കണ്ടേ? കുട്ടികൾ വർക്ക് ഷീറ്റ് നിരീക്ഷിക്കുന്നു. ഇലകൾ ഒട്ടിച്ച രീതി ടീച്ചർ ചോദിക്കുന്നു. അനുയോജ്യമായ ഇലകൾ ടീച്ചർ കുട്ടികൾക്ക് നൽകുന്നു. അവ ചേർത്തു വച്ച് തറയിൽ വിവിധ ജീവികളുടെ ചിത്രം ക്രമീകരിക്കുന്നു.
- ടീച്ചറുടെ സഹായത്തോടെ പശ ഉപയോഗിച്ച് എ4/ചാർട്ട് പേപ്പറിൽ ഒട്ടിക്കുന്നു.

- ചിത്രപ്രദർശനം — ഇനി ചിത്രങ്ങൾ പ്രദർശിപ്പിച്ചാലോ? ചിത്രത്തെക്കുറിച്ച്
- സ്വതന്ത്രഭാഷണം — സംസാരിക്കാൻ അവസരം നൽകുന്നു. അണ്ണാന് മാമ്പഴമാണിഷ്ടം. ആനയ്ക്ക് എന്തായിരിക്കും ഇഷ്ടം?

## വിലയിരുത്തൽ :

- ഇലകൾ ചേർത്ത് വെച്ച് ജീവികളുടെ രൂപം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.
- മാതൃകയിൽ നിന്നും വ്യത്യസ്തമായവ നിർമ്മിക്കാൻ കഴിയുന്നുണ്ട്.

## വർക്ക്ഷീറ്റ് – 5.3 എണ്ണിപ്പറയൂ... നിറം നൽകൂ...

**വികാസ മേഖല** : വൈജ്ഞാനിക വികാസം

**ശേഷികൾ** :
1. ക്രയോൺ ഉപയോഗിച്ച് ചിത്രങ്ങൾക്ക് നിറം നൽകാൻ കഴിയുന്നു (05)
2. സംഖ്യകൾ എണ്ണാനും വസ്തുക്കളും എണ്ണവും തമ്മിൽ ബന്ധിപ്പിക്കാനും കഴിയുന്നു. (5-ൽ താഴെ) (44)

**ആശയം** : വിവിധതരം പഴങ്ങളുണ്ട്.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്

**സന്ദർഭം** : വിവിധതരം പഴങ്ങൾ പരിചയപ്പെട്ടശേഷം വർക്ക്ഷീറ്റ് നൽകാം.

**പ്രക്രിയ**

- ആഖ്യാനം : ഉണ്ണിക്കുട്ടന്റെ വീട്ടു മുറ്റത്ത് ഒരു മാവും ഒരു പ്ലാവും ഒരു പേരയും രണ്ടു പപ്പായ ചെടികളും ഉണ്ട്. എന്നും രാവിലെ ഉണ്ണിക്കുട്ടൻ ഇവയെ നോക്കും. എന്തിനായിരിക്കും നോക്കുന്നേ? ഒരു ദിവസം ഉണ്ണിക്കുട്ടൻ വിളിച്ചു പറഞ്ഞു
'ഹായ് ചക്ക പിടിച്ചു.'
'പപ്പായ പഴുത്തു'
'ദേ പേരക്കകൾ'

'ഹായ് മാങ്ങകൾ'

ഉണ്ണി എണ്ണി നോക്കി. ഉണ്ണികണ്ട ഫലങ്ങൾ നോക്കൂ...

വർക്ക്ഷീറ്റ് 5.3 'എണ്ണിപ്പറയൂ...നിറം നൽകൂ...' നൽകുന്നു.

ഏതൊക്കെയാണ് ഫലങ്ങൾ? ഉണ്ണി കണ്ട ഫലങ്ങൾ എണ്ണിപ്പറയാമോ?

ചക്ക – 1
പപ്പായ – 2
മാങ്ങ – 3
പേരക്ക – 4

ഇനി നിറം കൊടുത്താലോ? കുട്ടികൾ നിറം കൊടുക്കുന്നു.

## വിലയിരുത്തൽ :

- 1 മുതൽ 4 വരെ വസ്തുക്കളുമായി ബന്ധിപ്പിച്ച് എണ്ണാൻ കഴിയുന്നുണ്ട്.
- അനുയോജ്യമായ നിറം നൽകിയിട്ടുണ്ട്.

## വർക്ക്ഷീറ്റ് – 5.4 കൂട്ടത്തിൽപെടാത്തത്.

**വികാസ മേഖലകൾ** :
- വൈജ്ഞാനിക വികാസം
- ശാരീരിക ചാലകവികാസം

**ശേഷികൾ** :
1. ചിത്രങ്ങൾ നിരീക്ഷിച്ച് കൂട്ടത്തിൽപ്പെടാത്തവ കണ്ടെത്തിപ്പറയാനും കൂട്ടത്തിൽ പെടാത്തവയുടെ കാരണം പറയാനും കഴിയുന്നു (33).
2. കൈവിരൽ ഉപയോഗിച്ച് സ്വതന്ത്രമായി ചിത്രങ്ങൾ വരയ്കാൻ കഴിയുന്നു (4)

**ആശയം** : വിവിധതരം പഴങ്ങളുണ്ട്.

**സാമഗ്രികൾ** : ക്രയോൺ, ചായം

**സന്ദർഭം** : വിവിധതരം പഴങ്ങളെക്കുറിച്ച് ചർച്ച

**പ്രക്രിയ**

- ആഖ്യാനം : മുത്തുവിന് മുന്തിരി തിന്നാൻ മോഹം. മുത്തു അമ്മയോട് പറഞ്ഞു. എനിക്ക് മുന്തിരി വേണം. അമ്മ മാർക്കറ്റിൽ പോകാനൊരുങ്ങി. "അമ്മേ ഞാനും വരുന്നു"

അമ്മ മുത്തുവിനോടൊപ്പം പഴക്കടയിൽ കയറി. തറയിൽ പഴങ്ങൾ കുട്ടകളിൽ നിറച്ചു വച്ചിരിക്കുന്നു.

'ഹായ് നിറയെ പഴങ്ങൾ' എന്തെല്ലാം പഴങ്ങളായിരിക്കും മുത്തു കണ്ടിട്ടുണ്ടാവുക? കുട്ടികൾ ഊഹിച്ചു പറയുന്നു. മുത്തു കുട്ടകളിലേക്ക് സൂക്ഷിച്ചു നോക്കി. വീണ്ടും നോക്കി. മുത്തു ആ കാഴ്ച കണ്ടു. എന്തായിരിക്കും മുത്തു കണ്ട കാഴ്ച? കുട്ടികൾ ഊഹിച്ചു പറയുന്നു. മുത്തു അമ്മയെ ചൂണ്ടികാണിച്ചു. അപ്പോഴാണ് അമ്മയുടെ കണ്ണിലും അതുപെട്ടത്. മുത്തു കണ്ടത് എന്താണെന്നറിയണ്ടേ?

- വർക്ക്ഷീറ്റ് 5.4 'കൂട്ടത്തിൽപെടാത്തത് കണ്ടെത്തൂ' നൽകുന്നു

എന്തൊക്കെ ഫലങ്ങളാണ് കുട്ടകളിൽ? കൂട്ടത്തിൽ പെടാത്തവർ ഉണ്ടോ? ഓരോ കുട്ടയും ടീച്ചർ ചൂണ്ടിക്കാണിക്കുന്നു. ഈ കുട്ടയിൽ ആരാണ് ഒറ്റയാൻ? ഒറ്റയാന്മാരെ തിരിച്ച് അതിന്റെ കൂട്ടത്തിലാക്കണ്ടേ? വരച്ചു ചേർത്താലോ? ഓരോ പഴത്തെയും അതതിന്റെ കൂട്ടത്തിലേക്ക് വരച്ചു ചേർക്കുന്നു.

- നിറം നൽകൽ — ഇനി നമുക്ക് നിറം കൊടുത്താലോ? കുട്ടികൾ പഴങ്ങൾക്ക് നിറം കൊടുക്കുന്നു. പ്രദർശിപ്പിക്കുന്നു. പഴങ്ങളെക്കുറിച്ചുള്ള പാട്ട് പാടുന്നു.
- പാട്ട്
  - ചക്കയ്ക്ക് നിറം നൽകാം.
  - വിരൽത്തുമ്പ് ചായത്തിൽ മുക്കി താഴെയുള്ള കളത്തിലെ ചക്കയുടെ ചിത്രത്തിൽ പതിപ്പിക്കുന്നു.

## വിലയിരുത്തൽ :

- കൂട്ടത്തിൽപ്പെടാത്ത പഴങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.
- ഓരോ പഴത്തെയും അതതിന്റെ കുട്ടയിലേക്ക് ചേർത്ത് വരച്ചിട്ടുണ്ട്.
- നിറം നൽകിയതിലെ മികവ്.

## വർക്ക്ഷീറ്റ് - 5.5 വരച്ച് യോജിപ്പിക്കാം.

**വികാസ മേഖല** : വൈജ്ഞാനിക വികാസം

**ശേഷി** : കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അനുഭവത്തിന്റെ പിൻബലത്തിൽ നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിയുന്നു (31).

**ആശയം** : ആരോഗ്യത്തിന് പഴങ്ങൾ പ്രയോജനപ്പെടുന്നു.

**സാമഗ്രികൾ** : വാഴപ്പഴം, പപ്പായ പഴുത്തത്

**സന്ദർഭം** : വിവിധതരം പഴങ്ങളെക്കുറിച്ച് കുട്ടികളുമായി സംസാരിക്കുന്നു.

പ്രക്രിയ

- **ആഖ്യാനം** : ഉണ്ടച്ചക്കയും പപ്പായും ശണ്ഠകൂടി. 'ഞാനാണ് വലിയവൻ' ചക്ക പറഞ്ഞു. 'അല്ല ഞാനാണ് വലിയവൻ' പപ്പായ പറഞ്ഞു. തർക്കം മൂത്ത് അവർ ഉണ്ണിയുടെ അടുത്തെത്തി 'ഞങ്ങളിൽ ആരാ വലിയവൻ? ഡങ്കിപ്പനി വന്നപ്പോൾ എല്ലാവർക്കും പപ്പായയെ വേണമായിരുന്നു. ഉണ്ണിയുടെ ഉത്തരം കേട്ട് പപ്പായ ഞെളിഞ്ഞു.

  അപ്പോൾ ഉണ്ണി, ചക്കയെക്കുറിച്ച് പറഞ്ഞു. അതു കേട്ട് ചക്ക മേനി പറയാൻ തുടങ്ങി. എന്തൊക്കെയായിരിക്കും പറഞ്ഞിട്ടുണ്ടാവുക? പപ്പായയും തന്നെക്കുറിച്ച് പറയാൻ തുടങ്ങി. അപ്പോൾ രണ്ടു പേർ അവിടെയെത്തി. മാങ്ങയും വാഴക്കുലയും

  "ഞാൻ ചെറുതാണ്. എനിക്ക് തൊലിയുണ്ട്. പഴുത്താൽ എനിക്കെന്തു മധുരമെന്നോ? "പച്ച മാങ്ങ ഉപ്പിലിടും പഴുത്താൽ എനിക്ക് നല്ല മണമാ" മാങ്ങ തലയുയർത്തിപ്പറഞ്ഞു. വാഴക്കുല മിണ്ടാണ്ടിരിക്കുമോ? വാഴക്കുലയും ചിലകാര്യങ്ങൾ പറഞ്ഞു. വാഴക്കുല പറഞ്ഞകാര്യങ്ങൾ നിങ്ങൾക്ക് പറയാമോ?

  അമ്മ കത്തിയുമായി വന്നു. പപ്പായ രണ്ടു കഷണം, ചക്ക മൂന്നു കഷണം, വാഴപ്പഴം വായിലേക്ക്. മാങ്ങ പൂളിത്തിന്നു. അങ്ങനെ അവരുടെ കലഹം തീർന്നു. എല്ലാവർക്കും പഴങ്ങൾ കഷണങ്ങളാക്കി നൽകണം. രുചിച്ച് ഏതു പഴമാണെന്ന് പറയണം.

- വർക്ക് ഷീറ്റ് 5.5 വരച്ച് യോജിപ്പിക്കാം നൽകുന്നു.
- ചിത്രവായന
  - ചിത്രത്തിൽ കാണുന്നത് പറയുന്നു.
  - ചിത്രത്തിലെ പഴങ്ങൾ ഏതൊക്കെ?
  - ഏതൊക്കെ മരങ്ങളാണ്/ചെടികളാണ് ചിത്രത്തിൽ ഉള്ളത്?

- കുട്ടികൾ മരം, ചെടി, പഴം എന്നിവയെ തൊട്ടുകാണിച്ച് പേരുകൾ പറയുന്നു.
- സസ്യവുമായി അതിന്റെ പഴത്തെ വരച്ചു ചേർക്കുന്നു.
- പരസ്പരം വിലയിരുത്തുന്നു.

## വിലയിരുത്തൽ :

- നിർദേശാനുസരണം സസ്യവും അതാതിന്റെ പഴവുമായി വരച്ചു യോജിപ്പിക്കാൻ സാധിച്ചിട്ടുണ്ട്

## വർക്ക്ഷീറ്റ് –5.6 ഒരേ എണ്ണം വരുന്നവ യോജിപ്പിക്കാം.

**വികാസ മേഖല** : വൈജ്ഞാനിക വികാസം

**ശേഷി** : സംഖ്യകൾ എണ്ണാനും വസ്തുക്കളും സംഖ്യകളുമായി പൊരുത്തപ്പെടുത്താനും കഴിയുന്നു (44).

**ആശയം** : വിവിധതരം പഴങ്ങളുണ്ട്.

**സന്ദർഭം** : ചുറ്റുമുള്ള സസ്യങ്ങളും പഴങ്ങളും നിരീക്ഷിച്ചതിന് ശേഷം വർക്ക്ഷീറ്റ് നൽകാം.

**സാമഗ്രികൾ** : വിവിധതരം ഇലകൾ

**പ്രക്രിയ**

- കളി : ഇന്ന് നമുക്കൊരു കളി കളിക്കാം. ടീച്ചർ ഒരു ഇല കാണിക്കും. ഏത് ഇലയാണെന്നു പറയണം. നിങ്ങൾക്ക് വന്നു ഇല നോക്കാം. മണത്തു നോക്കാം. രുചിച്ചു നോക്കാം. ഇലയുടെ പേരു പറയണം. ഓരോരുത്തർക്കും അവസരം. ഉത്തരം പറഞ്ഞാൽ കൈയടി. ഒരാൾ ഇലയുടെ പേരു പറയുമ്പോൾ അടുത്ത ആൾ ആ ചെടിയുടെ കായയുടെ പേരു പറയണം.
  ടീച്ചർ മാവില കാണിക്കുന്നു. മാവിന്റെ ഫലം ഏത്? ശരിയുത്തരത്തിന് കൈയ്യടി. പ്ലാവില, വാഴയില, പപ്പായ ഇല, ഓലക്കണ്ണി/ഓലക്കാൽ തുടങ്ങി, ഫലവൃക്ഷങ്ങളുടെ ഇലകൾ കാണിച്ചു തുടരുന്നു.
  ഫലങ്ങളില്ലാത്തവ കാണിക്കുമ്പോൾ, ഇല തിരിച്ചറിഞ്ഞാൽ മതി
  ഇനി മറ്റൊരു കളി കളിക്കാം. ഇലയും കായയും നോക്കി എണ്ണം പറയാമോ?
- വർക്ക്ഷീറ്റ് 5.6 'ഒരേ എണ്ണം വരുന്നവ യോജിപ്പിക്കാം' നൽകുന്നു.
  ചിത്രത്തിലെ ഫലങ്ങൾ പറയാമോ? ഇലകൾ പറയാമോ? ഓരോന്നും എത്ര എണ്ണം? ഒരേ എണ്ണമുള്ള ഇലകളും പഴങ്ങളും ചേർത്തു വരക്കാമോ? കുട്ടികൾ ചേർത്തു വരയ്ക്കുന്നു. ശരിയുത്തരക്കാർക്ക് കൈയടി.
- ഇലപ്പാട്ടുകൾ : ഇനി ഇലപ്പാട്ടു പാടാം.

## വിലയിരുത്തൽ :

- ഒരേ എണ്ണമുള്ളവ കണ്ടെത്തി വരച്ചു ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്.

# തീം 6 ആഹാരം

വൈജ്ഞാനിക വികാസത്തിന് പ്രാധാന്യം നൽകുന്ന വർക്ക്ഷീറ്റുകളാണ് ഈ തീമിൽ ഉള്ളത്. നിരീക്ഷിക്കുക, സവിശേഷതകൾ കണ്ടെത്തുക, പൊരുത്തപ്പെടുത്തുക, തരംതിരിക്കുക തുടങ്ങിയ പ്രക്രിയാശേഷികൾ ആർജിക്കാൻ കഴിയും വിധമാണ് അവ തയാറാക്കിയിട്ടുള്ളത്. ആഹാരം തീമായതിനാൽ രുചിയനുഭവം ഒരുക്കുന്നതിനും ശ്രദ്ധിക്കണം. പാട്ടും കഥയും കളിയും എല്ലാം അനുയോജ്യമായവിധം ഇണക്കിച്ചേർത്ത് ഇതര വികാസമേഖലകൾക്കും ഇടം കണ്ടെത്തേണ്ടതുണ്ട്. ഈ തീമിന്റെ വിനിമയത്തിൽ എല്ലാ വികാസമേഖലകൾക്കും ആനുപാതിക പ്രാധാന്യം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തണം.

## പ്രവർത്തനക്രമം

1. സ്കൂൾ കാമ്പസിലെ നട്ടുവളർത്തിയ ചെടികൾ നിരീക്ഷിക്കൽ (പേര്, സസ്യഭാഗങ്ങൾ, ചെറുത്, വലുത്, ഇലയുടെയും പൂവിന്റെയും മണം...)

↓

1. വിശപ്പും ആഹാരവും

↓

2. വിശപ്പുള്ള അവസ്ഥ അഭിനയം
(കുഞ്ഞുങ്ങൾ, കുട്ടികൾ, പൂച്ച, പശു, ആട്)

↓

3. പലതരം ആഹാരങ്ങൾ

↓

4. വളർത്തു ജീവികളുടെ ആഹാരം

↓

5. പലതരം രുചികൾ
• രുചി പറഞ്ഞു കളി (മിഠായി, നാരങ്ങ, മുളക്....)

↓

6. വർക്ക്ഷീറ്റ് 6.1 "ഹായ്! എന്തു രുചി' നൽകൽ.

↓

7. പാചക ഉപകരണങ്ങൾ, ആഹാരം നിർമിക്കൽ
(സാലഡ്, പഴം തൊലിച്ച് കഷണങ്ങളാക്കൽ...)

↓

8. ആഹാര പാട്ടുകൾ, കഥകൾ

↓

9. ഇഷ്ടപ്പെട്ട ആഹാരം

↓

10. വർക്ക്ഷീറ്റ് 6.2 "വരച്ചു യോജിപ്പൂ" നൽകൽ

↓

11. മാതൃക നോക്കി ഗണിത പാറ്റേൺ ക്രമീകരിക്കൽ
(വെജിറ്റബിൾ പ്രിന്റിംഗ്, പൂക്കളം...)

↓

12. പഴം, പച്ചക്കറി-കളി

↓

13. പഴം പച്ചക്കറി (പാവനാടകം)

↓

14. അടുക്കള ഉപകരണങ്ങൾ നിരീക്ഷണവും തരംതിരിക്കലും

↓

15. വർക്ക്ഷീറ്റ് 6.3 "വട്ടത്തിലാക്കൂ" നൽകൽ

↓

16. ആഹാരവുമായി ബന്ധപ്പെട്ട ചോദ്യോത്തരപ്പാട്ടുകൾ

↓

17. കിച്ചൺ സെറ്റ്- പ്രവർത്തനങ്ങൾ

↓

18. ആഹാരമെപ്പോഴൊക്കെ?

↓

19. വർക്ക്ഷീറ്റ് 6.4 "നല്ല ആഹാരശീലങ്ങൾ ഏത്? ചിത്രത്തിന് നിറം നൽകൂ" നൽകൽ)

↓

20. ആരോഗ്യപ്പാട്ടുകൾ.

## വർക്ക്ഷീറ്റ് - 6.1 ഹായ് ! എന്തു രുചി

**വികാസ മേഖല** : വൈജ്ഞാനിക വികാസം

**ശേഷി** : കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അനുഭവത്തിന്റെ പിൻബലത്തിൽ നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിയുന്നു (31).

**ആശയം** : മനുഷ്യർ മാത്രമല്ല മറ്റ് ജീവികളും വിശക്കുമ്പോൾ ആഹാരം കഴിക്കുന്നു.

**സന്ദർഭം** : നല്ല സദ്യ ('ആഴക്കരികൊണ്ട് ചോറുവെച്ചു'... കളിപ്പാട്ടം പേജ് 203 ലെ പാട്ട് അവതരിപ്പിച്ച ശേഷം.)

**പ്രക്രിയ**

- പാവനാടകം/ആഖ്യാനം :

ജിത്തുമോൻ പുറത്തിറങ്ങി ഓടിക്കളിച്ചു. അപ്പോഴതാ ഒരു കിളി ചിലക്കുന്നു. ജിത്തുമോൻ ചുറ്റുനോക്കി 'ആരേയും കാണുന്നില്ലല്ലോ' അതാ വീണ്ടും ശബ്ദം 'ഹലോ, ഹലോ' എന്നു വിളിക്കും പോലെ ജിത്തുമോൻ ശബ്ദം കേട്ടിടത്തേക്ക് നോക്കി. അതാ ആ പേരക്കൊമ്പിൽ പച്ചിലകൾക്കിടയിൽ

"ചുവന്ന ചുണ്ടുകൾ
കഴുത്തിലൊരു പട്ടുമാല
പച്ചക്കുപ്പായം
പഴുത്ത പേരയ്ക്ക തിന്നുന്നു".

ആരായിരിക്കും. അത്? പറയാമോ? (സ്വതന്ത്ര പ്രതികരണം)

ജിത്തു : ''തത്തമ്മക്കിളീ സുഖമാണോ?''

തത്തമ്മ : "നല്ല വിശപ്പ് ജിത്തു"

ജിത്തു : "വയലിൽ കൊയ്ത്തു കഴിഞ്ഞുവോ?"

തത്തമ്മ : "അതേ...അതേ ആകെ പട്ടിണിയിലാ"

ജിത്തു : ''അതെയോ?'' ''നിനക്കു ഞാൻ ചോറുതരട്ടേ?"

തത്തമ്മ : "വേണ്ട ജിത്തു, ചോറ് ഇഷ്ടമല്ല"

ജിത്തു : "അപ്പോ എന്തു ചെയ്യും"?

തത്തമ്മ : "ഞാൻ വിശന്നു പൊരിഞ്ഞു പറന്നു നടന്നപ്പോൾ കണ്ടതാ ഈ പഴുത്ത പേരക്ക"

| | | |
|---|---|---|
| ജിത്തു | : | "ഒരു പേരക്കയല്ലേ ഉള്ളൂ" |
| തത്തമ്മ | : | "എനിക്കതുമതി ജിത്തു" |
| ജിത്തു | : | "നീ എന്നോടു കളിക്കുമോ?" |
| തത്തമ്മ | : | "ഇല്ല. എനിക്കു പോകണം" |
| ജിത്തു | : | "എങ്ങോട്ടാ പോകുന്നേ? |
| തത്തമ്മ | : | "കാട്ടിലേക്ക്" |
| ജിത്തു | : | "അവിടെ നിനക്ക് കൂട്ടുകാരുണ്ടോ കളിക്കാൻ" |
| തത്തമ്മ | : | "ഉണ്ടല്ലോ" ആരൊക്കെയാ? "ആന, മുയൽ, കുയിൽ" |
| ജിത്തു | : | "നീ എന്നെയും കൂട്ടുമോ?" "അവർക്ക് വിശക്കില്ലേ" |
| തത്തമ്മ | : | "അവർക്കും വിശപ്പുണ്ട്" |
| ജിത്തു | : | "ആനക്കിഷ്ടം എന്താ?" |
| തത്തമ്മ | : | "തെങ്ങോല ഇഷ്ടമാണ്" |
| ജിത്തു | : | മുയലിനോ? |
| തത്തമ്മ | : | "കാരറ്റ്" കുയിലിന്റെ ആഹാരമെന്താന്ന് ജിത്തുമോൻ പറയൂ. |
| ജിത്തു | : | "പുല്ല്" ''ഹാഹാ, കൊള്ളാല്ലോ!'' തത്ത പൊട്ടിച്ചിരിച്ചു. എന്തായിരിക്കാം പൊട്ടിച്ചിരിക്കാൻ കാരണം? |

## വർക്ക്ഷീറ്റ് – 6.2 വരച്ച് യോജിപ്പിക്കൂ.

**വികാസ മേഖല** : വൈജ്ഞാനിക വികാസം

**ശേഷികൾ** : 1. സംഖ്യകൾ എണ്ണാനും സംഖ്യയും വസ്തുക്കളുടെ എണ്ണവും തമ്മിൽ ബന്ധിപ്പിക്കാനും കഴിയുന്നു (44).

2. ഗണിതപ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നു (46).

**ആശയം** : പലതരം രുചികളുള്ള ആഹാരമുണ്ട്.

**സന്ദർഭം** : ആഹാരത്തിന്റെ വ്യത്യസ്ത രുചികൾ ചർച്ച ചെയ്യുന്നു.

**പ്രക്രിയ**

- ആഖ്യാനം : മണിയൻ പൂച്ചയും മണിച്ചിപ്പൂച്ചയും മീനുവിന്റെ വീട്ടിനു മുകളിലാണ് താമസം. രാവിലെ മണിച്ചിപ്പൂച്ച വിളിച്ചു.

"മ്യാവൂ...മ്യാവൂ... കറുമ്പീ....വെളുമ്പീ ഓടിവാ..."
കറുമ്പിയും വെളുമ്പിയും ഓടി വന്നു.
"മ്യാവൂ...മ്യാവൂ..."
കറുമ്പിയുടെയും വെളുമ്പിയുടെയും പിറന്നാളാണിന്ന്.
പിറന്നാളാഘോഷത്തിനുള്ള ഒരുക്കങ്ങൾ നടക്കുന്നു.
നിങ്ങൾ പിറന്നാളാഘോഷിച്ചിട്ടില്ലേ?
എന്തൊക്കെയാണ് ചെയ്തിട്ടുള്ളത്?
മണിയനും മണിച്ചിയും എന്തൊക്കെ ഒരുക്കങ്ങളാവും ചെയ്തിട്ടുണ്ടാവുക? (സ്വതന്ത്ര പ്രതികരണം)
കറുമ്പിയും വെളുമ്പിയും കേക്ക് മുറിക്കാനൊരുങ്ങി? അവർ പാടിത്തുടങ്ങി. എന്തായിരിക്കും പാടിയിട്ടുണ്ടാവുക? നമുക്കും പാടിയാലോ!

"ഹാപ്പി ബെർത്തേ ഡേ കറുമ്പീ
മ്യാവൂ...മ്യാവൂ...മ്യാവൂ...മ്യാവൂ...
ഹാപ്പി ബെർത്തേ ഡേ വെളുമ്പീ
മ്യാവൂ...മ്യാവൂ...മ്യാവൂ...മ്യാവൂ..." (ആവർത്തിക്കണം)

കറുമ്പിയും വെളുമ്പിയും കേക്ക് മുറിച്ച് എല്ലാവർക്കും കൊടുത്തു. അവരും കഴിച്ചു.
'ഹായ്... നല്ല കേക്ക്
മധുരമുള്ള കേക്ക്' അവർ ആർത്തുവിളിച്ചു.
മ്യാവൂ...മ്യാവൂ...മ്യാവൂ..
മ്യാവൂ...മ്യാവൂ...മ്യാവൂ..
എന്തൊക്കെ സമ്മാനങ്ങളാ അവർക്ക് കിട്ടിയത്?

ഇനി എന്തെങ്കിലുമുണ്ടോ? കറുമ്പി ചോദിച്ചു.
'ഉണ്ടല്ലോ'
മണിയൻ പൂച്ച ഒരു പൊതി തുറന്നു
ഹായ്! വട, മിഠായി, ലെഡു"
മണിച്ചിപൂച്ച ഒരു പൊതി തുറന്നു
എന്തൊക്കെയാവും പൊതിയിൽ?
"ഹായ്! വാഴപ്പഴം, മാങ്ങ, കാരറ്റ്" വെളുമ്പി പറഞ്ഞു

രണ്ടു പൊതികളും കറുമ്പിയുടെയും വെളുമ്പിയുടെയും മുന്നിൽ വെച്ചു. ഇഷ്ടമുള്ളത് എടുക്കാം. പക്ഷേ ഒരുകാര്യം ഒരു പൊതിയിൽ നിന്നും എത്ര എടുക്കുന്നുവോ അത്രയും എണ്ണം രണ്ടാമത്തെ പൊതിയിൽ നിന്നും എടുക്കണം.

കറുമ്പി ആലോചിച്ചു. വെളുമ്പി ആലോചിച്ചു കറുമ്പി രണ്ടു പൊതിയിൽ നിന്നും എടുത്തു. വെളുമ്പിയും എടുത്തു. മണിച്ചി എണ്ണി നോക്കി. മണിയനും എണ്ണി നോക്കി. ശരിയാണോ? കറുമ്പി ചോദിച്ചു. വെളുമ്പി ചോദിച്ചു. ശരിയാണോ?

വർക്ക്ഷീറ്റ് 6.2 "വരച്ചു യോജിപ്പിക്കൂ!" നൽകുന്നു.

- കറുമ്പിയും വെളുമ്പിയും എങ്ങനെയാകും എടുത്തിട്ടുണ്ടാവുക?
- ഓരോന്നും എത്ര വീതമുണ്ട്?
- ഗണിതപ്രശ്നം പരിഹരിക്കാൻ ലഘുചോദ്യങ്ങൾ ചോദിക്കുന്നു.
- എത്ര വടകളുണ്ട്?
- വലതുഭാഗത്ത് അത്രയും എണ്ണമുള്ള വസ്തു ഏതാണ്?
- ഇതേരീതിയിൽ ഓരോന്നും കണ്ടെത്തി വരച്ചുയോജിപ്പിക്കുന്നു.
- പരസ്പരം വിലയിരുത്തി അഭിപ്രായങ്ങൾ പറയട്ടെ.
- ഒരേ എണ്ണം വരുന്നവ യോജിപ്പിച്ചാലോ?
- ശരിയായവർക്ക് പ്രോത്സാഹനം പിന്തുണ ആവശ്യമുള്ളവർക്ക് ടീച്ചർ സഹായം നൽകുന്നു. അങ്ങനെ കറുമ്പിയും വെളുമ്പിയും വിജയിച്ചു. അവർക്ക് സമ്മാനം നൽകി. എന്താ ആ സമ്മാനം ചക്കര ഉമ്മകൾ.

## വിലയിരുത്തൽ :

- ഒരേ എണ്ണമുള്ളവ തമ്മിൽ ബന്ധിപ്പിച്ച് വരച്ചിട്ടുണ്ട്.
- ചിത്രങ്ങൾ എണ്ണിനോക്കി എണ്ണം പറയാൻ കഴിയുന്നുണ്ട്.

## വർക്ക്ഷീറ്റ് - 6.3 ആഹാരത്തിനുപയോഗിക്കുന്നതിന് വട്ടം വരയ്ക്കൂ.

**വികാസ മേഖല** : വൈജ്ഞാനിക വികാസം

**ശേഷി** : കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അനുഭവത്തിന്റെ പിൻബലത്തിൽ നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിയുന്നു (31).

**ആശയം** : പലതരം ആഹാരങ്ങളുണ്ട്.

**സന്ദർഭം** : വിശപ്പുള്ള അവസ്ഥ-അഭിനയിക്കൽ പ്രവർത്തനത്തിന് ശേഷം

പ്രക്രിയ

- **ആഖ്യാനം**

കേളു അമ്മാവൻ വട വില്ക്കാനിറങ്ങി. വടകൾ നിറച്ച കുട്ടയുമായി കേളു അമ്മാവൻ നടന്നു. കേളു അമ്മാവൻ ഒരു തുണികൊണ്ട് വട മൂടിയിരുന്നു. എന്തിനായിരിക്കും വടകൾ തുണികൊണ്ട് മൂടിയത്?

കേളു അമ്മാവൻ എന്തോ വിളിച്ചു പറയുന്നുണ്ട്. എന്താണ് കേളു അമ്മാവൻ പറയുന്നത്? (സ്വതന്ത്ര പ്രതികരണം)

“വട വേണോ വട” എന്ന് വിളിച്ചു പറഞ്ഞ് കേളു അമ്മാവൻ അങ്ങനെ പോവുകയായിരുന്നു. കേളു അമ്മാവൻ വടവിക്കാനിറങ്ങിയത് (അഭിനയിച്ചു കാണിക്കാമോ?)

സുന്ദരികാക്കയും സുന്ദരൻകാക്കയും ഇതു കണ്ടു.

“ഹായ് വടകൾ” അവർക്ക് കൊതിയൂറി.

“എനിക്ക് വട തിന്നണം” സുന്ദരികാക്ക പറഞ്ഞു.

‘എന്താ വഴി?’

“ഐഡിയാ” സുന്ദരൻ കാക്ക പറഞ്ഞു.

എന്തായിരിക്കും ഐഡിയ? പറയാമോ? (ഊഹിച്ചു പറയൽ)

സുന്ദരൻ കാക്ക മുന്നിലും സുന്ദരി കാക്ക പിന്നിലും ആയി പറന്നുവന്നു. സുന്ദരൻ കാക്ക തുണി റാഞ്ചി പറന്നു. പിന്നാലെ സുന്ദരികാക്ക വടയും റാഞ്ചി പറന്നു.

കേളു അമ്മാവൻ കാക്കയോട് ദേഷ്യപ്പെട്ടു. എന്തായിരിക്കും കേളു അമ്മാവൻ ദേഷ്യപ്പെട്ട് പറഞ്ഞിട്ടുണ്ടാവുക? (കുട്ടികൾ ഊഹിച്ചു പറയുന്നു)

അവർ പറന്ന് ഒരു മാവിൽ കൊമ്പിലിരുന്നു.

അപ്പോഴൊരു പൊട്ടിച്ചിരി. ആരായിരിക്കും അത്? മാവിൻകൊമ്പിലെ പഴുത്ത ചുണ്ടൻ മാങ്ങയാ ചിരിച്ചത്.

‘നിങ്ങൾ വലിയ നോട്ടക്കാരല്ലേ’

‘ഞാൻ പഴുത്തു നിന്നത് നിങ്ങൾ കണ്ടില്ലല്ലോ” മാങ്ങ പൊട്ടിച്ചിരിച്ചു.

സുന്ദരൻ കാക്കയ്ക്ക് ദേഷ്യം വന്നു.

മാങ്ങയുടെ ഞെട്ടിലൊരു കൊത്ത് ‘എന്റമ്മേ!’ മാങ്ങ ഞെട്ടറ്റ് താഴേക്ക്.

ഇതു കണ്ട സുന്ദരികാക്ക പൊട്ടിച്ചിരിച്ചു.

ചുണ്ടിൽ നിന്നും വട താഴേക്ക്.

മാവിൽ ചുവട്ടിൽ മീനുവും മണിയൻ പൂച്ചയും കളിക്കുകയായിരുന്നു.

പ്ലിങ്ങോം....പ്ലിങ്ങോം....

ശബ്ദം കേട്ട് മീനു നോക്കി

"ഹായ് പഴുത്ത മാമ്പഴം"
"മീനൂട്ടി മാമ്പഴമെടുത്തോളൂ ഇന്നു നിന്റെ പിറന്നാളല്ലേ"
മണിയൻ പൂച്ച പറഞ്ഞു.
മണിയൻ പൂച്ച ഒറ്റച്ചാട്ടം...വടയും കൊണ്ട് മണിയൻ പൂച്ച
ഓടിപ്പോയി. എങ്ങനെയാ മണിയൻപൂച്ച ചാടി പിടിച്ച് വടയും കൊണ്ടോടിയത്? (അഭിനയം)
മാങ്ങയുമായി മീനുകുട്ടി അടുക്കളയിലേക്ക് പോയി.
അമ്മയെ മാങ്ങ കാണിച്ചു.
'എന്തായിരിക്കും അവർ തമ്മിൽ പറഞ്ഞിട്ടുണ്ടാവുക?'
മീനു മേശമേൽ നോക്കി. കുറെ സാധനങ്ങൾ...
മേശപ്പുറത്ത് മീനു കണ്ട സാധനങ്ങൾ കാണണ്ടേ?

വർക്ക്ഷീറ്റ് 6.3 "വട്ടത്തിലാക്കൂ" നൽകുന്നു.

**ചിത്രവായന** ചിത്രത്തിലെന്തൊക്കെയ?
ഇവയിൽ ആഹാരത്തിനുപയോഗിക്കുന്നത് എന്തെല്ലാം? അതിനു ചുറ്റും വരച്ചാലോ?

## വിലയിരുത്തൽ :

- ആഹാരവസ്തുക്കൾ തിരിച്ചറിഞ്ഞ് പേര് പറയാൻ കഴിയുന്നു
- പേന, പെൻസിൽ ഒഴികെ മറ്റുള്ളവയ്ക്ക് ചുറ്റും വട്ടം വരച്ചിട്ടുണ്ട്.

## വർക്ക്ഷീറ്റ് -6.4 നല്ല ആഹാരശീലങ്ങൾ ഏത് ?
## ചിത്രത്തിന് നിറം നൽകൂ

**വികാസ മേഖല** : വൈജ്ഞാനിക വികാസം
**ശേഷി** : ആരോഗ്യശീലങ്ങൾ, ശുചിത്വശീലങ്ങൾ എന്നിവയെക്കുറിച്ച് അറിയുന്നു (36).
**ആശയം** : ശുചിത്വമുള്ള ആഹാരം കഴിക്കണം.
**സന്ദർഭം** : നല്ല ആഹാരശീലങ്ങളെക്കുറിച്ച് ചർച്ച ചെയ്തശേഷം വർക്ക്ഷീറ്റ് അവതരിപ്പിക്കാം.

**പ്രക്രിയ**

- ആഖ്യാനം : സദ്യറെഡി മീനുവിന്റെ അമ്മ വിളിച്ചു പറഞ്ഞു. മീനുവിന്റെ അമ്മ ഒരു പാട്ടു പാടി നമുക്കും പാടിയാലോ?

'നെയ്യിൽ കാച്ചിയ പപ്പടമുണ്ടേ
പായസമുണ്ടേ പഴമുണ്ടേ
പാവക്കതോരനുമുണ്ടേ
പച്ചടിക്കിച്ചടി രസവുമുണ്ടേ
ഓലനു മുണ്ടേ കാളനുമുണ്ടേ
പടവിലമിട്ടൊരു സാമ്പാറുണ്ടേ
പച്ചരി വെച്ചുവിളമ്പിയതുമുണ്ടേ
മീനുക്കൂട്ടീ തട്ടിക്കോ'

- കളി : ഇനി നമുക്ക് കളിച്ചാലോ? കുട്ടികളെ രണ്ട് ഗ്രൂപ്പാക്കുന്നു. ഒരു ഗ്രൂപ്പ് വീട്ടിലെ സാധനത്തിന്റെ പേരു പറയും. ആഹാരത്തിനുപയോഗിക്കുന്നതാണെങ്കിൽ "ഞം ഞം" എന്ന് രണ്ടാം ഗ്രൂപ്പ് പറയണം. ആഹാരത്തിന് ഉപയോഗിക്കാത്തതാണെ

ങ്കിൽ വിരൽ തൊടിക്കണം. ഗ്രൂപ്പ് മാറി കളി ആവർത്തിക്കാം. (കൂടുതൽ പോയിന്റ് കിട്ടിയ ഗ്രൂപ്പിന് പ്രോത്സാഹനം).

- വർക്ക്ഷീറ്റ് 6.4 "നല്ല ആഹാരശീലങ്ങൾ ഏത്? ചിത്രത്തിന് നിറം നൽകൂ" നൽകുന്നു.
  - വർക്ക്ഷീറ്റ് വിതരണം ചെയ്യുന്നു.
  - ചിത്രങ്ങളിൽ കാണുന്ന കാര്യങ്ങൾ കുട്ടികൾ പറയുന്നു.
  - ഓരോ ചിത്രത്തിന്റെയും വിശദാംശങ്ങൾ പറയണം
  - ഇതിൽ ഏതൊക്കെയാണ് നല്ല ആഹാരശീലങ്ങൾ?
  - ചെയ്യാൻ പാടില്ലാത്തത് ഏതൊക്കെ?
  - നല്ല ആഹാരശീലങ്ങൾ കാണിക്കുന്ന ചിത്രത്തിനടുത്തുള്ള കളത്തിൽ നിറം നൽകൂ.

## വിലയിരുത്തൽ :

- നല്ല ആഹാരശീലങ്ങൾ തിരിച്ചറിഞ്ഞ് നിറം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

# തീം 7 ആഘോഷങ്ങൾ സ്വാതന്ത്ര്യദിനം

സ്വാതന്ത്ര്യം അമൂർത്തമായ ആശയമാണ്. ദേശീയപതാക എന്നതും. അതിനാൽ നിറം നൽകിയും ബാഡ്ജ് നിർമിച്ചും പാട്ടിലൂടെയും അനുഭവം നൽകുക മാത്രം മതിയാകും

## പ്രവർത്തനക്രമം

1. ആനക്കുട്ടന്റെ പിറന്നാൾ (കഥാഗാനം) + നിറം നൽകൽ വർക്ക്ഷീറ്റ് 7.1 'ആനക്കുട്ടന്റെ പിറന്നാൾ' നൽകൽ
   ↓
2. ക്ലാസ് മുറി അലങ്കരിക്കൽ-തോരണമുണ്ടാക്കൽ-തോരണത്തിന് നിറം നൽകൽ (വർക്ക്ഷീറ്റ് 7.2 "തോരണങ്ങൾ തയാറാക്കാം" നൽകൽ
   ↓
3. കളികളിൽ ഏർപ്പെടൽ
   ↓
4. പിറന്നാൾ പാട്ടുകൾ/സ്വാതന്ത്ര്യദിന ഗീതങ്ങൾ
   ↓
5. പതാക നിർമാണം, നിറം നൽകൽ വർക്ക്ഷീറ്റ് 7.3 "പതാക തയാറാക്കാം" നൽകൽ
   ↓
6. റാലി വർക്ക്ഷീറ്റ് 7.4 "ബാഡ്ജ് തയാറാക്കാം" നൽകൽ
   ↓
7. അനുഭവങ്ങൾ പങ്കിടൽ
   ↓
8. സ്വതന്ത്രകളികൾ/സ്വാതന്ത്ര്യദിനപരിപാടികൾ

## വർക്ക്ഷീറ്റ് -7.1 ആനക്കുട്ടന്റെ പിറന്നാൾ

**വികാസ മേഖലകൾ** :
- ശാരീരിക ചാലക വികാസം
- വൈജ്ഞാനിക വികാസം

**ശേഷികൾ** :
1. ക്രയോൺസ് ഉപയോഗിച്ച് സ്വതന്ത്രമായി ചിത്രങ്ങൾക്ക് നിറം നൽകാൻ കഴിയുന്നു (4)
2. വസ്തുക്കളെ താരതമ്യം ചെയ്യുന്നതിന് ഗണിതഭാഷ ഉപയോഗിക്കുന്നു-വലുത്, ചെറുത്. (39)

**ആശയം** : പിറന്നാൾ, വിവാഹം തുടങ്ങിയ ആഘോഷങ്ങൾ വീട്ടിൽ ഉണ്ടാകാറുണ്ട്.

**സാമഗ്രികൾ** : ക്രയോൺസ്, കഥ, പാട്ട്

**സന്ദർഭം** : പിറന്നാളുമായി ബന്ധപ്പെട്ട കഥ/ഒരു കുട്ടിയുടെ പിറന്നാൾ ദിനം/പിറന്നാൾ അനുഭവങ്ങൾ പറയൽ.

**പ്രക്രിയ**

- കഥാഗാനം/കഥാപ്രസംഗം : ഈ കഥാഗാനം കഥാപ്രസംഗ രൂപത്തിലോ ആഖ്യാനരൂപത്തിലോ അവതരിപ്പിക്കുക. ആംഗ്യം, ഭാവാഭിനയം എന്നിവയോടെ വേണം അവതരണം

ആനക്കുട്ടന് പിറന്നാള്
ഇന്നാണല്ലോ പിറന്നാള്
പുത്തനുടുപ്പുകൾ തുന്നീല

ആനക്കുട്ടനറിഞ്ഞീലാ
വാടാ മോനെ പൊന്നുണ്ണീ
ആറ്റിൽ പോയി കുളിച്ചുവരാം
അച്ഛൻ കൊമ്പൻ വന്നു പറഞ്ഞു
മടിയൻ കുട്ടൻ പോയില്ല
വാടാമോനേ പൂങ്കരളേ
ആറ്റിൽപ്പോയി നീരാടാം
അമ്മയാന വിളിച്ചിട്ടും
മടിയൻ കുട്ടൻ പോയില്ല
തുമ്പിക്കൈയിൽ വെള്ളവുമായി
അമ്മയാന വന്നല്ലോ
തുമ്പിക്കൈയിൽ വെള്ളവുമായി
അച്ഛനാന വന്നല്ലോ
ശൂ ശൂ ശൂ ശൂ മഴയായി
മടിയൻ കുട്ടൻ കുളിയായി
കുളിച്ചൊരുങ്ങി ആനക്കുട്ടൻ
പൗഡറിട്ടു ആനക്കുട്ടൻ
ചേലിലൊരുങ്ങി ആനക്കുട്ടൻ
കാര്യമെന്തെന്നറിയാതെ
കുഞ്ഞൻമുയലും ചിന്നലെലിയും
പുള്ളിമാനും വന്നല്ലോ
കരിമ്പ്, ചക്കര, കാട്ടുചക്ക
മധുരപ്പഴങ്ങൾ, തെങ്ങോല
തീറ്റകൾ വന്നു നിറഞ്ഞപ്പോൾ
കാര്യമെന്തെന്നറിയാതെ
കൊതിയൻ കുട്ടൻ കുഴങ്ങിപ്പോയി
എന്താണമ്മേ വിശേഷം?
എന്താണച്ഛാ വിശേഷം?
എന്താ മോനേ വിശേഷം
"ഹാപ്പി ഹാപ്പി ആനക്കുട്ടാ
ഹാപ്പി ബർത്ഡേ ആനക്കുട്ടാ"
കൂട്ടുകാരെല്ലാം ചിരിതൂകി
ആനക്കുട്ടൻ ചമ്മിപ്പോയി.

കഥാഗാനം അവതരിപ്പിച്ചതിനുശേഷം ചോദ്യം.

എന്തെല്ലാമാണ് ആനക്കുട്ടന്റെ പിറന്നാളിന് കൂട്ടുകാർ നൽകിയത്? (കഥാഗാനത്തിന്റെ പ്രസ്തുത ഭാഗങ്ങൾ വീണ്ടും പാടാം.)

ഒരു പ്രധാനപ്പെട്ട കാര്യം മറന്നുപോയിട്ടുണ്ട്. എന്താണെന്ന് പറയാമോ?

- വർക്ക്ഷീറ്റ് 7.1 'ആനക്കുട്ടന്റെ പിറന്നാൾ' നൽകുന്നു.
- ചിത്രവായന
  - ആനക്കുട്ടൻ എന്താണ് ചെയ്യുന്നത്?
  - ചിത്രത്തിൽ ഏറ്റവും വലിയ ജീവി ഏതാണ്?
  - ഏറ്റവും ചെറിയ ജീവി ഏത് ?
  - എത്ര സമ്മാനപ്പൊതികളുണ്ട്? എണ്ണി നോക്കൂ.
- നിറം കൊടുക്കൽ
  - ആനക്കുട്ടന് ഇഷ്ടമുള്ള നിറം നൽകൂ. (ആനയ്ക്ക് കുട്ടികൾ വ്യത്യസ്ത നിറം കൊടുത്തേക്കാം)

  അവരെ അംഗീകരിക്കണം. 'ചുവന്ന കുപ്പായമിട്ട ആനയ്ക്ക് നല്ല ചന്തമുണ്ടല്ലോ!"–"ഇതാ നീലയാന, എന്തൊരു

ചേല്!" എന്നിങ്ങനെ.
കുട്ടികളുടെ പിറന്നാൾ വിശേഷങ്ങൾ ചർച്ച ചെയ്യണം.

## വിലയിരുത്തൽ :

- ആനക്കുട്ടനെ കണ്ടെത്തി ഭംഗിയായി നിറം നൽകാൻ കഴിയുന്നുണ്ട്.
- നിറം നൽകിയതിലെ സൂക്ഷ്മത.
- ജീവികളെ തിരിച്ചറിയാൻ കഴിയുന്നുണ്ട്.
- ഏറ്റവും വലുതും ഏറ്റവും ചെറുതുമായ ജീവികളെ കണ്ടെത്തിപ്പറഞ്ഞിട്ടുണ്ട്.

## വർക്ക്ഷീറ്റ് -7.2 തോരണങ്ങൾ തയ്യാറാക്കാം.

**വികാസ മേഖല** : ശാരീരിക ചാലക വികാസം

**ശേഷി** : ക്രയോൺസ് ഉപയോഗിച്ച് സ്വതന്ത്രമായി ചിത്രങ്ങൾക്ക് നിറം നൽകാൻ കഴിയുന്നു. (4)

**ആശയം** : ആഘോഷത്തിന്റെ ഭാഗമായി വീടും പരിസരവും സ്കൂളും അലങ്കരിക്കുന്നു.

**സാമഗ്രികൾ** : ചണച്ചരട്, വർണക്കടലാസ്, കുരുത്തോല, ഇലകൾ, പശ, ഈർക്കിൽ, കട്ടൗട്ട്

**സന്ദർഭം** : സ്വാതന്ത്ര്യദിനാഘോഷം

**പ്രക്രിയ**

- നിർമ്മാണം : തോരണമുണ്ടാക്കൽ
- ചർച്ച : ആഘോഷങ്ങൾ നടത്തുമ്പോൾ അലങ്കരിക്കാറില്ലേ? എങ്ങനെയൊക്കെ അലങ്കരിക്കും.
  - കുരുത്തോല വെച്ച്
  - ഇലകൾ, തുണി
  - ബൾബുകൾ പ്രകാശിപ്പിച്ച്
  - കടലാസ് തോരണങ്ങൾ വെച്ച്
- നിർമാണം : നമുക്കും തോരണങ്ങൾ ഉണ്ടാക്കാം.
  ചണച്ചരട്, പശ, വർണക്കടലാസ് എന്നിവ നൽകുന്നു. ചരട് വലിച്ചു കെട്ടണം. പശ ചിരട്ടയിൽ ഒഴിച്ചു കൊടുക്കണം. ഈർക്കിൽ പശയിൽ മുക്കി തോരണത്തിന്റെ മുകൾ ഭാഗത്ത് തേച്ച് ചരടിൽ ഒട്ടിക്കുന്ന വിധം കാണിച്ചു കൊടുക്കണം. കുട്ടികൾ തോരണം ഒട്ടിക്കട്ടെ. സഹായിക്കണം. പ്രവർത്തനം പൂർത്തിയായിക്കഴിഞ്ഞാൽ തോരണം ക്ലാസിൽ ഉയരത്തിൽ വലിച്ചു കെട്ടണം. ഉത്സവങ്ങൾക്കും മറ്റും തൂക്കിയിടുന്ന തുണിത്തോരണത്തിന്റെ ചെറുമാതൃക ക്ലാസിൽ പ്രദർശിപ്പിക്കണം. പ്രത്യേകതകൾ (നിറം, ആകൃതി, കാറ്റത്താടുന്നതിന് സഹായകമായ നീളം എന്നിവ ചർച്ച ചെയ്യണം.) ദൂരെ നിന്നും നിറം കൊണ്ടും ഇളക്കം കൊണ്ടും ആകൃതി കൊണ്ടും ശ്രദ്ധിക്കും.

വർക്ക്ഷീറ്റ് 7.2 'തോരണങ്ങൾ തയാറാക്കാം' നൽകുന്നു.

ഇതുപോലെ നിറമുള്ള തോരണങ്ങളുടെ ചിത്രം നിങ്ങൾക്ക് തരാം. ഒന്നിന് നിങ്ങൾ തന്നെ നിറം നൽകണം. മഞ്ഞ, ചുവപ്പ്, നീല, പച്ച എന്നീ നിറങ്ങൾ (ക്രയോൺസ്, ചായപ്പെൻസിൽ) നൽകണം. ആദ്യം ചുവപ്പ്, പിന്നെ നീല, തുടർന്ന് പച്ച ശേഷം മഞ്ഞ എന്ന രീതിയിൽ നിറം നൽകട്ടെ. (ഇതോടൊപ്പമുള്ള കട്ടൗട്ട് നൽകിയും നിറം നൽകാനും ആവശ്യപ്പെടാം.)

പ്രകൃതി സൗഹൃദതോരണമെന്ന നിലയിൽ കുരുത്തോല/ഇലകൊണ്ടുള്ള തോരണവും നിർമിക്കാം.

- നിറം നൽകിയ തോരണങ്ങൾ കുട്ടി നിരീക്ഷിക്കുന്നു.

- എത്ര തോരണങ്ങൾ?
- നിറം നൽകാത്ത തോരണത്തിൽ, നിറം നൽകിയ തോരണത്തിലേതുപോലെ നിറം നൽകാൻ നിർദ്ദേശം നൽകുന്നു.

## വിലയിരുത്തൽ :

- നിർദ്ദേശമനുസരിച്ച് കൃത്യതയോടെ നിറം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

## വർക്ക്ഷീറ്റ് - 7.3 പതാക തയാറാക്കാം

**വികാസ മേഖല** : ശാരീരിക ചാലക വികാസം

**ശേഷികൾ** :
1. ചിത്രത്തിൽ ക്രയോൺസ് ഉപയോഗിച്ച് നിറം നൽകാൻ കഴിയുന്നു (4).
2. കടലാസ് മുറിക്കാനും ഒട്ടിക്കാനും കഴിയുന്നു (6).
3. കത്രിക ഉപയോഗിച്ച് മുറിക്കാൻ കഴിയുന്നു (7).

**ആശയം** : ആഘോഷത്തിന്റെ ഭാഗമായി വീടും പരിസരവും സ്കൂളും അലങ്കരിക്കുന്നു.

**സാമഗ്രികൾ** : പശ, ഈർക്കിലുകൾ, സ്ട്രോ, സ്റാപ്ലർ

**സന്ദർഭം** : സ്വാതന്ത്ര്യദിനത്തിന്റെ തലേ ദിവസം പതാക നിർമ്മാണം.

പ്രക്രിയ

- **നിർമാണം** : പതാകനിർമാണം
  ഇന്ത്യയുടെ ദേശീയപതാക പാറിപ്പറക്കുന്ന ചിത്രം
- **വീഡിയോ പ്രദർശനം** വീഡിയോ പ്രദർശിപ്പിക്കുന്നു. പതാക ഉയർത്തുമ്പോൾ എങ്ങനെ നിൽക്കണം?
  ഒരു പാട്ട് പാടാം.
- പാട്ട് പാടൽ എല്ലാവരും എഴുന്നേറ്റ് നിൽക്കുന്നു.

വരിക വരിക കൂട്ടരേ
വരിവരിയായി നിൽക്കുവിൻ
തലനിവർത്തി നേരെ നിന്ന്
നമുക്ക് കൊടിയെ വന്ദിക്കാം
പച്ച, വെള്ള, കുങ്കുമം
മൂന്നു നിറങ്ങൾ ഉണ്ടല്ലോ
നടുവിലായി കൊടിയിലൊരു
നീലച്ചക്രമുണ്ടല്ലോ
നമ്മുടെ നാട്ടിൻ കൊടിയാണേ
നമ്മുക്ക് കൊടിയെ വന്ദിക്കാം

രണ്ടാം തവണ പാട്ട് പാടുമ്പോൾ കുട്ടികൾ വീഡിയോയിൽ കണ്ട പാട്ടിൽ നിന്ന പോലെ നിൽക്കണം. നിറങ്ങളും അശോകചക്രവും ചൂണ്ടിക്കാട്ടി വേണം പച്ച, വെള്ള, കുങ്കുമം എന്നു തുടങ്ങുന്ന വരികൾ പാടേണ്ടത്.

**വർക്ക്ഷീറ്റ് 7.3 'പതാക തയാറാക്കാം'** നൽകുന്നു.

നിർദേശിക്കുന്ന ക്രമത്തിൽ നിറം നൽകുന്നു. നിറം നൽകിയ കൊടി പശവെച്ച് കയ്യിൽ ഒട്ടിക്കുന്നു. (സ്റ്റാപ്ലർ ചെയ്താലും മതി) എല്ലാവരും പതാക ഉയർത്തിപ്പിടിച്ച് പച്ച, വെള്ള, കുങ്കുമം എന്നു തുടങ്ങുന്നവരികൾ പാടുന്നു.

- സ്വാതന്ത്ര്യദിന റാലിയിൽ ദേശീയപതാക ഉപയോഗിക്കുന്നു.

## വിലയിരുത്തൽ :

- കൃത്യമായി നിറം നൽകിയിട്ടുണ്ട്.
- കത്രിക ഉപയോഗിച്ച് കൃത്യമായി മുറിക്കാൻ കഴിയുന്നുണ്ട്.
- ഭംഗിയായി ഒട്ടിക്കാൻ കഴിയുന്നുണ്ട്.

## വർക്ക്ഷീറ്റ് - 7.4 ബാഡ്ജ് തയ്യാറാക്കാം

**വികാസ മേഖല** : ശാരീരിക ചാലക വികാസം

**ശേഷികൾ** : 1. ചിത്രത്തിൽ ക്രയോൺസ് ഉപയോഗിച്ച് നിറം നൽകാൻ കഴിയുന്നു (4)
2. കത്രിക ഉപയോഗിച്ച് മുറിക്കാൻ കഴിയുന്നു (7)

**ആശയം** : ആഘോഷത്തിന്റെ ഭാഗമായി വീടും പരിസരവും സ്കൂളും അലങ്കരിക്കുന്നു.

**സാമഗ്രികൾ** : കത്രിക, ക്രയോൺസ്

**സന്ദർഭം** : സ്വാതന്ത്ര്യദിനാഘോഷത്തിന്റെ തലേന്ന് ചെയ്യേണ്ട പ്രവർത്തനം.

**പ്രക്രിയ**

- പാട്ട് പാടൽ : പാട്ടുപാടാം (സംഭാഷണഗാനം)

കുട്ടി : മുല്ലേ മുല്ലേ പൂ തരുമോ
മാല കൊരുക്കാൻ നീ വരുമോ
മുല്ല : എന്തിനു കുഞ്ഞേ മുല്ലപ്പൂ
ഉണ്ണിത്തലയിൽ ചൂടാനോ
കുട്ടി : എനിക്കു ചൂടാനല്ലല്ലോ
വേറൊരു കാരിയമുണ്ടല്ലോ
മുല്ല : എനിക്കു വെള്ളം തന്നവളേ
നിനക്കെടുക്കാം പൂവെല്ലാം
കുട്ടി : പൂക്കളിറുക്കാം ഞാനിപ്പോൾ
മാല കൊരുക്കാം ഞാനിപ്പോൾ
മുല്ല : ആർക്കുകൊടുക്കാനാ മാല
ആരെ ചാർത്താനാ മാല
കുട്ടി : ചുവരിലിരിക്കുന്നുണ്ടല്ലോ
നമ്മുടെ ഗാന്ധിജിയപ്പൂപ്പൻ

ഗാന്ധിജിയുടെ ചിത്രം പ്രദർശിപ്പിക്കുന്നു. റാലിക്കായി നമ്മൾ കൊടിയുണ്ടാക്കിയില്ലേ. ഇനി ഓരോരുത്തർക്കും ബാഡ്ജ് തരാം.

- വർക്ക്ഷീറ്റ് 7.4 'ബാഡ്ജ് തയ്യാറാക്കാം" നൽകുന്നു.

ബാഡ്ജ് നൽകുന്നു. ബാഡ്ജ് ധരിച്ച് വേണം റാലിക്കു പോകാൻ. ബാഡ്ജിന് നിറം നൽകണം. താഴെയുള്ള റിബ്ബണിന് പച്ച ഇടതുവശത്ത് കുങ്കുമം, വലതുവശത്തുനീലയായാലോ? മറ്റു നിറങ്ങൾ കുട്ടികൾ നിർദേശിക്കട്ടെ. നിറം നൽകിയ ശേഷം ബാഡ്ജ് മുറിച്ച് പേരെഴുതി കുട്ടികൾക്ക് കുത്തിക്കൊടുക്കണം.

പല്ലുപോയ മോണകാട്ടി
പുഞ്ചിരിതൂകും അപ്പൂപ്പൻ
നാടിനുവേണ്ടി നിരവധി കാലം
സമരം ചെയ്തൊരപ്പൂപ്പൻ
ഇതാണ് നമ്മുടെ അപ്പൂപ്പൻ
സ്വന്തം ഗാന്ധി അപ്പൂപ്പൻ

- ബാഡ്ജിന് നടുക്കുള്ള ചിത്രം ആരുടേതാണ്?

## വിലയിരുത്തൽ :

- കൃത്യതയോടെ നിറം നൽകിയിട്ടുണ്ട്.
- കത്രിക ഉപയോഗിച്ച് മുറിച്ചെടുക്കാൻ കഴിയുന്നു.

# തീം 8 ആരോഗ്യം, രോഗങ്ങൾ, ആശുപത്രി

കൊളാഷ്, അഭിനയഗാനം, ചമഞ്ഞുകളി തുടങ്ങിയ സങ്കേതങ്ങളുമായി ചേർത്താണ് വർക്ക് ഷീറ്റുകൾ അവതരിപ്പിക്കുന്നത്. പ്രവർത്തനക്രമം ചുവടെ നൽകുന്നു.

## പ്രവർത്തന ക്രമം

1. പാട്ടുകൾ
↓
2. ശുചീകരണ പ്രവർത്തനങ്ങൾ+വെയ്സ്റ്റ് ബോക്സ് നിർമാണം+വർക്ക്ഷീറ്റ്-8.1 "എന്തൊക്കെ?" നൽകൽ
↓
3. സ്വതന്ത്രഭാഷണം
↓
4. ചിത്രവായന
↓
5. വ്യക്തിശുചിത്വം പാലിക്കൽ (പല്ലുതേക്കൽ, കൈകഴുകൽ-തുടയ്ക്കൽ)
↓
6. സ്വാശ്രയപ്രവർത്തനങ്ങൾ (ചെരിപ്പിടൽ, മുടിചീകൽ, വസ്ത്രധാരണം)
↓
7. ചിത്രവായന, വർക്ക്ഷീറ്റ് 8.2 - ആരാണ് ശരി? നൽകൽ
↓
8. റോൾ-പ്ലേ ആശുപത്രി
വർക്ക്ഷീറ്റ്-8.3 "ആശുപത്രിയിലേക്കുള്ള വഴി" നൽകൽ
↓
9. ഡോക്ടർ, നഴ്സ് ചമഞ്ഞുകളി
↓
10. വർക്ക്ഷീറ്റ് 8.4 "ചിത്രം നോക്കി പറയാം" നൽകൽ
↓
11. ഡോക്ടർ സെറ്റ് കളിപ്പാട്ടങ്ങൾ ഉപയോഗിച്ചുള്ള കളി

## വർക്ക്ഷീറ്റ് -8.1 എന്തൊക്കെ?

**വികാസ മേഖല** : വൈജ്ഞാനിക വികാസം

**ശേഷി** : ചിത്രം നിരീക്ഷിച്ച് കൂട്ടത്തിൽപ്പെടാത്തവ വേർതിരിച്ചു കണ്ടെത്തി പറയാനും കൂട്ടത്തിൽപ്പെടാത്തതിന്റെ കാരണം പറയാനും കഴിയുന്നു (33).

**ആശയം** : വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവ പാലിച്ചാൽ രോഗങ്ങളിൽനിന്ന് രക്ഷ നേടാം.

**സാമഗ്രികൾ** : വിവിധ നിറത്തിലുള്ള കടലാസുകൾ (മാസികകൾ, പത്രങ്ങൾ എന്നിവയിൽ നിന്നും കീറിയെടുത്തത് മതിയാകും), പശ, എ4 ഷീറ്റ്, കട്ടൗട്ട്

**സന്ദർഭം** : പരിസരശുചീകരണ പ്രവർത്തനങ്ങൾക്കുശേഷം.

**പ്രക്രിയ**

- നിർമാണം : കൊളാഷ് നിർമാണം

ചുവപ്പ്, പച്ച, മഞ്ഞ എന്നീ നിറങ്ങളിലുള്ള കടലാസുകൾ ചെറിയ ചെറിയ തുണ്ടുകളാക്കണം.

കുട്ടികൾ തന്നെ കീറി മുറിക്കട്ടെ. കൈകൊണ്ട് കീറിയാൽ മതി. ടീച്ചർ മരത്തിന്റെ കട്ടൗട്ട് വെച്ച് എല്ലാവർക്കും ഔട്ട്ലൈൻ വരച്ചു കൊടുക്കണം. മരത്തിന്റെ രൂപരേഖക്കുള്ളിൽ ഇഷ്ടാനുസരണം പച്ച, മഞ്ഞ, ചുവപ്പ് എന്നീ നിറത്തുണ്ടുകൾ ഒട്ടിക്കണം. (പശ തേയ്ക്കാൻ സഹായിക്കണം) പച്ച നിറത്തുണ്ടുകൾ കൂടുതലായിരിക്കണം. മരത്തിന്റെ തടിയിൽ തവിട്ട് നിറമുള്ള ക്രയോൺസ് ഉപയോഗിച്ച് നിറം കൊടുക്കണം. തറയിൽ പച്ചയും കറുപ്പും നിറത്തുണ്ടുകൾ ഒട്ടിക്കണം. ചുവന്ന ഒരു പൊട്ട് ആകാശത്ത് ഒട്ടിക്കാൻ നൽകണം (സൂര്യൻ). എല്ലാവരുടെയും ചിത്രം പരസ്പരം കാണാൻ അവസരം നൽകണം. കൊളാഷ് നിർമിക്കുന്നതിന്റെ ഭാഗമായി നിറത്തുണ്ടുകൾ തറയിൽ വീണു കിടപ്പുണ്ടാകും. അവ എന്തു ചെയ്യണം എന്നു ചോദിക്കുക.

ചപ്പുചവറുകൾ മാറ്റുന്നതിനുള്ള ഉപകരണങ്ങളുടെ ചിത്രം വരക്കൽ (ചൂല്, തൂത്തുവാരി, തറതുടപ്പൻ....).

ചപ്പു ചവറുകൾ വെയ്സ്റ്റ് ബോക്സിൽ നിക്ഷേപിക്കൽ

- **വർക്ക്ഷീറ്റ് 8.1** 'എന്തൊക്കെ?" നൽകുന്നു.
  - വർക്ക്ഷീറ്റിലെ ചിത്രം നിരീക്ഷിക്കുന്നു.
  - ചിത്രത്തിൽ എന്തൊക്കെയുണ്ട്?
  - ഇവയിൽ വീണ്ടും ഉപയോഗിക്കാൻ കഴിയുന്നവ ഏതൊക്കെ?
  - ഇതിൽ ചവറ്റുകുട്ടയിൽ ഇടേണ്ട വസ്തുക്കൾ കണ്ടെത്തി അവയെ വട്ടത്തിലാക്കൂ.
  - എന്തിനാണ് ചവറ്റുകുട്ട?
  - ചവറ്റുകുട്ടയിൽ മാലിന്യങ്ങൾ നിറഞ്ഞാൽ എന്തുചെയ്യും? ചർച്ച

## വിലയിരുത്തൽ :

- ചവറ്റുകുട്ടയിലേക്ക് മാറ്റേണ്ടവ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

## വർക്ക്ഷീറ്റ് - 8.2 ആരാണ് ശരി?

**വികാസ മേഖല** : വൈജ്ഞാനിക വികാസം

**ശേഷികൾ** :
1. ആരോഗ്യ ശീലങ്ങൾ, ശുചിത്വശീലങ്ങൾ എന്നിവയെക്കുറിച്ച് അറിയുന്നു (36).
2. കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അനുഭവത്തിന്റെ പിൻബലത്തിൽ നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിയുന്നു (31).

**ആശയം** : ആരോഗ്യത്തിന് ശുചിത്വശീലങ്ങൾ വളരെ പ്രധാനമാണ്.

**സാമഗ്രികൾ** : സോപ്പ്, ക്രയോൺസ്

**സന്ദർഭം** : ആരോഗ്യശീലങ്ങൾ സംബന്ധിച്ച ചർച്ച

**പ്രക്രിയ**

- ആംഗ്യപ്പാട്ട് :

കാക്ക പറക്കണ കണ്ടിട്ടുണ്ടോ?
ഇതുപോലെ ഇതുപോലെ (ആംഗ്യം)
തവളകൾ ചാടണ കണ്ടിട്ടുണ്ടോ?
ഇതുപോലെ ഇതുപോലെ (ആംഗ്യം)
പന്തു കളിക്കണ കണ്ടിട്ടുണ്ടോ?
ഇതുപോലെ ഇതുപോലെ

മണ്ണു കുഴയ്ക്കണ കണ്ടിട്ടുണ്ടോ?
ഇതുപോലെ ഇതുപോലെ (ആംഗ്യം)
വെള്ളം കോരണ കണ്ടിട്ടുണ്ടോ?
ഇതുപോലെ ഇതുപോലെ (ആംഗ്യം)
കൈകൾ കഴുകണ കണ്ടിട്ടുണ്ടോ?
ഇതുപോലെ ഇതുപോലെ (ആംഗ്യം)

കൈകഴുകുന്നതെപ്പോഴാണ്? എന്തിനാണ്? ചർച്ച. കൈകഴുകാൻ അറിയാമോ? പുറത്തു പോയി സോപ്പിട്ടു നന്നായി കൈകൾ കഴുകുന്നു. എല്ലാ വിരലുകളുടെയും ഇടയിലുള്ള അഴുക്കു പോകത്തക്കവിധം ഇരു കൈകളിലെയും വിരലുകൾ കൊരുത്ത് ഉലച്ച് കഴുകുന്നവിധം പരിചയപ്പെടുത്തണം. (ശാസ്ത്രീയമായ കൈകഴുകൽ മതി)

തുടർന്ന്

- വർക്ക്ഷീറ്റ് 8.2 'ആരാണ് ശരി?' നൽകുന്നു
- ചർച്ച
  - ചിത്രത്തിൽ കാണുന്ന പ്രവൃത്തികളെക്കുറിച്ച് സംസാരിക്കുന്നു.
- ആഖ്യാനം
  - വൈകുന്നേരമായി. ഷാൻ പന്തുമായി കളിക്കാൻ പോയി. കളിച്ചു വന്നശേഷം അവൻ ടി.വി കാണാനിരുന്നു. അപ്പോഴാണ് അമ്മ ആഹാരം കഴിക്കാൻ വിളിച്ചത്. അവൻ ആഹാരം കഴിച്ച് ഉറങ്ങി. (മുകളിലെ ചിത്രം)
  - താഴെയുള്ള ചിത്രത്തിൽ സോഹനെ കണ്ടില്ലേ?
  - സോഹൻ ചെയ്ത കാര്യങ്ങൾ ഇതേപോലെ കുട്ടികൾ പറയട്ടെ.
  - മുകളിലെ ചിത്രവും താഴെയുള്ള ചിത്രവും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ?
  - എന്താണ് വ്യത്യാസം?
  - കളിച്ചു വന്ന ശേഷം സോഹൻ കുളിച്ചത് എന്തിനായിരിക്കും?
  - ഏത് ചിത്രത്തിലെ കുട്ടിയാണ് ശരിയായ ആരോഗ്യശീലങ്ങൾ പാലിക്കുന്നത്?
  - ആ ചിത്രം കണ്ടെത്തി ഇടതുവശത്തെ മുഖത്തിന്
    (സ്മൈലി) നിറം നൽകണം.

## വിലയിരുത്തൽ

- ശരിയായ ആരോഗ്യശീലം പാലിക്കുന്ന കുട്ടിയുടെ ചിത്രം തിരിച്ചറിഞ്ഞ് അടയാളപ്പെടുത്തിയിട്ടുണ്ട്.

## വർക്ക്ഷീറ്റ് - 8.3 ആശുപത്രിയിലേക്കുള്ള വഴി

**വികാസ മേഖലകൾ** :
- ശാരീരിക ചാലക വികാസം
- വൈജ്ഞാനിക വികാസം

**ശേഷി** : പ്രാഗ് ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു (13).

**ആശയങ്ങൾ** :
- രോഗം വന്നാൽ ചികിത്സിക്കുന്ന സ്ഥാപനമാണ് ആശുപത്രി.
- ആശുപത്രിയിൽ ഡോക്ടർ, നഴ്സ് തുടങ്ങിയവരുണ്ട്.

**സന്ദർഭം** :

**പ്രക്രിയ** : ആരോഗ്യപ്പാട്ട് പാടിയ ശേഷം

- പാട്ട്

വയറേ ശരണം പാടി നടക്കും
പൊണ്ണത്തടിയൻ കുഞ്ഞവറാൻ
കണ്ണിൽ കണ്ടതു തിന്നു നടന്നു
കൈയും വായും കഴുകാതെ
വയറിനു വേദന പല്ലിനുവേദന
വേദന വേദന സർവ്വത്ര
ഒന്നും തിന്നാൻ കഴിയാതൊടുവിൽ
നിലവിളിയായി കുഞ്ഞവറാൻ
വൈദ്യരുവന്നു ഡോക്ടറുവന്നു
ബഹളം കൊണ്ടൊരു പൊടിപൂരം
ആഹാരത്തിനു മുമ്പും പിമ്പും
കൈയും വായും കഴുകേണം
ശുചിയായിട്ടു നടന്നില്ലെങ്കിൽ
രോഗം നമ്മെ പിടികൂടും.

ഈ പാട്ട് സംഘമായി പാടി അവതരിപ്പിച്ചതിനു ശേഷം രംഗങ്ങൾ അഭിനയിക്കണം.
കുഞ്ഞവറാനെ ആശുപത്രിയിലെത്തിക്കണം.

- വർക്ഷീറ്റ് 8.3 ആശുപത്രിയിലേക്കുള്ള വഴി നൽകുന്നു
  - ചിത്രത്തിൽ ആരൊക്കെയാണ് ആശുപത്രിയിൽ പോകുന്നത്? കുട്ടികളുടെ പ്രതികരണം.
  - അവരെ വഴിതെറ്റാതെ ആശുപത്രിയിൽ എത്തിക്കാമോ?
  - കുട്ടികൾ ഓരോരുത്തരുടെയും വഴികൾ വിരൽ കൊണ്ടു വരയ്ക്കുന്നു.
  - പിന്നീട് ക്രയോൺ കൊണ്ടു വരയ്ക്കട്ടെ.
  - ഓരോരുത്തർക്കും പ്രത്യേകം നിറം ഉപയോഗിക്കാൻ നിർദേശിക്കണം.
  - ഓരോരുത്തരെയും വഴി വരച്ചു ആശുപത്രിയിൽ എത്തിക്കുന്നു.
  - ആശുപത്രി അനുഭവങ്ങൾ സ്വതന്ത്രസംഭാഷണം

## വിലയിരുത്തൽ :

- ഡോക്ടർ, നഴ്സ്, രോഗി എന്നിവരുടെ ചിത്രങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.
- വ്യത്യസ്ത നിറത്തിലുള്ള ക്രയോണുകൾ ഉപയോഗിച്ച് മൂന്നു വഴികളും വരച്ചിട്ടുണ്ട്.
- വരയുടെ സൂക്ഷ്മത.
- ആശുപത്രിയുപകരണങ്ങൾക്ക് നേരെയുള്ള വട്ടത്തിനുള്ളിൽ ശരി അടയാളം ഇടുക.

## വർക്ക്ഷീറ്റ് - 8.4 ചിത്രം നോക്കി പറയാം

**വികാസ മേഖല** : വൈജ്ഞാനിക വികാസം

**ശേഷി** : കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അനുഭവത്തിന്റെ പിൻബലത്തിൽ നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിയുന്നു (31).

**ആശയങ്ങൾ** :
- രോഗം വന്നാൽ ചികിത്സിക്കുന്ന സ്ഥാപനമാണ് ആശുപത്രി.
- ആശുപത്രിയിൽ ഡോക്ടർ, നഴ്സ് തുടങ്ങിയവരുണ്ട്

**സാമഗ്രികൾ** : ഡോക്ടർസെറ്റ്

**സന്ദർഭം** : ടീച്ചറും കുട്ടികളും ചേർന്ന് ഡോക്ടർസെറ്റ് ഉപയോഗിച്ച് ആശുപത്രിക്കളി കളിക്കുന്നു. കുട്ടികൾ

തന്നെ ഡോക്ടറായും നഴ്സായും രോഗികളായും ചമഞ്ഞു കളിക്കട്ടെ. ഉപകരണങ്ങൾ ഓരോരു ത്തരും ഉപയോഗിക്കട്ടെ.

**പ്രക്രിയ** :

- ആശുപത്രിക്കളി : കുറച്ചു കുട്ടികൾ രോഗികൾ. ഒരു ഡോക്ടർ, ഒരാൾ നഴ്സ്. കുട്ടികൾ വരിവരിയായി വരുന്നു. ഡോക്ടർ പരിശോധിക്കുന്നു. (കണ്ണ്, വായ്, ചൂട്, നാഡി പിടിപ്പ്....)
  - മരുന്നു കുറിച്ചു കൊടുക്കുന്നു.
  - നഴ്സ് ഇഞ്ചക്ഷൻ നൽകുന്നു.

  (ഡോക്ടർ പെട്ടിയിലെ ഉപകരണങ്ങൾ ഉപയോഗിക്കുന്നു.)
- വർക്ഷീറ്റ് 8.4 “ചിത്രം നോക്കി പറയാം” നൽകുന്നു.
- **ചർച്ച**
  - വർക്ക്ഷീറ്റിലെ ചിത്രത്തിൽ എന്താണുള്ളത്? കളിസ്റ്റെതസ്കോപ്പ് വെച്ച് പരസ്പരം ഹൃദയമിടിപ്പ് കേൾക്കട്ടെ.
  - കളിയെക്കുറിച്ചുള്ള ചർച്ച
  - ആരാണ് ഡോക്ടറായത്?
  - ഡോക്ടറുടെ കയ്യിലുള്ള ഉപകരണമെന്തായിരുന്നു?
  - ചിത്രത്തിൽ താഴെയുള്ള വട്ടത്തിനകത്ത് എന്തൊക്കെ ?
  - കുട്ടികളുടെ പ്രതികരണം
  - അവയിൽ ആശുപത്രിയുപകരണങ്ങൾ ഏതൊക്കെ?
  - കുട്ടികളുടെ പ്രതികരണം
  - ആശുപത്രിയുപകരണങ്ങൾക്ക് നേരെയുള്ള വട്ടത്തിനുള്ളിൽ ശരി അടയാളം ഇടുക.

## വിലയിരുത്തൽ :

- ആശുപത്രിയുപകരണങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

# തീം 9 പൂക്കൾ, പൂന്തോട്ടം, ശലഭങ്ങൾ

പൂക്കൾ ക്ലാസിൽ കൊണ്ടുവരുന്നു എന്നതുകൊണ്ട് പൂന്തോട്ട നിരീക്ഷണം ഒഴിവാക്കരുത്. പ്രീസ്കൂളിന് പൂന്തോട്ടം അനിവാര്യമാണ്. വർക്ക് ഷീറ്റുകൾ അവതരിപ്പിക്കുമ്പോൾ ആസ്വാദ്യമാകും വിധം സ്വന്തമായ രീതികളും സ്വീകരിക്കാം. ഭാവനയുടെ ലോകത്തേക്ക് കടത്തിവിടുന്ന ചില സാധ്യതകൾ ഇവിടെ പ്രയോജനപ്പെടുത്തുന്നുണ്ട്. 'അമ്മച്ചെടികളെ തൊടീക്കൂ" എന്ന പ്രവർത്തന കാർഡ് അധ്യാപകർക്ക് സ്വതന്ത്രമായി ഉപയോഗിക്കുന്നതിനുള്ളതാണ്. മുൻ പ്രവർത്തനങ്ങളുടെ ധാരണകളുടെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ വികസിപ്പിക്കാവുന്നതാണ്.

## പ്രവർത്തനക്രമം

1. ആഖ്യാനം
   ↓
2. വർക്ക്ഷീറ്റ് 9.1 'വരയ്ക്കാം നിറം കൊടുക്കാം'
   ↓
3. സ്വതന്ത്രമായി പൂക്കൾ, പൂന്തോട്ടം എന്നിവ വരയ്ക്കൽ, മനോഹരമാക്കൽ (കൊളാഷ്, മണൽ, അറക്കപ്പൊടി, ക്രയോൺ, ചായം തുടങ്ങിയവ ഉപയോഗിക്കാം.)
   ↓
4. ആഖ്യാനം
   ↓
5. സ്വന്തം പൂന്തോട്ടത്തെക്കുറിച്ച് പറയൽ (വീട്ടിൽ വളർത്തുന്ന ചെടികൾ)
   ↓
6. പൂക്കൾ തിരിച്ചറിയൽ. വർക്ക്ഷീറ്റ്-9.2 "അമ്മച്ചെടികളെ തൊടീക്കൂ" നൽകൽ
   ↓
7. വർക്ക്ഷീറ്റ് 9.3 "നിറം നൽകാം കൂട്ടങ്ങൾ കണ്ടെത്താം."
   ↓
8. പ്രകൃതി നടത്തം
   ↓
9. കണ്ടകാര്യങ്ങൾ പറയൽ
   ↓
10. ശേഖരിച്ച പൂക്കളെ മണമുള്ളത്, ഇല്ലാത്തത്, മിനുസമുള്ളത്, പരുപരുത്തത് എന്നിങ്ങനെ തരം തിരിക്കുന്നു.
   ↓
11. വർക്ക്ഷീറ്റ് 9.4 'ചങ്ങാതിയെ കണ്ടെത്താം' നൽകൽ.
   ↓
12. മേനിപറച്ചിൽ
   ↓
13. വർക്ക്ഷീറ്റ് 9.5 "നിറം കൊടുക്കാം മേനിപറയാം" നൽകൽ
   ↓
14. തരംതിരിക്കൽ
   ↓
15. മണൽത്തടത്തിൽ പൂക്കൾ കുത്തി അലങ്കരിക്കൽ
   ↓

16. ഫ്ളവർ ബെയ്സിൽ പൂക്കൾ ക്രമീകരിക്കൽ
↓
17. മാലകോർക്കൽ വർക്ക്ഷീറ്റ് 9.6 "പൂവുണ്ടാക്കാം" നൽകൽ
↓
18. പൂന്തോട്ട പരിപാലനം
↓
19. വർക്ക്ഷീറ്റ് 9.7 'ചിത്രം പൂർത്തിയാക്കാം' നൽകൽ.

## വർക്ക്ഷീറ്റ് - 9.1 വരയ്ക്കാം,നിറം കൊടുക്കാം

**വികാസ മേഖലകൾ** : • വൈജ്ഞാനിക വികാസം
• സർഗാത്മക-സൗന്ദര്യാത്മക വികാസം

**ശേഷികൾ** : 1. പ്രകൃതിയെ ആസ്വദിക്കാനും ചിത്രത്തിലൂടെ പ്രകടിപ്പിക്കാനും നിറം നൽകാനും കഴിയുന്നു (80).
2. ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു (46).

**ആശയങ്ങൾ** : • പൂക്കളുണ്ടാകുന്ന ചെടികളുണ്ട്.
• പൂക്കൾ പല നിറത്തിലുണ്ട്.
• പൂക്കളിൽ വണ്ടും പൂമ്പാറ്റയും തേനീച്ചയും തേൻ കുടിക്കാൻ വരുന്നു.

**സാമഗ്രികൾ** : ക്രയോൺസ്

**സന്ദർഭം** : പൂന്തോട്ടം,പൂമ്പാറ്റ എന്നിവയെക്കുറിച്ചുള്ള പാട്ടുകൾ അവതരിപ്പിക്കുന്നു.

**പ്രക്രിയ**

• ആഖ്യാനം : "അനൂ.....അനൂ...അനൂ"
അനു കണ്ണു തുറന്നു. "ആരാ വിളിച്ചത്? ആഹാ! നീയായിരുന്നോ?" അവളെ തൊട്ടുരുമ്മി ഒരു പുള്ളിപ്പൂമ്പാറ്റ പറന്നുപോയി.

"ഹേയ്! പൂമ്പാറ്റേ, ഒന്നു നിൽക്കൂ!"അവൾ പിന്നാലെ ഓടി. പൂമ്പാറ്റ പറന്ന് പറന്ന് പൂന്തോട്ടത്തിലെത്തി. അത് ചെമ്പരത്തിപ്പൂവിലിരുന്നു. അവൾ പതിയെ, പതിയെ, പമ്മിപ്പമ്മി ചെന്നു. കൈകൾ നീട്ടി (അഭിനയം) തൊട്ടു തൊട്ടില്ല. പൂമ്പാറ്റ ഒറ്റപ്പറക്കൽ. ഒത്തിരി പൂമ്പാറ്റകൾ, ഒന്നിനെയെങ്കിലും പിടിക്കണം. പൂമ്പാറ്റകൾ അനുവിനെ കണ്ട് ഉയർന്നു പറന്ന്, താഴ്ന്ന് വട്ടംചുറ്റി അവളുടെ അടുത്തെത്തി. വീണ്ടും പറന്ന് ഓരോരോ പൂവിൽ ചെന്നിരിക്കും. അവൾ വീണ്ടും പതിയെ പതിയെ, പമ്മി പമ്മി ചെന്നു. മെല്ലെ കൈകൾ നീട്ടി (അഭിനയം) പൂമ്പാറ്റ ഒറ്റപ്പറക്കൽ.

ഈ പൂവുണ്ടായിട്ടല്ലേ, നിനക്ക് അഹങ്കാരം. അവൾ പൂമ്പാറ്റയോട് ദേഷ്യപ്പെട്ടു. അവൾ പൂപറിക്കാൻ കൂട്ടുകാരെ വിളിച്ചു.

"പൂപറിക്കാൻ പോരുമോ...പോരുമോ അതിരാവിലേ"

ആരും വന്നില്ല. അനു പൂക്കൾ പറിക്കാനായി മുല്ലയുടെ അടുത്തെത്തി. മുല്ലവള്ളി പെട്ടെന്ന് വളർന്ന് പടർന്ന് പേരയിൽ ചുറ്റിച്ചുറ്റി കയറി. അവൾ റോസയുടെ അടുത്തെത്തി. റോസയും പെട്ടെന്ന് വളർന്ന് വളർന്ന് അവളേക്കാൾ ഉയരത്തിൽ പൂവിനെ നിറുത്തി.

മരക്കൊമ്പിലിരുന്ന് മൈന ഇതെല്ലാം കാണുന്നുണ്ടായിരുന്നു.

“അനൂ...നിന്നെ ആരെങ്കിലും പിടിച്ചു കെട്ടിയി ട്ടാൽ നിനക്കിഷ്ടമാകുമോ?” ഇല്ല. “പിന്നെ ന്തിനാ നീ പൂമ്പാറ്റയെ പിടിക്കാൻ പോയത്?” അതിനു വിഷമമാകില്ലേ.

“പൂക്കൾ പറിച്ചാൽ പൂന്തോട്ടത്തിന്റെ ചന്തം പോകില്ലേ!” ശരിയാണല്ലോ! അനു ആലോചി ച്ചു. അവൾ കൈ കൊട്ടി പൂമ്പാറ്റയെ വിളിച്ചു.

“പുള്ളിയുടുപ്പിട്ട പൂമ്പാറ്റേ.<br>
പൂന്തേനുണ്ണാൻ വരുമോ നീ<br>
തുള്ളിപ്പറക്കണതെങ്ങോട്ടാ<br>
ഓടിയൊളിക്കണതെങ്ങോട്ടാ<br>
ഓടിയൊളിക്കണതെങ്ങോട്ടാ”.

പൂമ്പാറ്റകളെല്ലാം പറന്നു വന്നു. ചെടികളെല്ലാം ചില്ലകൾ ചായ്ച്ച് അവളുടെ അടുത്തേയ്ക്ക് വന്ന് അവളെ തൊട്ടു തലോടി. എന്ത് മനോഹരമായ പൂന്തോട്ടം! അനുവും പൂമ്പാറ്റകളും പൂക്കളും ചേർന്നുപാടി നമുക്കും ചേർന്ന് പാടിയാലോ!

“പൂക്കൾ ഞങ്ങൾ പൂക്കൾ<br>
ഞങ്ങൾ റോസാ പൂക്കൾ<br>
ചുവന്ന റോസാ പൂക്കൾ<br>
പൂക്കൾ ഞങ്ങൾ പൂക്കൾ”<br>
പൂക്കൾ ഞങ്ങൾ പൂക്കൾ<br>
നല്ല നല്ല പൂക്കൾ<br>
പല നിറത്തിൽ<br>
പല തരത്തിൽ<br>
നറു മണത്തിൽ പൂക്കൾ<br>
.......................................<br>
.......................................<br>
വരികൾ കൂട്ടിച്ചേർത്ത് പാടാം

അനുവിന്റെ പൂന്തോട്ടം നിങ്ങൾക്ക് കാണണ്ടേ?

വർക്ക്ഷീറ്റ് 9.1 “വരയ്ക്കാം, നിറം കൊടുക്കാം” നൽകുന്നു

* ചിത്രത്തിൽ എന്തൊക്കെ? സ്വതന്ത്രപ്രതി കരണം

• ചിത്രവായന
* “ഒരു അമ്മച്ചെടിയെന്താ വിഷമിച്ചു നിൽക്കു ന്നത്? പൂവില്ലാത്തതുകൊണ്ടാ
* പൂവ് വരച്ചു ചേർക്കാമോ?
* പൂക്കൾക്ക് നിറം കൊടുക്കണ്ടേ?
* ഇലകൾക്കോ?
* പൂമ്പാറ്റയ്ക്കോ?

• നിറംനൽകൽ
- നിറം നൽകുന്നു
- ഓരോ പൂമ്പാറ്റയ്ക്കും ഓരോ പൂവിലിരി ക്കണം. എന്താ ചെയ്യ്ക?

• ചർച്ച
- ഓരോ പൂവിനും ഓരോ പൂമ്പാറ്റയെ വേണം എന്താ ചെയ്ക?
- ചങ്ങാതിയെ വരച്ച് ചേർക്കൂ.
- എത്ര തുമ്പികളുണ്ട്?
- പൂമ്പാറ്റകളുടെ എണ്ണത്തിന് തുല്യമാകാൻ എത്ര തുമ്പികൾ കൂടി വേണം? (ഒന്നിനൊന്ന് പൊരുത്തപ്പെടുത്തണം)
- പൂമ്പാറ്റയ്ക്ക് ചങ്ങാതിയെ വരച്ചു ചേർക്കൂ.
- പൂർത്തിയാക്കിയ വർക്ക് ഷീറ്റുകൾ പ്രദർശി പ്പിക്കുന്നു. കുട്ടികൾക്ക് കാണാൻ അവസരം നൽകുന്നു.

## വിലയിരുത്തൽ :

- ഗണിതപ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നു.
- ഭംഗിയായി നിറം നൽകിയിട്ടുണ്ട്.
- ചിത്രം വരച്ച് ചേർക്കാൻ കഴിയുന്നുണ്ട് (പൂവ്, തുമ്പി).

## വർക്ക്ഷീറ്റ് - 9.3 നിറം നൽകാം, കൂട്ടങ്ങൾ കണ്ടെത്താം.

**വികാസ മേഖല** : • വൈജ്ഞാനിക വികാസം

**ശേഷി** : വസ്തുക്കളെ താരതമ്യം ചെയ്യാൻ ഗണിത ഭാഷ ഉപയോഗിക്കുന്നു (39).

**ആശയങ്ങൾ** :
- പൂക്കൾ പല നിറത്തിലുണ്ട്.
- അലങ്കാരത്തിന് പൂക്കൾ ഉപയോഗിക്കുന്നു.

**സാമഗ്രികൾ** : ക്രയോൺസ്.

**സന്ദർഭം** : ടീച്ചർ പ്രദർശിപ്പിച്ച പൂക്കൾ കൂട്ടങ്ങളാക്കട്ടെ. വലിയ കൂട്ടവും ചെറിയ കൂട്ടവും കുട്ടികൾ കണ്ടെത്തണം.

**പ്രക്രിയ** :

• ആഖ്യാനം : അനുവിന്റെ പിറന്നാളാണിന്ന്. എന്താ കൊടുക്കുക? ആമി ആലോചിച്ചു. അവൾക്കേറ്റവും. ഇഷ്ടം പൂക്കളണാല്ലോ. ആമി പൂന്തോട്ടത്തിൽ നിന്നും പൂക്കൾ പറിച്ചു. അമ്മേ എനിക്കൊരു ബൊക്കെ ഉണ്ടാക്കിത്തരുമോ? അനുവിനുള്ള പിറന്നാൾ സമ്മാനമാണ്. അമ്മ രണ്ട് ബൊക്കെയുണ്ടാക്കി ഒന്ന് ആമിക്കും ഒന്ന് അനുവിനും. ബാക്കിയുള്ള പൂക്കൾ കൊണ്ട് രണ്ട് മാലയും കോർത്തു. ആമിയുടെ അമ്മ ഉണ്ടാക്കിയ ബൊക്കെയും മാലയും നോക്കൂ!

വർക്ക്ഷീറ്റ് 9.3 "നിറം നൽകാം കൂട്ടങ്ങൾ കണ്ടെത്താം നൽകുന്നു.-

• ചിത്രവായന
- ചിത്രത്തിൽ എന്തെല്ലാം?
- കൂടുതൽ പൂക്കളുള്ള ബൊക്കെ ഏത്?

• നിറം നൽകൽ
- കൂടുതൽ പൂക്കളുള്ള ബൊക്കെയിലെ പൂക്കൾക്ക് മഞ്ഞ നിറവും ഇലകൾക്ക് പച്ചനിറവും നൽകൂ.
- കൂടുതൽ പൂവുള്ള മാലയ്ക്ക് നിറം നൽകൂ! പൂർത്തിയാക്കിയ വർക്ക്ഷീറ്റുകൾ പ്രദർശിപ്പിക്കുന്നു.

• പാട്ട്
- ടീച്ചർ പാട്ട് അവതരിപ്പിക്കുന്നു. കുട്ടികൾ ഏറ്റു പാടുന്നു.

മാല നല്ല മാല<br>
ഞങ്ങൾ കോർത്ത മാല<br>
എന്തു നല്ല മാല<br>
ചന്തമുള്ള മാല

- വർക്ക്ഷീറ്റിൽ കൂടുതൽ പൂക്കളുള്ള മാല കണ്ടെത്തൂ
- കൂടുതൽ പൂക്കളുള്ള വലിയ കൂട്ടം കണ്ടെത്തി മാലയ്ക്ക് നിറം നൽകൂ.

## വിലയിരുത്തൽ :

- വലിയകൂട്ടം കണ്ടെത്താൻ സാധിച്ചിട്ടുണ്ട്.
- പൂക്കൾ കൊണ്ട് നിർമ്മിക്കുന്ന അലങ്കാര വസ്തുക്കൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

## വർക്ക്ഷീറ്റ് - 9.4 ചങ്ങാതിയെ കണ്ടെത്താം

**വികാസ മേഖല** : വൈജ്ഞാനിക വികാസം

**ശേഷി** : നിറം, ആകൃതി, വലുപ്പം തുടങ്ങി ഒന്നിലേറെ മാനദണ്ഡങ്ങൾ പരിഗണിച്ച് വസ്തുക്കളെ തരംതിരിച്ച് ക്രമീകരിക്കാൻ കഴിയുന്നു (41) .

**ആശയങ്ങൾ** :
- പൂക്കൾ പല നിറത്തിലുണ്ട്.
- മണമുള്ള പൂക്കളും മണമില്ലാത്ത പൂക്കളും ഉണ്ട്.

**സാമഗ്രികൾ** : ക്രയോൺസ്

**സന്ദർഭം** :
- ക്ലാസ്സിൽ പൂക്കൾ കൊണ്ടുവരുന്നു.
- ഒരേ പോലെയുള്ളവ തരം തിരിക്കൽ
- ഇതളുകൾ, നിറം നോക്കി പറയൽ
- മണത്തു പറയൽ (മണമുണ്ട്/ഇല്ല)

'കളിപ്പാട്ടം' പേജ് 206 ലെ പാട്ടുകൾ അവതരിപ്പിക്കുന്നു.

* വെളുത്തപൂവേ മുല്ലപ്പൂ...

* മണമുണ്ടേ... മണമുണ്ടേ....

**പ്രക്രിയ**

- **പ്രകൃതി നടത്തം** നമുക്കിന്ന് സ്കൂളിലെ പൂന്തോട്ടത്തിലേയ്ക്ക് പോയാലോ ടീച്ചറും കുട്ടികളുമായി പ്രകൃതി നടത്തം.
  - ചെടികൾ, പൂക്കൾ, ജീവികൾ തുടങ്ങിയവ നിരീക്ഷിക്കുന്നു.
  - അവർക്കിഷ്ടപ്പെട്ടവ ശേഖരിക്കുന്നു.
  - ക്ലാസിൽ തിരികെ വന്ന് കണ്ടകാര്യങ്ങൾ പറയുന്നു.
  - ശേഖരിച്ച പൂക്കളെ ഒരേ പോലെയുള്ളവ തരം തിരിക്കൽ
  - തരംതിരിച്ചതിന്റെ അടിസ്ഥാനത്തിൽ പറയൽ
- വർക്ക്ഷീറ്റ് 9.4 "ചങ്ങാതിയെ കണ്ടെത്താം" നൽകുന്നു.
  - ആകൃതി നോക്കി നിഴൽച്ചിത്രം കണ്ടെത്തുന്നു.
  - യോജിപ്പിച്ചു വരയ്ക്കുന്നു.
  - പൂവിന്റെ നിറം തിരിച്ചറിയുന്നു. അതേ നിറം നിഴൽച്ചിത്രത്തിന് നൽകുന്നു.

## വിലയിരുത്തൽ :

- നിഴൽച്ചിത്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്
- ശരിയായ നിറം കൊടുത്തിട്ടുണ്ട്

## വർക്ക്ഷീറ്റ് - 9.5 നിറം കൊടുക്കാം, മേനിപറയാം

**വികാസ മേഖലകൾ** :
- ശാരീരിക ചാലക വികാസം
- ഭാഷാവികാസം
- സർഗ്ഗാത്മക-സൗന്ദര്യാത്മക വികാസം

**ശേഷികൾ** :
1. കടലാസ്, തുണി തുടങ്ങിയവ മടക്കാനും മുറിക്കാനും ഒട്ടിക്കാനും കഴിയുന്നു (6).
2. കത്രിക ഉപയോഗിച്ച് മുറിക്കാൻ കഴിയുന്നുണ്ട്. (7).

**ആശയങ്ങൾ** :
- പല നിറത്തിലുള്ള പൂവുകളുണ്ട്
- അലങ്കാരത്തിന് പൂക്കൾ ഉപയോഗിക്കുന്നു

**സാമഗ്രികൾ** : സൂര്യകാന്തിപ്പൂവിന്റെ ചിത്രത്തിന്റെ ഫോട്ടോ കോപ്പികൾ, കത്രിക, ക്രയോൺസ്, ഡിസ്പ്ലേ ബോർഡ്

**സന്ദർഭം** : ടീച്ചർ ഒരു താമരപ്പൂവിന്റെ കട്ടൗട്ട് കാണിച്ച് മേനിപയുന്നു.

**പ്രക്രിയ**

- മേനിപറച്ചിൽ : – ടീച്ചർ ഒരു താമരപ്പൂവിന്റെ കട്ടൗട്ട് കാണിക്കുന്നു. മേനി പറയുന്നു.

  "എന്റെ നിറം ചുവപ്പാണ്
  ഞാൻ വലുതാണ്
  ഒരുപാട് ഇതളുകളുണ്ട്
  വെള്ളത്തിലാണ് വളരുന്നത്
  പറയൂ പറയൂ ഞാനാര്?"

  – മറ്റു പൂക്കളുടെ മേനി പറയുന്നു.

- വർക്ക് ഷീറ്റ് 9.5 "നിറം കൊടുക്കാം മേനി പറയാം." നൽകുന്നു.
  - സൂര്യകാന്തിപ്പൂവിന്റെ നിറമുള്ള ചിത്രം കാണിക്കുന്നു.
  - സൂര്യകാന്തിപ്പൂവിന്റെ മേനി പറയുന്നു.
  - സൂര്യകാന്തിക്ക് നിറം നൽകുന്നു. (ചിത്രം വെട്ടി ചെയ്യേണ്ട പ്രവർത്തനമായതിനാൽ ഫോട്ടോ കോപ്പി കുട്ടികൾക്ക് നൽകി പ്രവർത്തനം ചെയ്യേണ്ടതാണ്)
  - ചിത്രം കത്രികകൊണ്ട് മുറിക്കുന്നു.
  - ചിത്രങ്ങൾ ഡിസ്പ്ലെ ബോർഡിൽ/ചുമരിൽ ഒട്ടിക്കുന്നു. ചുമരിൽ പൂന്തോട്ടം (വാൾ ഗാർഡൻ) നിർമിക്കുന്നു.

## വിലയിരുത്തൽ :

- ഭംഗിയായി നിറം നൽകിയിട്ടുണ്ട്
- പൂവിനെക്കുറിച്ച് പറയാൻ കഴിയുന്നുണ്ട്
- കത്രിക കൊണ്ട് മുറിച്ചെടുക്കാൻ കഴിയുന്നുണ്ട്.

## വർക്ക്ഷീറ്റ് - 9.6 പൂവുണ്ടാക്കാം

**വികാസ മേഖല** :
- ശാരീരിക ചാലക വികാസം.
- സാമൂഹിക വൈകാരിക വികാസം.
- സർഗാത്മക-സൗന്ദര്യാത്മക വികാസം.

**ശേഷികൾ** :
1. കടലാസ് മുറിക്കാനും ഒട്ടിക്കാനും കഴിയുന്നു (6)
2. കത്രിക ഉപയോഗിച്ച് മുറിക്കാൻ കഴിയുന്നു (7)
3. നിർമാണപ്രവർത്തനങ്ങളിൽ ഒറ്റയ്ക്കും സംഘമായും മുതിർന്നവരോട് ചേർന്നും സഹകരണ മനോഭാവത്തോടെ, നേതൃത്വപരമായ പങ്ക് ഏറ്റെടുത്തുകൊണ്ട് പ്രവർത്തിക്കാൻ കഴിയുന്നു (52)
4. വസ്തുക്കളെ താരതമ്യം ചെയ്യുന്നതിന് ഗണിതഭാഷ ഉപയോഗിക്കാൻ കഴിയുന്നു (39)

**ആശയം** :
- പൂക്കൾ പല നിറത്തിലുണ്ട്.

**സാമഗ്രികൾ** :
- അലങ്കാരത്തിന് പൂക്കൾ ഉപയോഗിക്കുന്നു വർക്ക്ഷീറ്റിന്റെ ഫോട്ടോകോപ്പി, കത്രിക, പശ, ക്രയോൺസ്

**സന്ദർഭം** : പൂക്കളുടെ ഉപയോഗങ്ങളിൽ പ്രധാനമാണ് അലങ്കാര വസ്തുക്കളുടെ നിർമ്മാണം. മാല, ബൊക്ക, പൂക്കൂട (ഫ്ളവർവേസ്), ഒരുക്കൽ, ചർച്ച

പ്രക്രിയ

• **അലങ്കരിക്കൽ** : ഇന്ന് നമുക്ക് പൂക്കൾ കൊണ്ട് ക്ലാസ് മുറി അലങ്കരിച്ചാലോ

വർക്ക്ഷീറ്റ് 9.6 "പൂവുണ്ടാക്കാം" നൽകുന്നു.

• **ചിത്രവായന**
- എല്ലാ പൂക്കൾക്കും ഒരേ വലുപ്പമാണോ?
- നിറമില്ലാത്ത എത്ര പൂക്കൾ ഉണ്ട്?
- എത്ര ഇലകളുണ്ട്?

• **നിറം നൽകൽ**
• പൂക്കൾ, ഇലകൾ എന്നിവയ്ക്ക് വ്യത്യസ്ത നിറം നൽകുന്നു.
- (തുടർന്നുള്ള പ്രവർത്തനം കത്രിക ഉപയോഗിച്ച് മുറിക്കാനും ഒട്ടിക്കാനും ഉള്ളതിനാൽ വർക്ക്ഷീറ്റിന്റെ ഫോട്ടോ കോപ്പി നൽകേണ്ടതാണ്.)
- ചിത്രങ്ങൾ കത്രിക കൊണ്ട് മുറിക്കുന്നു.
- മാതൃക നോക്കി, ഏറ്റവും താഴെ പൂവ് വരുന്ന വിധത്തിൽ വലുതിൽ നിന്നും ചെറുതിലേക്ക് അടുക്കായി ക്രമീകരിച്ച് ഒട്ടിക്കുന്നു.
- ഏറ്റവും അടിയിൽ ഇലകൾ ഒട്ടിക്കുന്നു.
- സ്വന്തം പൂവിനെക്കുറിച്ച് മേനി പറയൽ
- നിർമിച്ച പൂക്കളുടെ പ്രദർശനം

**ടീച്ചർക്ക്** : നിർമാണത്തിനിടയിൽ അടിയിൽ, താഴെ, നടുവിൽ, മുകളിൽ തുടങ്ങിയ പദങ്ങൾ ബോധപൂർവം പ്രയോഗിക്കണം.

## വിലയിരുത്തൽ :

- ഭംഗിയായി നിറം കൊടുത്തിട്ടുണ്ട്.
- കൃത്യമായി കത്രിക കൊണ്ട് മുറിച്ചെടുത്തിട്ടുണ്ട്
- ഒട്ടിച്ച് പൂവുണ്ടാക്കാൻ സാധിക്കുന്നുണ്ട്
- നിർമാണപ്രവർത്തനത്തിലെ സഹകരണം,നേതൃത്വപരമായ പങ്കാളിത്തം

## വർക്ക്ഷീറ്റ് - 9.7 ചിത്രം പൂർത്തിയാക്കാം.

**വികാസ മേഖല** : ശാരീരിക ചാലക വികാസം

**ശേഷി** : കടലാസ്, തുണി (പഞ്ഞി) മടക്കാനും മുറിക്കാനും ഒട്ടിക്കാനും കഴിയുന്നു. (*6*)

**ആശയം** : പൂക്കളിൽ പൂമ്പാറ്റയും വണ്ടും തേനീച്ചയും തേൻ കുടിക്കാൻ വരുന്നു.

**സാമഗ്രികൾ** : നിറം നൽകിയ പഞ്ഞി, പെൻസിൽ സ്ക്രാപ്, തുണിക്കഷണങ്ങൾ, കടലാസ്

**സന്ദർഭം** - പൂന്തോട്ടത്തിൽ എന്തെല്ലാം? ചർച്ച

**പ്രക്രിയ**

• കഥ
- ചന്തമുള്ളൊരു പൂന്തോട്ടം (കളിപ്പാട്ടം പേജ് 206)
- പൂന്തോട്ടവുമായി ബന്ധപ്പെട്ട കഥ സാൻഡ്ട്രേയുടെ സഹായത്തോടെ/ബിഗ് പിക്ചറിന്റെ സഹായത്തോടെയോ അവതരിപ്പിക്കുന്നു.

• കളി
- പൂക്കളുടെ പേര് പറയൽ കളി
  • വട്ടത്തിൽ നിൽക്കുന്നു
  • ഓരോരുത്തരായി പൂവിന്റെ പേര് പറയണം
  • പേര് പറയാൻ കഴിയാത്തവർ ഇരിക്കണം

പാട്ട് പാടൽ - പാട്ട് ഒരുമിച്ചു പാടുന്നു

'മുറ്റത്തുണ്ടൊരു പൂന്തോട്ടം
ചന്തമുള്ളൊരു പൂന്തോട്ടം (കളിപ്പാട്ടം പേജ് 206)

വർക്ക് ഷീറ്റ് 9.7 'ചിത്രം പൂർത്തിയാക്കാം' നൽകുന്നു.

- നിറം നൽകിയ പഞ്ഞി, പെൻസിൽ സ്ക്രാപ്പ്, തുണിക്കഷണങ്ങൾ, കടലാസ് എന്നിവ മുറിച്ചൊട്ടിച്ച് പൂന്തോട്ടം മനോഹരമാക്കൽ
- ഓരോരുത്തരും സ്വന്തം പൂന്തോട്ടത്തെക്കുറിച്ച് പറയുന്നു.
- എല്ലാവരുടെയും ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. ആസ്വദിക്കുന്നു.

## വിലയിരുത്തൽ :

- കളത്തിനുള്ളിൽ മാത്രം ഒട്ടിച്ചിട്ടുണ്ട്.
- നിറം കൊടുത്തിട്ടുണ്ട്
- സ്വന്തം ചിത്രത്തെക്കുറിച്ച് നിസ്സങ്കോചം പറയാൻ കഴിയുന്നു.

# തീം 10 ഓണം, റംസാൻ

എല്ലാ വികാസ മേഖലകൾക്കും പരിഗണന ലഭിച്ചു എന്ന് ഉറപ്പാക്കണം. അധ്യാപികയ്ക്ക് അനുയോജ്യമായ കൂട്ടിച്ചേർക്കലുകളും മെച്ചപ്പെടുത്തലുകളും നടത്താവുന്നതാണ്.

## പ്രവർത്തനക്രമം

1. ആഖ്യാനം + വർക്ക്ഷീറ്റ് 10.1 'നിറം നൽകാം പറയാം' നൽകൽ
↓
2. സ്വതന്ത്രകളികൾ
↓
3. അലങ്കരിക്കൽ, നിർദേശങ്ങൾ നൽകൽ
↓
4. പൂന്തോട്ടമൊരുക്കൽ
↓
5. വർക്ക്ഷീറ്റ്-10.2 'പൂക്കളത്തിന് നിറം' നൽകൽ
↓
6. പിറന്നാൾ ആഘോഷം-അനുഭവം പങ്കിടൽ
↓
7. കളികളിൽ ഏർപ്പെടൽ
↓
8. അനുഭവങ്ങൾ പങ്കിടൽ (റംസാൻ)+വർക്ഷീറ്റ് 10.3 'നിറം നൽകാം, പറയാം' നൽകൽ
↓
9. മൈലാഞ്ചിയിടൽ
↓
10. ആഹാരപ്പാട്ട് വർക്ക്ഷീറ്റ് 10.4 'ഓണ സദ്യ' നൽകൽ

## വർക്ക്ഷീറ്റ് - 10.1 നിറം നൽകാം പറയാം

**വികാസ മേഖല** :
- ശാരീരിക ചാലക വികാസം
- സർഗ്ഗാത്മക വികാസം

**ശേഷികൾ** :
1. സ്വതന്ത്രമായി ചിത്രങ്ങൾ വരച്ച് നിറം നൽകാൻ കഴിയുന്നു. (5)
2. പ്രകൃതിയെ ആസ്വദിക്കാനും ചിത്രത്തിലൂടെ പ്രകടിപ്പിക്കാനും നിറം നൽകാനും കഴിയുന്നു (79)

**ആശയങ്ങൾ** :
- ഓണം, പെരുന്നാൾ തുടങ്ങി പലതരം ആഘോഷങ്ങളുണ്ട്.
- ഓരോന്നിനും അതിന്റേതായ പ്രത്യേകതകൾ ഉണ്ട്.

**സാമഗ്രികൾ** : ക്രയോൺസ്

**സന്ദർഭം** : ഓണവുമായി ബന്ധപ്പെട്ട അനുഭവം പറയൽ. ക്ലാസിൽ പൂക്കളം നിർമിക്കൽ.

**പ്രക്രിയ**

- ആഖ്യാനം : സുജീവ് ചെടികൾ നട്ടു. വെള്ളമൊഴിച്ചു. ചെടികൾ വളർന്നു. പക്ഷേ പൂവിടുന്നില്ല. ഓരോ ദിവസവും ചെന്നു നോക്കും ഒരു ചെടിയും പൂക്കുന്നില്ല. 'നാളെ നീ പൂക്കണേ' അവൻ ഓരോ ചെടിയുടെ അടുത്തും ചെന്ന് രഹസ്യമായി പറയും. ചെടികൾ തലയാട്ടും. പക്ഷേ പിറ്റേ ദിവസം ചെല്ലുമ്പോൾ എല്ലാം പഴയതുപോലെ. ഒരു

ദിവസം അവൻ ജനാലയിലൂടെ നോക്കിയപ്പോൾ ഒരാൾ ചെടികൾക്കിടയിൽ നിൽക്കുന്നു. വിശേഷപ്പെട്ടതരം കുടയും ചൂടിയാണ് നിൽപ്പ്. കുടനിറയെ പലവിധ നിറങ്ങൾ. സുജീവ് സൂക്ഷിച്ചു നോക്കി. നിറങ്ങൾ അനങ്ങുന്നുണ്ട്. ഒന്നു കൂടി സൂക്ഷിച്ചു നോക്കി. അതെല്ലാം പൂമ്പാറ്റകളാണ്. പൂമ്പാറ്റക്കൂട! ആ കുടക്കാരൻ ഓരോ ചെടിയുടെയും അടുത്തു ചെന്ന് ചെടികളെ തൊട്ടു തലോടി. അത്ഭുതം! അപ്പോൾ ചെടികൾ പൂക്കാൻ തുടങ്ങി. എല്ലാ ചെടികളും പൂക്കൾ കൊണ്ടു നിറഞ്ഞു. പൂമ്പാറ്റകൾ കുടയിൽ നിന്നും പൂക്കളിലേക്ക് പറന്നു. അതൊരു ഓലക്കുടയാണെന്ന് അപ്പോഴാണ് അവന് മനസിലായത്. “ആരാ അത്?” സുജീവ് തത്തമ്മയോടു തിരക്കി തത്തമ്മ ഒരുപാട്ടുപാടി.

ഓണം വന്നോണം വന്നോണം വന്നേ
മാവേലി വന്നപ്പോൾ ഓണം വന്നേ
പൂക്കൾ വിരിഞ്ഞൂ, തുമ്പികൾ പാറീ
പൂക്കളം തീർക്കാം, ആർപ്പു വിളിക്കാം
കൂട്ടുകാരെല്ലാരും ഓടിവായോ'

(താളമിട്ട് ഏറ്റുപാടുന്നു)

“ആരാ അതെന്ന് ഇപ്പോൾ മനസിലായോ?”

പൂന്തോട്ടത്തിൽ മാവേലി നിൽക്കുന്ന ചിത്രം വർക്ക്ഷീറ്റ്-10.1 'നിറം നൽകാം പറയാം' നൽകുന്നു.

- പൂപ്പാട്ട്
  - തുടർന്ന് പൂപ്പാട്ട് പാടുന്നു.
  - ചിത്രത്തിൽ കാണുന്നതുപറയുന്നു.
  - നിർദ്ദേശാനുസരണം പൂക്കൾക്ക് നിറം നൽകുന്നു.
  - പരസ്പരം വിലയിരുത്തുന്നു.
  - ചിത്രത്തിൽ എന്തൊക്കെയെന്ന് പറയാൻ അവസരം നൽകുന്നു.
  - ഇടത് വശത്തെ മുകളിലുള്ള പൂവിന്റെ നിറം എന്താണ്?
  - അതേപോലുള്ള പൂവ് ചിത്രത്തിൽ എവിടെയെന്ന് കണ്ടെത്തൂ.
  - അതിന് അതേ നിറം (നീല) നൽകണം.
  - ഇതേ രീതിയിൽ മറ്റു പൂക്കളും കണ്ടെത്തി യോജിച്ച നിറം നൽകുന്നു.
  - ഇലകൾക്ക് യോജിച്ച നിറം നൽകുന്നു.
  - ബാക്കിയുള്ള ചിത്രങ്ങൾക്ക് അനുയോജ്യമായ നിറം നൽകി ഭംഗിയാക്കുന്നു.

### വിലയിരുത്തൽ :

- നിർദ്ദേശാനുസരണം നിറം നൽകിയിട്ടുണ്ട്.
- നിറം നൽകിയതിലെ മികവ്.

## വർക്ക്ഷീറ്റ് - 10.2 പൂക്കളത്തിന് നിറം നൽകാം

| | | |
|---|---|---|
| **വികാസ മേഖലകൾ** | : | വൈജ്ഞാനിക വികാസം |
| **ശേഷി** | : | ഗണിത പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നു (46). |
| **ആശയങ്ങൾ** | : | • ഓണം, പെരുന്നാൾ തുടങ്ങി പലതരം ആഘോഷങ്ങളുണ്ട്.<br>• ഓരോന്നിനും അതിന്റേതായ പ്രത്യേകതകൾ ഉണ്ട്. |
| **സാമഗ്രികൾ** | : | കടലാസ് പൊട്ട് |

**സന്ദർഭം** : ആഘോഷങ്ങളുമായി (ഓണം) ബന്ധപ്പെട്ട കഥ കേൾപ്പിക്കുന്നു.

**പ്രക്രിയ**

• ആഖ്യാനം : കുഞ്ഞുമോളൂന് നല്ല പനി. തൊട്ടാൽ പൊള്ളുന്ന ചൂട്.

അവൾ കിടപ്പിലാണ്. പുറത്ത് കുട്ടികളുടെ ബഹളം 'പൂ പറിക്കാൻ പോരുമോ, പോരുമോ അതിരാവി ലെ...' കുട്ടികൾ പാടികളിക്കുന്നു.

കുഞ്ഞു മോളുവിനും പൂക്കളം ഒരുക്കണം എന്ന് ആഗ്രഹമുണ്ട്. അവൾ എഴുന്നേറ്റു. വയ്യ. നല്ല ക്ഷീണം. അവൾ വീണ്ടും കിടന്നു. പാവം ഉറക്കമായി. അപ്പോൾ വാതിലിലൂടെ ഓരോരുത്തരായി വരാൻ തുടങ്ങി മുറി യിലാകെ നല്ല മണം. പൂക്കളായ പൂക്കളൊക്കെ വന്നു. (ഓരോ പൂവിന്റെയും പേരു പറയണം. റോസാപ്പൂവ് വന്നു. എന്നു പറയുമ്പോൾ 'ഹായ്! നല്ല മണം' എന്ന് ആസ്വദിച്ച് മണം പിടിച്ച് കുട്ടികൾ പറയണം.)

മേശപ്പുറത്തിരുന്ന ചോക്ക് തറയിലേക്കൊരു ചാട്ടം. അത് ഒരു വലിയ വട്ടം വരച്ചു. 'ഞാൻ നടുവിലിരി ക്കാം'. റോസാപ്പൂവ് പറഞ്ഞു. കുഞ്ഞുമോളു ഉണരു മ്പോൾ ആദ്യം എന്നെ കാണും. 'ഞാൻ അരികിലി രുന്നോളാമേ'. മുല്ലപ്പൂവ് പറഞ്ഞു. 'എന്റെ മണം ആദ്യം കിട്ടുമല്ലോ'. ചെമ്പരത്തിപ്പൂവ് മുല്ലപ്പൂവിനോടും ജമന്തിപ്പൂവിനോടും മണം കടം ചോദിച്ചു. അവരാരും കൊടുത്തില്ല. "മണമില്ലേലെന്താ നല്ല ചേലുണ്ടല്ലോ." ചെമ്പരത്തി രണ്ടാം നിരയിലിരുന്നു. "ഞാൻ വലു തല്ലേ എന്നെ വേഗം കാണും." ഓരോ പൂവും ഓരോ യിടത്ത് ഇരുന്നു. കുഞ്ഞുമോളു ഉണർന്നു. തറയി ലേക്ക് നോക്കി. 'ഹായ് എന്തുഭംഗിയുള്ള പൂക്കളം!' അപ്പോൾ ഒരു കരച്ചിൽ കേട്ടു. മുക്കൂറ്റിപ്പൂക്കളാണ്, ഇരിക്കാൻ സ്ഥലം ആരും കൊടുത്തില്ല. കുഞ്ഞു മോളു അവരെയെടുത്ത് ചുറ്റും വച്ചു. എല്ലാവർക്കും സന്തോഷമായി. കുഞ്ഞുമോളു മൊബൈലിൽ പൂക്കളത്തിന്റെ ഫോട്ടോ എടുത്തു. ഫോട്ടോ നോക്കൂ! നിറം കൊടുക്കൂ!

• വർക്ക്ഷീറ്റ് 10.2 'പൂക്കളത്തിന് നിറം നൽകാം' നൽകുന്നു.

• ചിത്ര വായന - ചിത്രത്തിൽ എന്തൊക്കെയെന്ന് പറയാൻ അവസരം നൽകുന്നു.

- പൂക്കൾക്ക് അനുയോജ്യമായ നിറം നൽകുന്നു.
- നിറം കൊടുത്ത ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു.
- ഗണിത സാധ്യത (എണ്ണം, കൂടുതൽ/കുറവ്) പ്രയോജനപ്പെടുത്തുന്നു.

## വിലയിരുത്തൽ :

- ആകർഷകമായി നിറം നൽകിയിട്ടുണ്ട്.
- റോസ, ചെമ്പരത്തി, ജമന്തി പൂവ് തുടങ്ങിയ പൂക്കളുടെ എണ്ണം പറയാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് - 10.3 നിറം നൽകാം, പറയാം.

**വികാസ മേഖലകൾ** :
- ഭാഷാവികാസം
- സർഗാത്മക-സൗന്ദര്യാത്മക വികാസം.
- വൈജ്ഞാനിക വികാസം

**ശേഷികൾ** :
1. വസ്തുക്കളുടെയും സംഭവങ്ങളുടെയും ചിത്രങ്ങൾ നിരീക്ഷിച്ച് വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴി യുന്നു (21).

2. പ്രകൃതിയെ ആസ്വദിക്കാനും ചിത്രങ്ങൾക്ക് നിറം നൽകാനും കഴിയുന്നു (79).
3. സംഖ്യകളും വസ്തുക്കളും തമ്മിൽ ബന്ധിപ്പിക്കുന്നു (44)

**ആശയം** : ഓരോ ആഘോഷങ്ങൾക്കും അതിന്റേതായ പ്രത്യേകതകളുണ്ട്.

**സാമഗ്രികൾ** : ക്രയോൺസ്, പാട്ടുകൾ

**സന്ദർഭം** : 'കളിപ്പാട്ടം' പേജ് 207 ലെ ഓണപ്പാട്ടുകൾ/ റംസാൻ പാട്ടുകൾ. ശേഷം വർക്ക് ഷീറ്റ് നൽകുന്നു.

**പ്രക്രിയ**

- ആഖ്യാനം : ആമിനയ്ക്ക് ഉമ്മ സമ്മാനപ്പൊതി നൽകി. അവൾ അതഴിച്ചു ഇതു കാതിന്, ഇത് കഴുത്തിന്, ഇത് കൈകൾക്ക് (എന്തായിരിക്കാം സമ്മാനപ്പൊതിയിൽ?)
'ഉമ്മാ....' "എന്താ മോളേ," "ഈ വളകൾ രണ്ടു കൈയിലും തുല്യമായി ഇട്ടുതരാമോ?" ഉമ്മ വളയെടുത്തു. വലതു കൈയിൽ ഇട്ടു. (എല്ലാവരും വളയിടുന്നതായി അഭിനയം) ഇടതു കൈയിൽ വളയിട്ടു. (ഇടതു വലതു ധാരണ, അഭിനയം) ഒരു വള മിച്ചം!. ആമിന വിളിച്ചു പറഞ്ഞു. രണ്ടു കൈകൾക്ക് മൂന്നുവള (ശരിയാണോ, ചിത്രം നോക്കൂ! പറഞ്ഞ് തൊട്ട് എണ്ണുന്നു) അവൾ കമ്മലെടുത്തു കാതിൽ വെച്ചു (അഭിനയം) വിളിച്ചു പറഞ്ഞു. രണ്ടു കാതിന് രണ്ടു കമ്മൽ. (ശരിയാണോ? )

വർക്ക് ഷീറ്റ് 10.3 "ആമിനയ്ക്ക് നിറം നൽകാം, പറയാം" നൽകുന്നു.

ചിത്രം നോക്കൂ-തൊട്ടെണ്ണൂ-കാതിൽ കമ്മലിടുന്നതായി അഭിനയം) മാലയെത്രയുണ്ട്? (എണ്ണിപ്പറയൂ!) അവൾ എണ്ണി. ഒരാൾക്ക് ഒരു മാല മതി. അവൾ പറഞ്ഞു. ആമിന ഒരു മാലയും ഒരു വളയും ഉമ്മയ്ക്ക് നൽകി. ഉമ്മ അവൾക്ക് ഒരു സമ്മാനം കൂടി നൽകി. എന്തായിരിക്കും? 'ചക്കര ഉമ്മ' (ഇനി ആമിനക്കുട്ടിയുടെ കുപ്പായത്തിന് നിറം നൽകാം. മൂന്നു നിറമുള്ള കുപ്പായമാണോ-നിറം നൽകുന്നു.)

## വിലയിരുത്തൽ :

- ചിത്രത്തിലെ വസ്തുക്കൾ എണ്ണിപ്പറയാൻ കഴിയുന്നുണ്ട്.
- അനുയോജ്യമായ നിറം നൽകിയിട്ടുണ്ട്.
- നിറം നൽകിയതിലെ മികവ്.

## വർക്ക്ഷീറ്റ് - 10.4 ഓണസദ്യ

**വികാസ മേഖലകൾ** :
- ഭാഷാവികാസം
- സർഗാത്മക-സൗന്ദര്യാത്മക വികാസം.

**ശേഷികൾ** :
1. വസ്തുക്കളുടെയും സംഭവങ്ങളുടെയും ചിത്രങ്ങൾ നിരീക്ഷിച്ച് വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു (21).
2. പ്രകൃതിയെ ആസ്വദിക്കാനും ചിത്രങ്ങൾക്ക് നിറം നൽകാനും കഴിയുന്നു (79).

**ആശയം** : ഓണം, പെരുന്നാൾ തുടങ്ങി പലതരം ആഘോഷങ്ങളുണ്ട്. ഓരോന്നിനും അതിന്റേതായ പ്രത്യേകതകളുണ്ട്. ചിലത് സ്കൂളിൽ ആഘോഷിക്കാറുണ്ട്.

**സാമഗ്രികൾ** : ക്രയോൺസ്, ഓണസദ്യ

**സന്ദർഭം** : ആഘോഷങ്ങളുമായി ബന്ധപ്പെട്ട അനുഭവങ്ങൾ പറയൽ.

**പ്രക്രിയ**

- **പാട്ട്** : പാട്ട് കൂട്ടമായി പാടണം

  "ഓണക്കറികൾ പലതുണ്ടേ
  പയ്യെ പയ്യെ വിളമ്പാം ഞാൻ
  പച്ചടി കിച്ചടിയച്ചാറ്
  അച്ചിങ്ങക്കറി സാമ്പാറ്
  ഓലൻ, കാളൻ, നെല്ലിക്ക
  ചേനത്തോരൻ പർപ്പിടകം
  മത്തങ്ങാക്കറിയുപ്പേരി
  പുളികൊണ്ടുള്ള പുളിശേരി
  ജിംജിം ജിംജിം പുളിയിഞ്ചി
  തൊട്ടാൽ നക്കാം ചമ്മന്തി
  ഓണക്കറികൾ പലതുണ്ടേ"

  കൊതിയോടെങ്ങനെ വരയ്ക്കും ഞാൻ?

വർക്ക് ഷീറ്റ് 10.4 'ഓണസദ്യ' നൽകുന്നു.

ഓരോ വരിപാടുമ്പോഴും ആ ഇനം ഇലയിൽ വരച്ചു ചേർക്കുന്നു. ഇല്ലെങ്കിൽ അമ്മമാരുടെ സഹകരണത്തോടെ മുൻകൂട്ടി ഇത്രയും വിഭവങ്ങൾ കരുതണം പാട്ട് പാടി ചിത്രം വരച്ച ശേഷം സദ്യ.

എല്ലാവർക്കും സദ്യയിലെ ഇനങ്ങൾ വിളമ്പുമ്പോഴും പാടി രസിക്കണം.

## വിലയിരുത്തൽ :

- സൂചനയനുസരിച്ച് നിറം നൽകാൻ കഴിഞ്ഞിട്ടുണ്ട്.
- നിറം നിൽകിയതിലെ ആകർഷകത്വം.
- ചിത്രം നിരീക്ഷിച്ച് കാര്യങ്ങൾ പറയാൻ കഴിയുന്നുണ്ട്.